ഭൂമി ഏറ്റെടുക്കൽ

സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം

പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ് വികസനം

തൃശ്ശൂർ ജില്ല

കരട് റിപ്പോർട്ട്

സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ്,
പാങ്ങോട്, തിരുമല,പി.ഒ,തിരുവനന്തപുരം,06

പദ്ധതി

ചാലക്കുടി താലൂക്കിൽ വരന്തരപ്പിള്ളി വില്ലേജിൽപ്പെട്ട പള്ളിക്കുന്ന്–ചിമ്മിനി ഡാം റോഡിന്റെ വികസനം

അർത്ഥനാധികാരി

എക്സിക്യൂട്ടീവ് എൻജിനിയർ, കേരളാ റോഡ് ഫണ്ട് ബോർഡ് (പി.എം.യു വിഭാഗം) എറണാകുളം/തൃശ്ശൂർ.

ഭരണാനുമതി

18/05/2024–ാം തീയതിയിലെ റവന്യൂ(ബി) വകുപ്പിന്റെ ജി.ഒ. (ആർ.റ്റി) നം.1891/2023/ആർ.ഡി ഉത്തരവ്.

വിജ്ഞാപന പ്രസിദ്ധീകരണം

02–11–2024 ലെ 3504–ാം നമ്പർ അസാധാരണ ഗസറ്റ്.

ഭൂമിയേറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹശീൽദാർ, എൽ.എ, കിഫ്ബി, തൃശ്ശൂർ

സാമൂഹിക പ്രത്യാഘാത അവലോകന യൂണിറ്റ്

സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ്
റ്റി.സി. 39/457, പാങ്ങോട്, തിരുമല.പി.ഒ, തിരുവനന്തപുരം– 695006
ഇമെയിൽ:classtvpm@gmail.com വെബ്സൈറ്റ്:www.classtvpm.in
ഫോൺ നമ്പർ :9446029769

കുറിപ്പ്

തൃശ്ശൂർ ജില്ലാകളക്ടറുടെ 26-10-2024-ലെ DCTSR/7606/2023-E5-ാം നമ്പർ ഉത്തരവ് പ്രകാരം 02/11/2024-ലെ 3504-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്ന സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് സാമൂഹിക പ്രത്യാഘാത പഠനം ഏറ്റെടുത്തത്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമത്തിലും, ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള എല്ലാ നടപടി ക്രമങ്ങളും പഠന സംഘം അവലംബിച്ചിരുന്നു. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുമായി ബന്ധമുള്ള തൽപ്പര കക്ഷികളുമായും അധികാര സ്ഥാനങ്ങളുമായും ആശയ വിനിമയം നടത്തി ആവശ്യമായ വിവരങ്ങൾ പഠന സംഘം ശേഖരിച്ചു. നിയമം/ചട്ടങ്ങളിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കി പ്രസ്തുത വിവരങ്ങളെ വിശകലനം ചെയ്തു കൊണ്ടാണ് പഠന റിപ്പോർട്ടിന്റെ കരട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. പദ്ധതി പ്രദേശം സന്ദർശിച്ച വേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നതും, തൽപ്പര കക്ഷികളുടെ പ്രതികരണങ്ങളിൽ നിന്ന് ലഭ്യമായിട്ടുള്ളതുമായ സ്ഥിതി വിവരകണക്കാണ് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പ്രധാനമായും അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്.

കരട് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ / അഭിപ്രായങ്ങൾ/ശുപാർശകൾ എന്നിവ സംബന്ധിച്ച് തൽപ്പര കക്ഷികൾക്കുള്ള ആവലാതികൾ / ആക്ഷേപങ്ങൾ തുടങ്ങിയവ ചർച്ച ചെയ്ത്, പരിഹാര മാർഗ്ഗങ്ങൾ കൂടി കണ്ടെത്തി ശുപാർശ ചെയ്യുന്നതിനായി തൽപ്പര കക്ഷികളേയും ബന്ധപ്പെട്ട അധികാരികളേയും ഉൾപ്പെടുത്തി കൊണ്ട് ഒരു പൊതു ചർച്ച സംഘടിപ്പിക്കുന്നതാണ്. കരട് റിപ്പോർട്ട് പഠന യൂണിറ്റിന്റെ വെബ് സൈറ്റ് *www.classtvpm.in* - ലും ബന്ധപ്പെട്ട ഓഫിസുകളിലും ചട്ട പ്രകാരം പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

തിരുവനന്തപുരം
04/01/2025

ഡയറക്ടർ

ഉള്ളടക്കം

ഭാഗം-1 സാമൂഹിക പ്രത്യാഘാത അവലോകനം		
അദ്ധ്യായം	വിഷയം	പേജ് നമ്പർ
1	പദ്ധതി, ഡെവലപ്പർ, പൊതു ആവശ്യകത	11
2	പദ്ധതിയ്ക്ക് വേണ്ടി ശുപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗങ്ങളുടെ വ്യാപ്തിയും സവിശേഷതകളും	12
3	പദ്ധതിയ്ക്ക് അവശ്യം വേണ്ട ഏറ്റവും ചുരുങ്ങിയ അളവ് ഭൂമിയാണോ ഏറ്റെടുക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളതെന്ന സംഗതി	13
4	പദ്ധതിയ്ക്ക് ഉപയോഗപ്പെടുത്താൻ സാധ്യതയുള്ള സമാന സ്ഥലങ്ങളും അവയുടെ അനുയോജ്യതയും	13
5	പൊതുസ്ഥലമോ, ഉപയോഗിയ്ക്കാതെ കിടക്കുന്ന സ്ഥല മോ പദ്ധതിയ്ക്കായി ഉപയോഗപ്പെടത്താനുള്ള സാധ്യതയും അപ്രകാരമുള്ള ഭൂമി ഡെവലപ്പറുടെ കൈവശത്തിലാണോയെന്ന സംഗതിയും	14
6	പദ്ധതിയാൽ ബാധിയ്ക്കപ്പെടുന്ന/ കുടിയിറക്കപ്പെടാൻ സാധ്യതയുള്ള വ്യക്തികൾ/ കുടുംബങ്ങളുടെ വിവരം	14
7	ബാധിയ്ക്കപ്പെടുന്ന പാർപ്പിട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം	15
8	പദ്ധതിയാൽ ബാധിയ്ക്കപ്പെടുന്ന കച്ചവട സ്ഥാപനങ്ങൾ/ഉപജീവന മാർഗ്ഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ	16
9	ബാധിയ്ക്കപ്പെടുന്ന പൊതുകെട്ടിടങ്ങൾ സെറ്റിൽമെന്റുകൾ മറ്റ് പൊതു ആസ്തികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ.	17
10	ബാധിയ്ക്കപ്പെടുന്ന പൊതു സാമൂഹിക സ്വത്തുക്കൾ, റോഡുകൾ, പാർക്കുകൾ, ഡ്രെയിനേജ് സംവിധാനം, വൈദ്യുത വിതരണം തുടങ്ങിയ സംബന്ധിച്ച വിവരണം	17
11	ബാധിയ്ക്കപ്പെടുന്ന ന്യായ വിലഷോപ്പുകൾ, ഭക്ഷ്യധാന്യ സംഭരണ ശാലകൾ, ആരാധനാലയങ്ങൾ, ശ്മശാനം തുടങ്ങിയ സംബന്ധിച്ച വിവരണം	17
12	ബാധിയ്ക്കപ്പെടുന്ന കുടി വെള്ള ഉറവകൾ, കന്നുകാലികൾക്കുള്ള ജലസ്രോതസ്സുകൾ, പൊതുകുളങ്ങൾ, മേച്ചിൽ പുറങ്ങൾ തോട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരണം.	17
13	പദ്ധതിയാൽ സൃഷ്ടിക്കപ്പെടാൻ സാധ്യതയുള്ള പരോക്ഷ ആഘാതങ്ങൾ സംബന്ധിച്ച വിവരം	18
14	ഭൂമിയേറ്റെടുക്കൽ ശുപാർശയിൽ, നിയമം / ചട്ടങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ/ വിഷയങ്ങൾ പാലിക്കുന്നുണ്ടോയെന്ന സംഗതി	18
15	പദ്ധതി സൃഷ്ടിക്കാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങളും അവയെ അഭിമുഖീകരിയ്ക്കുന്നതിനുള്ള രീതി, ചെലവ് അതിന് പദ്ധതിയുടെ ആകെ ചെലവിന്മേലുള്ള പ്രത്യാഘാതം എന്നിവ സംബന്ധിച്ച വിവരണം	19
16	പൊതുജനാഭിപ്രായം	19
17	അവലോകന സംഗ്രഹം	20

ഭാഗം.2 സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി			
1	നിർവ്വഹണ സംഗ്രഹം	1.1 പദ്ധതിയും പൊതുആവശ്യകതയും	25
		1.2 പദ്ധതിയുടെ സ്ഥാനം	25
		1.3 ഏറ്റെടുക്കുന്ന ഭൂമിയുടെ വലിപ്പവും സവിശേഷതകളും	25
		1.4 പരിഗണിച്ച ഇതര മാർഗ്ഗങ്ങൾ	28
		1.5 സാമൂഹിക പ്രത്യാഘാതങ്ങൾ	28
		1.6 ലഘൂകരണ നടപടികൾ	29
2	വിശദമായ പദ്ധതി വിവരണം	2.1 ഡെവലപ്പറുടെ പശ്ചാത്തലവും, ഭരണ/മാനേജ്മെന്റ് ഘടനയും ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം	32
		2.2 നിയമത്തിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യത്തിനുള്ള മാനദണ്ഡങ്ങളുമായി എപ്രകാരം യോജിക്കുന്നുവെന്നത് ഉൾപ്പെടെയുള്ള പദ്ധതിയുടെ യുക്തി	32
		2.3 പദ്ധതി വലിപ്പം, സ്ഥാനം, ശേഷി, ഉല്പന്നം, ഉല്പാദന ലക്ഷ്യങ്ങൾ, ചെലവ്, അപകട സാധ്യതകൾ സംബന്ധിച്ച വിവരങ്ങൾ	33
		2.4 ഇതര മാർഗ്ഗങ്ങളുടെ പരിശോധന	33
		2.5 പദ്ധതിയുടെ നിർമ്മാണ ഘട്ടങ്ങൾ	33
		2.6 പ്രധാന രൂപ കല്പന സവിശേഷതകൾ, വലിപ്പം സംബന്ധിച്ച വിവരം	33
		2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത	33
		2.8 തൊഴിൽ ശക്തി ആവശ്യകതകൾ (താൽക്കാലികം/ സ്ഥിരം)	33
		2.9 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ /പരിസര പ്രത്യാഘാത വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ വിവരവും, സാങ്കേതിക സൗകര്യം സംബന്ധിച്ച വിശദാംശങ്ങളും	33
		2.10 ബാധകമായ നിയമങ്ങളും നയങ്ങളും	34
3	പഠനസംഘം, സമീപനം, രീതി ശാസ്ത്രം, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ സമയക്രമവും ആസൂത്രണവും	3.1 പഠന സംഘാംഗങ്ങളുടെ പട്ടിക	34
		3.2 സാമൂഹിക പ്രത്യാഘാത വിലയിരുത്തലിനായിവിവരങ്ങൾ ശേഖരിക്കുന്നതിന് അവലംബിച്ച രീതിശാസ്ത്രവും യുക്തിയും	35
		3.3 പഠന സമ്പ്രദായത്തിലെ മാതൃകാ പരിശോധന	36
		3.4 ഉപയോഗപ്പെടുത്തിയിരുന്ന വിവര സ്രോതസ്സുകളെ സംബന്ധിച്ച അവലോകനം	36
		3.5 ബന്ധപ്പെട്ട കക്ഷികളുമായുള്ള കൂടിയാലോചനാസമയ ക്രമവും പൊതു ചർച്ചയുടെ വിശദാംശങ്ങളും	36
		4.1 ഭൂപടം, രജിസ്റ്ററുകൾ, പ്രാഥമിക സ്രോതസ്സുകൾ എന്നിവയുടെ അടിസ്ഥാനത്തി	37

		ലുള്ള വിവരണം	
4	ഭൂമി വിലയിരുത്തൽ	4.2 പദ്ധതിമുഖേന ആഘാതത്തിൽപ്പെടുന്ന മൊത്തം പ്രദേശം	38
		4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി	38
		4.4 പദ്ധതി പ്രദേശത്തിന് സമീപം പൊതു ഉപയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം	39
		4.5 നിലവിൽ ഏതെങ്കിലുംഭൂമി വാങ്ങുകയോ അന്യാധീനപ്പെടുത്തുകയോ പാട്ടത്തിന് കൊടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പദ്ധതിക്ക് ആവശ്യമുള്ള ഓരോ പ്ലോട്ടിന്റെയും നിർദ്ദിഷ്ട ഉപയോഗം	39
		4.6 പദ്ധതിക്കായി ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂമിയുടെ അളവും സ്ഥാനവും	39
		4.7 ഭൂമിയുടെ സ്വഭാവവും, നിലവിൽ ഭൂമിയുടെ തരവും ഉപയോഗവും, കൃഷി ഭൂമി ആണെങ്കിൽ ജലസേചന ലഭ്യതയും വിളവെടുപ്പ് രീതിയും	39
		4.8 കൈവശ ഭൂമിയുടെ വലിപ്പം ഉടമസ്ഥാവകാശത്തിന്റെ രീതി, ഭൂമി വിതരണം, താമസ കെട്ടിടങ്ങളുടെ എണ്ണം തുടങ്ങിയവ	39
		4.9 ഭൂമിയുടെ വിലകൾ, ഉടമസ്ഥാവകാശത്തിൽ അടുത്ത കാലത്തുണ്ടായ വ്യത്യാസങ്ങൾ അവസാന മൂന്ന് വർഷത്തിൽ ഭൂമിയിന്മേൽ ഉണ്ടായിട്ടുള്ള കൈമാറ്റവും ഉപയോഗവും	40
5	ബാധിത കുടുംബങ്ങളുടേയും ആസ്തികളുടേയും എണ്ണവും മതിപ്പ് വിലയും	5.1 നേരിട്ട് ബാധിയ്ക്കുന്ന കുടുംബങ്ങളുടെ വിശദാംശങ്ങൾ	41
		5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗക്കാരും മറ്റ് വനവാസികളും ഉൾപ്പെടുന്ന കുടുംബങ്ങളും	41
		5.3 പൊതു വിഭവങ്ങൾ ഉപജീവനമാർഗ്ഗമായി ആശ്രയിച്ചിരുന്നവയിൽ ഭൂമി ഏറ്റെടുക്കുന്നത് മുഖേന അവ നഷ്ടപ്പെടുന്ന കുടുംബങ്ങൾ	41
		5.4 കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ പ്രകാരം പതിച്ച് കിട്ടിയ ഭൂമി നഷ്ടപ്പെടുന്ന കുടുംബങ്ങൾ	42
		5.5 ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് മൂന്ന് വർഷമോ അതിലധികമോ കാലയളവിൽ നഗര പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ	42
		5.6 മൂന്ന് വർഷമോ അതിലധികമോ കാലയളവിലായി ഏറ്റെടുക്കുന്ന ഭൂമി പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ	42
		5.7 ഭൂമിഏറ്റെടുക്കുന്നില്ലായെങ്കിലും പദ്ധതിയുടെ പരോക്ഷ ആഘാതം അനുഭവിയ്	43

		ക്കേണ്ടി വരുന്ന കുടുംബങ്ങൾ	
		5.8 ഉൽപാദന സ്വത്തുക്കളുടേയും പ്രധാന ഭൂമിയുടെയും പട്ടിക	43
6	സാമൂഹിക–സാമ്പത്തിക –സാംസ്ക്കാരിക രൂപരേഖ	6.1 പദ്ധതി പ്രദേശത്തിലെ ജനസംഖ്യാപരമായ വിശദാംശങ്ങൾ	43
		6.2 വരുമാനം–ദാരിദ്ര്യം, ജീവിത നിലവാരവും	44
		6.3 ദുർബ്ബല വിഭാഗങ്ങൾ	44
		6.4 ഭൂവിനിയോഗവും ഉപജീവനവും	45
		6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ	45
		6.6 പ്രാദേശിക ഉപജീവനത്തിന് കാരണമാകുന്ന ഘടകങ്ങൾ	45
		6.7 രക്തബന്ധ ക്രമങ്ങളും സാമൂഹിക സാംസ്ക്കാരിക സംഘടനകളും	45
		6.8 ഭരണ സംഘടനകൾ	45
		6.9 രാഷ്ട്രീയ സംഘടനകൾ	46
		6.10 സാമൂദായികാധിഷ്ടിത പൗരസംഘടനകൾ	46
		6.11 പ്രാദേശിക ചലനാത്മകതയും ചരിത്രപരമായ പരിണാമ പ്രക്രിയയും	46
		6.12 ജീവിത സാഹചര്യങ്ങളുടെ ഗുണ നിലവാരം	46
7	സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി	7.1 ലഘൂകരണ സമീപനം	47
		7.2 ആഘാതം ഒഴിവാക്കുന്നതിനോ, ലഘൂകരിക്കുന്നതിനോ, നഷ്ടം നികത്തുന്നതിനോ വേണ്ടിയുള്ള നടപടികൾ	48
		7.3 പുനരധിവാസം, പുന:സ്ഥാപനം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നടപടികൾ	48
		7.4 നിർവ്വഹിയ്ക്കുമെന്ന് റിപ്പോർട്ടിൽ തന്നെ അർത്ഥനാധികാരി വ്യക്തമാക്കിയിട്ടുള്ള നടപടികൾ	49
		7.5 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ വേളയിൽ തിരിച്ചറിഞ്ഞ പദ്ധതി രൂപകല്പനയിലെ മാറ്റങ്ങൾ, വിവിധ ഗ്രൂപ്പുകളിലുടനീളമുള്ള ആഘാതങ്ങളുടെ വ്യാപ്തിയും തീവ്രതയും പരിഹരിക്കുന്നതിന് ആവശ്യമായ അധിക നടപടികൾ	49
		7.6 ഓരോ ലഘൂകരണ തന്ത്രത്തിനും വിശദമായ പ്രവർത്തനങ്ങളും സമയപരിധിയും ഉൾപ്പെടുത്തികൊണ്ടുള്ള ലഘൂകരണ പദ്ധതി	50
		7.7 ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും , നിർദ്ദേശിക്കപ്പെട്ടവയിൽ തന്നെ ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമല്ലാത്തതാണെന്നും അർത്ഥനാധികാരി സൂചിപ്പിച്ചിട്ടുള്ള നടപടികൾ	54
8	സാമൂഹിക പ്രത്യാഘാത	8.1 സ്ഥാപന ഘടനകളുടെ വിവരണവും ഓരോ ലഘൂകരണ നടപടികൾക്കും ഉത്തര	55

	പദ്ധതിയും നിർവ്വഹണ സ്ഥാപന ചട്ടക്കൂടും	വാദിത്വമുള്ള വ്യക്തികളും	
		8.2 സർക്കാർ ഇതര സ്ഥാപനങ്ങളുടേതായ പങ്കാളിത്തം ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം	56
		8.3 ആവശ്യമായ ശേഷിയും, സാങ്കേതിക സഹായം ഉണ്ടെങ്കിൽ അവ സംബന്ധിച്ച സൂചനയും	56
		8.4 ഓരോ പ്രവർത്തനത്തിനും ആവശ്യമായ അനുയോജ്യ സമയക്രമം	56
9	സാമൂഹിക പ്രത്യാഘാത നിർവ്വഹണ ബഡ്ജറ്റും ആശ്വാസ നടപടികൾക്കുള്ള സ്രോതസ്സും	9.1 പുനസ്ഥാപന–പുനരധിവാസ ചെലവുകൾ	57
		9.2 വാർഷിക ബഡ്ജറ്റും പ്രവർത്തന പദ്ധതിയും	58
		9.3 ഇനം തിരിച്ചുള്ള സാമ്പത്തിക സ്രോതസ്സ്	58
10	സാമൂഹ്യ പ്രത്യാഘാത നിർവ്വണ പദ്ധതി –മേൽ നോട്ടവും വിലയിരുത്തലും	10.1 നീരീക്ഷണവും മൂല്യനിർണ്ണവും–പ്രധാന സൂചികകൾ	59
		10.2 റിപ്പോർട്ടിംഗ് സംവിധാനവും നിരീക്ഷണ കർത്തവ്യങ്ങളും	60
11	ഭൂമി ഏറ്റെടുക്കൽ– നേട്ടങ്ങളും കോട്ടങ്ങളും –അപഗ്രഥനവും ശുപാർശയും	പൊതു ആവശ്യകത, കുറഞ്ഞ സ്ഥാന ഭ്യംശമുള്ള ഇതര മാർഗ്ഗം, ഭൂമിയുടെ ഏറ്റവും കുറഞ്ഞ ആവശ്യപ്പെടൽ, സാമൂഹിക പ്രത്യാഘാതത്തിന്റെ തീവ്രത, ആവശ്യമായ നടപടികൾ തുടങ്ങിയവ സംബന്ധിച്ച അന്തിമ സംഗ്രഹം	60
12	അനുബന്ധങ്ങൾ		
	1	സെക്ഷൻ 4(1) വിജ്ഞാപനം	63
	2	പദ്ധതിയെ സംബന്ധിച്ച വിശദ വിവരങ്ങൾക്കായി ഡെവലപ്പർക്ക് നൽകിയിരുന്ന കത്ത്	69
	3	ബാധിക്കപ്പെടുന്ന കുടുംബങ്ങളെ/വ്യക്തികളെ/ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദ വിവരം	80

ഭാഗം ഒന്ന്



സാമൂഹികപ്രത്യാഘാത അവലോകനം

അദ്ധ്യായം 1

പദ്ധതി,ഡെവലപ്പർ,പൊതു ആവശ്യകത സംബന്ധിച്ച വിവരങ്ങൾ

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിൽപ്പെട്ട പള്ളിക്കുന്ന്–ചിമ്മിനി ഡാം റോഡിന്റെ വികസനമാണ് നിർദ്ദിഷ്ട പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. നിരവധി പാർപ്പിട കെട്ടിടങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന പ്രദേശമായതിനാൽ വളരെയധികം ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന റോഡാണിതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ചിമ്മിനി ഡാമിന്റെ സാന്നിദ്ധ്യം കൊണ്ട് ടൂറിസം മേഖലയായി മാറിയിട്ടുള്ള പ്രദേശമായതിനാലും, വളരെ ഇടുങ്ങിയ അവസ്ഥയിലായതിനാലും പ്രസ്തുത റോഡ് വീതി കൂട്ടി വികസിപ്പിക്കേണ്ട അവസ്ഥയിലാണെന്നും മനസ്സിലാക്കേണ്ടി വന്നിട്ടുണ്ട്. കേരളാ റോഡ് ഫണ്ട് ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയർ, തൃശ്ശൂരാണ്പദ്ധതിയുടെ ഡെവലപ്പറായിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പിന്റെ ഭാഗമായ കേരളാ റോഡ് ഫണ്ട് ബോർഡാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ പ്രവർത്തനങ്ങൾ പ്രായോഗിക തലത്തിൽ എത്തിക്കുന്ന വകുപ്പുകളിൽ പ്രധാനപ്പെട്ട ഒരു വകുപ്പാണ് പൊതുമരാമത്ത് വകുപ്പ്. പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങളും ഉദ്ദേശലക്ഷ്യങ്ങളും സൗകര്യപ്രദമായ രീതിയിൽ ഏറ്റെടുക്കുന്നതിനായി നിരത്ത്, പാലങ്ങൾ, ബിൽഡിംഗ്സ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ തുടങ്ങി വിവിധ വിഭാഗങ്ങളായിട്ടാണ് പ്രവർത്തനങ്ങൾ ഏകോപിച്ച് വരുന്നത്. ഇപ്രകാരമുള്ള വിവിധ വിഭാഗങ്ങളുടെ ഭരണ നിയന്ത്രണം പൂർണ്ണമായും ചീഫ് എൻജിനീയറിൽ നിക്ഷിപ്തമാണ്. സൂപ്രണ്ടിംഗ് എൻജിനീയർമാരുടെ മേൽ നോട്ടത്തിൽ വിവിധ സർക്കിളുകളായും, എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ ഉത്തരവാദിത്വത്തിൽ വിവിധ ഡിവിഷനുകളായും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ ഉത്തരവാദിത്വത്തിൽ പല സബ് ഡിവിഷനുകളായും, അസിസ്റ്റന്റ് എൻജിനീയർമാരുടെ ചുമതലയിൽ വിവിധ സെക്ഷനുകളായും വകുപ്പിലെ പ്രവർത്തനം നടന്നുവരുന്നു. നിയതമായ ഉത്തരവാദിത്വസംവിധാനമുള്ള ജീവനക്കാരുടെ ഒരു ശൃംഖല തന്നെ വകുപ്പിനുണ്ടെന്നും കാണുന്നു. സർക്കാരിന് വേണ്ടിയുള്ള കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ രൂപകല്പന, ആസൂത്രണം, നിരീക്ഷണം, നിർമ്മാണം പരിപാലനം തുടങ്ങിയവയാണ് നിരത്ത്,പാലങ്ങൾ വിഭാഗങ്ങളുടെ പ്രധാന ഉത്തരവാദിത്വമായി കാണേണ്ടിവരുന്നത്.

റോഡിന്റെ വികസനമെന്നത് ജനസമൂഹത്തിന് വേണ്ടിവരുന്ന അടിസ്ഥാന സൗകര്യ വികസനത്തിന്റെ പട്ടികയിൽ സ്ഥാനം പിടിയ്ക്കുന്ന ഒന്നാണെന്ന് കാണേണ്ടി വരുന്നതിനാൽ പ്രസ്തുത റോഡിന്റെ വികസനത്തിന് വേണ്ടുന്ന ഭൂമിയേറ്റെടുക്കൽ പൊതു ആവശ്യം സാക്ഷാത്കരിക്കാനാണെന്ന് തന്നെ നിരീക്ഷിയ്ക്കേണ്ടി വരുകയും ചെയ്യുന്നുണ്ട്.

അദ്ധ്യായം 2

പദ്ധതിയ്ക്ക് വേണ്ടി ശുപാർശ ചെയ്തിട്ടുള്ള ഭൂമിയുടെ വ്യാപ്തിയും സവിശേഷതകളും

02/11/2024–ലെ വിജ്ഞാപന പ്രകാരം 40.00 ആർ ഭൂമിയാണ് പദ്ധതി പ്രവർത്തനത്തിന് ആവശ്യമായി വരുന്നതെന്ന് കാണുന്നു. ഇവ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിലെ വിവധ സർവേ സബ് ഡിവിഷനുകളിൽ ഉൾപ്പെട്ട് വരുന്നവയാണെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്.

എന്നാൽ പ്രസ്തുത റോഡിൽ വരന്തരപ്പിള്ളി ജംഗ്ഷനുമായി ബന്ധപ്പെട്ട് ഉദ്ദേശം ഒന്നര കിലോമീറ്റർ ദൂരത്തിലുള്ള റോഡുഭാഗം ഇരു വശത്തുമുള്ള സ്വകാര്യ ഭൂവിഭാഗങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഉദ്ദേശം 10 മീറ്റർ വീതിയിൽ ഇതിനകം തന്നെ വികസിപ്പിച്ചിട്ടുള്ളതായി കാണാനും കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ റോഡ് വികസനത്തിന് വേണ്ടതായ ഭൂമി വിട്ട് കൊടുത്തിട്ടുണ്ടെന്നും ആയതിന്റെ വില ലഭിക്കണമെന്നും കുറെ ഭൂവുടമകൾ പഠന സംഘത്തിനോട് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

പള്ളിക്കുന്ന് മുതൽ പാലപ്പള്ളി ജംഗ്ഷൻ വരെയുള്ള ഭാഗത്തിന്റെ വികസനമാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും ശേഷം പ്രസ്തുത റോഡ് മലയോര ഹൈവേയിൽ സന്ധിക്കുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫീൽഡിൽ സ്ഥാപിച്ചിട്ടുള്ള അലൈൻമെന്റ് കല്ലുകൾ പ്രകാരം റോഡിന്റെ ഇരു വശങ്ങളിലുമായി വരുന്ന ഭൂവിഭാഗങ്ങളാണ് ഏറ്റെടുക്കേണ്ടതായി വരുന്നതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിൽ തന്നെ റോഡ് പുറമ്പോക്ക് കൂടി ഉൾപ്പെടുമെന്നുള്ളതിനാൽ ഏറ്റെടുക്കേണ്ടി വരുന്ന സ്വകാര്യ ഭൂമിയുടെ വിസ്തീർണ്ണം താരതമ്യേന കുറവായിരിക്കാനുള്ള സാധ്യതയാണുള്ളത്. അലൈൻമെന്റിനകത്ത് വരുന്ന ഭൂവിഭാഗങ്ങൾ ––– കുടുംബങ്ങളുടെ/സ്ഥാപനങ്ങളുടെ കൈവശത്തിലും ഉടമസ്ഥതയിലുമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. പാർപ്പിട കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂവിഭാഗങ്ങൾ, പ്രത്യേക ചമയങ്ങളില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന ഭൂവിഭാഗങ്ങൾ, കച്ചവട/സ്വയം തൊഴിൽ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂവിഭാഗങ്ങൾ എന്നിവയാണ് ഭാഗികമായി അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്നത്. കച്ചവട/ വ്യാപാര / സ്വയം തൊഴിൽ സ്ഥാപനങ്ങളെ ഭാഗികമായ തരത്തിലാണ് ബാധിക്കുന്നതെന്ന സ്ഥിതി വിശേഷമാണ് പ്രധാനമായും നിലനിൽക്കുന്നത്.

03 പാർപ്പിട കെട്ടിടങ്ങളേയും 52 കച്ചവട/സ്വയംതൊഴിൽ സ്ഥാപനങ്ങളേയും 02 ആരാധനാലയങ്ങളേയും, ഭൂമിയേറ്റെടുക്കൽ ഭാഗികമായി ബാധിക്കുന്നുണ്ട്. കൈവശത്തിലുള്ള ഭൂവിഭാഗത്തെ പൂർണ്ണമായും ഏറ്റെടുക്കുന്ന കേസുകളില്ല. 24 ഭൂവിഭാഗങ്ങളെ/കൈവശങ്ങളെ സംബന്ധിച്ച് പ്രത്യേക ചമയങ്ങൾ സ്ഥിതി ചെയ്യാതെ ഒഴിഞ്ഞ് കിടക്കുന്നതിനാൽ കൈവശ ഭൂമി മാത്രം ഭാഗികമായി നഷ്ടപ്പെടുന്ന തരത്തിലുള്ള ആഘാതമാണ് സൃഷ്ടിക്കുന്നത്.

അദ്ധ്യായം 3

പദ്ധതിയ്ക്ക് അവശ്യം വേണ്ട ചുരുങ്ങിയ അളവ് ഭൂമിയാണോ ഏറ്റെടുക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളതെന്ന സംഗതി

നിലവിലുള്ള റോഡിന്റെ രണ്ട് വശത്ത് നിന്നും ഭൂമിയേറ്റെടുത്ത് കൊണ്ടാണ് റോഡ് വികസിപ്പിയ്ക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കിയിട്ടുണ്ട്. നിലവിലുള്ള റോഡിന്റെ ഇരു വശത്ത് നിന്നും ഉദ്ദേശം 0.20 മീറ്റർ മുതൽ പരമാവധി 2 മീറ്റർ വീതിയിലാണ് സ്വകാര്യ ഭൂവിഭാഗങ്ങൾ ഏറ്റെടുക്കേണ്ട സ്ഥിതി വിശേഷമാണുള്ളത്. നിലവിലുള്ള റോഡിന് ശരാശരി 6 മുതൽ 8 മീറ്റർ വീതിയാണുള്ളത്. 10 മീറ്റർ വീതിയിൽ വികസിപ്പിയ്ക്കാൻ വേണ്ടിയുള്ള തരത്തിലാണ് ഭൂമിയേറ്റെടുക്കൽ ശുപാർശ തയ്യാറാക്കിയുട്ടുള്ളതെന്നാണ് പഠന സംഘം വിലയിരുത്തുന്നത്. വിശകലനം നടത്തിയതിൽ പദ്ധതിയ്ക്ക് വേണ്ട ചുരുങ്ങിയ അളവിൽ ഭൂമിയേറ്റെടുക്കാനാണ് ഡെവലപ്പർ ശുപാർശ ചെയ്തിരിക്കുന്നതെന്ന് പഠന സംഘം നിരീക്ഷിക്കുന്നുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ ഡെവലപ്പറുമായി ബന്ധപ്പെട്ടിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയ്ക്ക് വേണ്ട ഭൂമിയുടെ ആകെ വിസ്തീർണ്ണം ഉൾപ്പെടെ വിശദമായ വിവരങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അദ്ധ്യായം 4

പദ്ധതിയ്ക്ക് ഉപയോഗപ്പെടുത്താൻ സാധ്യതയുള്ള സമാന സ്ഥലങ്ങളും അവയുടെ അനുയോജ്യതയും

ഒരു പദ്ധതിയ്ക്ക് വേണ്ടി ഭൂമിയേറ്റെടുക്കുന്ന അവസരത്തിൽ, അവയുടെ സ്ഥാനം/ലൊക്കേഷൻ നിർണയിക്കുന്ന സംഗതിയിൽ ചില മാനദണ്ഡങ്ങൾ പരിഗണിയ്ക്കണമെന്ന് ഭൂമിയേറ്റെടുക്കൽ നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്. ഭൂമിയേറ്റെടുക്കൽ മുഖേന പ്രദേശത്ത് സൃഷ്ടിക്കാൻ സാധ്യതയുള്ള ആഘാതങ്ങൾ പരമാവധി കുറയുന്ന തരത്തിൽ പൊതുസ്ഥലങ്ങളോ, ഉപയോഗിക്കാതെ കിടക്കുന്ന ഭൂവിഭാഗങ്ങളോ പരമാവധി ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിയ്ക്കണമെന്ന് നിയമം വിഭാവനം ചെയ്യുന്നുണ്ട്.

നിലവിലുള്ള റോഡിന്റെ ഇരുവശത്ത് നിന്നും ഭൂമിയേറ്റെടുത്ത് കൊണ്ടാണ് സാധാരണയായി റോഡ് വികസനം യാഥാർത്ഥ്യമാക്കുന്നത്. അതുകൊണ്ട് തന്നെ റോഡ് വികസനത്തിന് വേണ്ടി ഉപയോഗപ്പെടുത്താനുള്ള സമാന സ്ഥലങ്ങളുടെ പരിശോധനയ്ക്ക് കാര്യമായ പ്രസക്തിയുള്ളതായി കാണുന്നില്ല. നിർദ്ദിഷ്ട പദ്ധതിയിലും റോഡിന്റെ ഇരുവശത്ത് നിന്നും ആവശ്യമായ ഭൂമിയേറ്റെടുത്ത് കൊണ്ടുള്ള വികസനത്തിനാണ് ഡെവലപ്പർ രൂപ കല്പന തയ്യാറാക്കിയിട്ടുള്ളതെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ബാധിത സമൂഹത്തിന് ഇതിനെക്കാൾ കുറഞ്ഞ അളവിൽ ആഘാതങ്ങൾ സൃഷ്ടിക്കുന്ന തരത്തിലുള്ള മറ്റൊരു മാർഗ്ഗം നിർദ്ദിഷ്ട പദ്ധതിയിൽ സാധ്യമാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.





അദ്ധ്യായം 5

പൊതുസ്ഥലമോ, ഉപയോഗിയ്ക്കാതെ കിടക്കുന്ന സ്ഥലമോ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്താനുള്ള സാധ്യതയും അപ്രകാരമുള്ള ഭൂമി ഡെവലപ്പറുടെ കൈവശത്തി ലാണോയെന്ന സംഗതിയും

നിലവിലുള്ള റോഡും അതിൽ നിന്നുള്ള നടപ്പാതകളും, ബൈ റോഡു കളുമാണ് പൊതു സ്ഥലങ്ങളായി പദ്ധതി പ്രദേശത്ത് കാണാൻ കഴിയുന്നത്. റോഡും അതിന്റെ പുറമ്പോക്കും, ബൈ റോഡുകളും, നടപ്പാതകളുമൊക്കെ പൂർണ്ണമായോ ഭാഗികമായോ നിർദ്ദിഷ്ട പദ്ധതിയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തു ന്നുണ്ട്. റോഡ് വികസനത്തിന് ഉപയോഗിയ്ക്കാൻ തക്ക മറ്റ് പൊതു സ്ഥല മൊന്നും തന്നെ ഡെവലപ്പറുടെ കൈവശത്തിലില്ലായെന്ന് തന്നെ കാണേണ്ടി വരു ന്നുണ്ട്. പ്രത്യേക ആവശ്യങ്ങൾക്ക് ഉപയോഗിയ്ക്കാതെ ഒഴിഞ്ഞ് കിടക്കുന്ന സ്വകാര്യ ഭൂവിഭാഗങ്ങളും ഭാഗികമായി അലൈൻമെന്റിനകത്ത് ഉൾപ്പെടുന്നുണ്ട്.

അദ്ധ്യായം 6

പദ്ധതിയാൽ ബാധിയ്ക്കപ്പെടുന്ന/ കുടിയിറക്കപ്പെടാൻ സാധ്യതയുള്ള വ്യക്തികൾ/ കുടുംബങ്ങളുടെ വിവരം

പദ്ധതിയ്ക്ക് വേണ്ടി ശുപാർശ ചെയ്തിരിക്കുന്ന ഭൂവിഭാഗങ്ങൾ ഏറ്റെടുക്കു ന്നത് മുഖേന 211 വ്യക്തികളെ/കുടുംബങ്ങളെ/സ്ഥാപനങ്ങളെ നേരിട്ട് ബാധിക്കു ന്നുണ്ട്. 109 ഭൂവിഭാഗങ്ങളിൽ പാർപ്പിട കെട്ടിടങ്ങളും 72 ഭൂവിഭാഗങ്ങളിലായി 52 കച്ചവട/സ്വയം തൊഴിൽ സ്ഥാപനങ്ങളും അലൈൻമെന്റിനുള്ളിൽ ഭാഗികമായി ഉൾപ്പെട്ട് വരുന്നുണ്ട്. രണ്ട് ആരാധനാലയങ്ങൾ, രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കോളേജ് ഒരു പാർട്ടി ഓഫീസ് തുടങ്ങിയ പൊതു ആസ്തികളേയും നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ ഭാഗികമായി ബാധിക്കുന്നുണ്ട്. ഒരു പാർപ്പിട കെട്ടിടത്തെ പോലും പൂർണ്ണമായി ബാധിക്കുന്ന സ്ഥിതിവിശേഷമില്ല. 123 കേസുകളിൽ പാർപ്പിട കെട്ടിടത്തിനോട് ചേർന്ന ചുറ്റുമതിലുകളെ ബാധിയ്ക്കുന്ന സാഹ

ചര്യവും നിലനിൽക്കുന്നുണ്ട്. ബാധിത വ്യക്തികളേയും ആസ്തികളേയും സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

അദ്ധ്യായം 7

ബാധിയ്ക്കപ്പെടുന്ന പാർപ്പിടകെട്ടിടങ്ങളെ സംബന്ധിച്ച വിവരം

നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ 03 പാർപ്പിട കെട്ടിടങ്ങളെ ഭാഗികമായി ദോഷപ്പെടുത്തുന്ന സാഹചര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരു പാർപ്പിട കെട്ടിടവും പൂർണ്ണമായും അലൈൻമെന്റിനകത്ത് ഉൾപ്പെട്ട് വരുന്നില്ല. 50 ശതമാനത്തിലേറെ ബാധിക്കുന്ന ഷീറ്റിട്ട ഒരു പാർപ്പിട കെട്ടിടത്തെ സംബന്ധിച്ച് അവശേഷിക്കുന്ന ഭാഗം തുടർന്ന് ഉപയോഗിയ്ക്കാൻ തക്ക സാഹചര്യത്തിലല്ലായെന്നും നിരീക്ഷിക്കുന്നുണ്ട്. ബാധിക്കുന്ന പാർപ്പിട കെട്ടിടങ്ങളെ സംബന്ധിച്ച വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പേരും മേൽവിലാസവും	സർവെ നമ്പർ.	നഷ്ടപ്പെടുന്ന കെട്ടിടത്തിന്റെ വിവരം
1	സീനത്ത് ചാത്തൻചിറ, വേലുപാടം	ലഭ്യമാക്കിയിട്ടില്ല	ഷീറ്റിട്ട കെട്ടിടം (ഭാഗികം)
2	ചന്ദ്രൻ ഭൂതക്കുറ്റി വേലുപാടം.	34/2-4	ടെറസ് വീടിന്റെ മുൻഭാഗം (ഭാഗികം)
3.	പൂക്കോടൻ അശോകൻ, പൂക്കോട് ഹൗസ, വേലുപാടം.	ലഭ്യമാക്കിയിട്ടില്ല	ടെറസ് വീടിന്റെ സൺഷെയ്ഡ് (ഭാഗികം)



അദ്ധ്യായം 8

പദ്ധതിയാൽ ബാധിയ്ക്കപ്പെടുന്ന കച്ചവട സ്ഥാപനങ്ങൾ/ ഉപജീവന മാർഗ്ഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ള ഭൂവിഭാഗങ്ങളിൽ 52 കച്ച വട/സ്വയം തൊഴിൽ സ്ഥാപനങ്ങൾ ഭാഗികമായി സ്ഥിതി ചെയ്യുന്നുണ്ട്. കൂടാതെ ഇപ്പോൾ പ്രവർത്തിയ്ക്കാതെ അടഞ്ഞ് കിടക്കുന്ന കട മുറികളും ഉൾപ്പെടുന്നുണ്ട്. 02 സ്ഥാപനങ്ങളെ സംബന്ധിച്ച് കെട്ടിടത്തെ ഭാഗികമായിട്ടാണ് ബാധിക്കുന്നതെ ങ്കിലും അവശേഷിക്കുന്ന ഭാഗത്ത് മതിയായ സ്ഥലം അവശേഷിയ്ക്കില്ലായെന്നത് കൊണ്ട് തുടർന്ന് പ്രവർത്തിയ്ക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുമന്ന് ബന്ധപ്പെട്ട ബാധിത സമൂഹം ആശങ്കപ്പെടുന്നുണ്ട്. ബാധിയ്ക്കപ്പെടുന്ന കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.





അദ്ധ്യായം 9

ബാധിയ്ക്കപ്പെടുന്ന പൊതു കെട്ടിടങ്ങൾ, സെറ്റിൽമെന്റുകൾ മറ്റ് പൊതു ആസ്തികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ.

പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂവിഭാഗ ങ്ങൾ 211 വ്യക്തികളുടെ/ കുടുംബങ്ങളുടെ/സ്ഥാപനങ്ങളുടെ കൈവശത്തിലാണ്. ഇവ പ്രധാനമായും കച്ചവട സ്ഥാപനങ്ങളും പാർപ്പിട കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നവയും, ചമയങ്ങളില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന ഭൂവിഭാഗങ്ങളുമാണ്. 24 ഭൂവിഭാഗങ്ങൾ പ്രത്യേക ചമയങ്ങളില്ലാതെ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. കൂടാതെ രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, രണ്ട് ആരാധനാലയങ്ങൾ, രാഷ്ടീയ പാർട്ടിയുടെ ഒരു ഓഫീസ് എന്നിവയുടെ ചുറ്റുമതിലുകളും ഭാഗികമായി അലൈൻമെന്റിൽ ഉൾപ്പെട്ട് വരുകയും ചെയ്യുന്നുണ്ട്. എന്നാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന തരത്തിൽ ഗുരു തരമായി ദോഷപ്പെടുത്തുന്നില്ലായെന്നും മനസ്സിലാക്കിയിട്ടുണ്ട്. പൊതു ആസ്തിക

ളിൽ സ്ഥിതി ചെയ്യുന്ന 07 ട്രാൻസ്ഫോർമറുകളെ മാറ്റി സ്ഥാപിക്കേണ്ടുന്ന സാഹ ചര്യം നിർദ്ദിഷ്ട പദ്ധതി സൃഷ്ടിക്കുന്നുണ്ട്.

അദ്ധ്യായം 10

ബാധിയ്ക്കപ്പെടുന്ന പൊതു സാമൂഹിക സ്വത്തുക്കൾ, റോഡുകൾ, പാർക്കുകൾ, ഡ്രെയിനേജ് സംവിധാനം, വൈദ്യുത വിതരണം തുടങ്ങിയവ സംബന്ധിച്ച വിവരണം

റോഡ് വികസനമാണ് പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. റോഡ് വികസി പ്പിക്കുന്നതിനുവേണ്ടി ഇരുവശങ്ങളിലുള്ള ഭൂമിയാണ് ആവശ്യമായി വരുന്നത്. ഇവ പ്രധാനമായും കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങളും പാർപ്പിട കെട്ടിട ങ്ങളും സ്ഥിതി ചെയ്യുന്നവയാണെന്നാണ് ഇൻവെസ്റ്റിഗേഷനിൽ നിന്ന് ബോദ്ധ്യപ്പെ ട്ടിട്ടുള്ളത്. ബൈ റോഡുകളുടേയും, നടപ്പാതകളുടേയും കൃഷിയിടങ്ങളുടേയും ഭാഗങ്ങളും അലൈൻമെന്റിൽ ഉൾപ്പെട്ട് വരുന്ന സാഹചര്യമുണ്ട്. ആരാധനാല യങ്ങൾ, സ്കൂളുകൾ, രാഷ്ടീയ പാർട്ടിയുടെ ഓഫീസ് തുടങ്ങിയ പൊതു സാമൂ ഹിക ആസ്തികൾ സ്ഥിതി ചെയ്യുന്ന ഭൂവിഭാഗങ്ങളും ഭാഗികമായി അലൈൻമെന്റിനകത്ത് ഉൾപ്പെടുന്നുണ്ട്. എന്നാൽ പാർക്കുകളോ, ഡ്രെയിനേജ് സംവിധാനമോ അലൈൻമെന്റിനകത്ത് വരുന്നതായി കാണുന്നില്ല. റോഡ് വികസ നവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിലുള്ള വൈദ്യുത വിതരണ സംവി ധാനത്തെ ബാധിക്കുന്ന സാഹചര്യമുണ്ട്. ട്രാൻസ്ഫോർമറുകൾ ഉൾപ്പെടെ വൈ ദ്യുത വിതരണ സംവിധാനത്തിന് പുനർക്രമീകരണം ആവശ്യമാണെന്ന് കാണേ ണ്ടി വരുന്നുണ്ട്.

അദ്ധ്യായം 11

ബാധിയ്ക്കപ്പെടുന്ന ന്യായ വിലഷോപ്പുകൾ, ഭക്ഷ്യധാന്യ സംഭരണ ശാലകൾ, ആരാധനാലയങ്ങൾ, ശ്മശാനം തുടങ്ങിയവ സംബന്ധിച്ചവിവരണം

നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ 52 കച്ചവട/ സ്വയം തൊഴിൽ സംരംഭങ്ങളെ ഭാഗി കമായി ബാധിയ്ക്കുന്ന സ്ഥിതി വിശേഷമുണ്ട്. എന്നാൽ ന്യായവില ഷോപ്പുക ളുടെ പരിധിയിൽ വരുന്ന കച്ചവട സ്ഥാപനങ്ങൾ പദ്ധതി പ്രദേശത്ത് പ്രവർത്തിച്ച് വരുന്നില്ല. രണ്ട് ആരാധനാലയങ്ങളുടെ ചുറ്റുമതിലനെ ഭാഗികമായി ബാധിക്കുന്ന സ്ഥിതി വിശേഷമുണ്ട്. ഭക്ഷ്യധാന്യ സംഭരണ ശാലകളോ, ശ്മശാനമോ പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്നില്ലായെന്ന് നിരീക്ഷിച്ചിട്ടുണ്ട്.

അദ്ധ്യായം 12

ബാധിയ്ക്കപ്പെടുന്ന കുടിവെള്ള ഉറവകൾ, കന്നുകാലികൾക്കുള്ള മേച്ചിൽപുറങ്ങൾ, ജലസ്രോതസ്സുകൾ, പൊതുകുളങ്ങൾ, തോട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരണം.

നിലവിലുള്ള റോഡിന്റെ ഇരുവശത്തുമുള്ള സ്വകാര്യ ഭൂവിഭാഗങ്ങൾ ഭാഗിക മായ അളവിൽ ഏറ്റെടുത്ത് കൊണ്ടാണ് നിർദ്ദിഷ്ട റോഡ് വികസനത്തിന് രൂപ

രേഖ തയ്യാറാക്കിയിട്ടുള്ളത്. ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗങ്ങളി ലോ, പൊതു സ്ഥലങ്ങളിലോ കുടിവെള്ള ഉറവകൾ, കന്നുകാലികൾക്കുള്ള മേച്ചിൽ പുറങ്ങൾ, ജലസ്രോതസ്സുകൾ, പൊതു കുളങ്ങൾ, തോട്ടങ്ങൾ തുടങ്ങിവ യൊന്നും തന്നെ നില നിൽക്കുന്നില്ല.

അദ്ധ്യായം 13

പദ്ധതിയാൽ സൃഷ്ടിക്കപ്പെടാൻ സാധ്യതയുള്ള പരോക്ഷ ആഘാതങ്ങൾ സംബന്ധിച്ച വിവരം

പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രദേശവാസികൾ ഉൾപ്പെടെയുള്ള ജനസമൂഹത്തിന് പ്രയോജനങ്ങളാണ് അനുഭവ വേദ്യമാകുന്നത്. ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ മുഖേന 211 ഭൂവുടമകൾക്ക് കൈവശ ഭൂമി ഭാഗി കമായി നഷ്ടപ്പെടുന്ന സാഹചര്യമാണ് ശ്രദ്ധിച്ചിട്ടുള്ളത്. ഇവയിലുള്ള 03 പാർപ്പിട കെട്ടിടങ്ങൾ ഭാഗികമായി അലൈൻമെന്റിൽ ഉൾപ്പെട്ട് വരുന്നുണ്ട്. ഇതിൽ ഒരു കെട്ടിടത്തെ സംബന്ധിച്ച് അവശേഷിക്കുന്ന ഭാഗം തടരുപയോഗത്തിന് സാധ്യമാ ണെന്ന് കാണുന്നില്ല. കൂടാതെ 52 കച്ചവട/ സ്വയം തൊഴിൽ സ്ഥാപനങ്ങളേയും ഭാഗികമായി ബാധിക്കുന്ന സ്ഥിതി വിശേഷമുണ്ട്. ഇപ്രകാരം ഭൂവുടമകൾക്ക് ഭൂമിയും മറ്റ് ആസ്തികളും. നഷ്ടപ്പെടുന്നതല്ലാതെ പ്രദേശത്ത് കാര്യമായ പരോക്ഷ ആഘാതങ്ങളൊന്നും തന്നെ നിർദ്ദിഷ്ട പദ്ധതി സൃഷ്ടിക്കുന്നില്ലായെ ന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. റോഡ് പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന രണ്ട് പെട്ടി കടകളുടെ പ്രവർത്തനം പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ നിലച്ച് പോകാൻ സാധ്യതയുണ്ടെന്ന് കാണുന്നുണ്ട്. എന്നാൽ ഇവ പകൽ സമയം പൂർണ്ണമായി പ്രവർത്തിക്കുന്നവയല്ലായെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

അദ്ധ്യായം 14

ഭൂമിയേറ്റെടുക്കൽ ശുപാർശയിൽ, നിയമം / ചട്ടങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന സംഗതി

ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ പൊതു ആവശ്യം നിറവേറ്റാൻ ഉപയുക്തമാണോ, ഉപയുക്തമാണെങ്കിൽ അതിന് വേണ്ട ഏറ്റവും കുറഞ്ഞ വിസ്തീർണ്ണത്തിലാണോ ഭൂമി ഏറ്റെടുക്കുന്നത്, സാമൂഹിക ആഘാതങ്ങൾ താരത മ്യേന കുറവ് വരുന്ന സമാന്തരമായ മറ്റ് സ്ഥലങ്ങൾ/ ഭൂവിഭാഗങ്ങൾ പരിഗണിക്കു കയും അവ പദ്ധതിക്ക് അനുയോജ്യമല്ലായെന്ന് കണ്ടെത്തിയിരുന്നോ, പദ്ധ തിയ്ക്ക് ഉപയോഗിക്കാൻ തക്ക ഭൂമി ഡെവലപ്പറുടെ കൈവശത്തിലുണ്ടോ തുട ങ്ങി നിയമം/ചട്ടങ്ങൾ നിഷ്കർഷിക്കുന്ന വിഷയങ്ങൾ പഠന സംഘം പരിശോധി ച്ചിരുന്നു.

നിലവിലുള്ള റോഡിനെ 10 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് ഡെവലപ്പറുടെ പ്രതിനിധിയിൽ നിന്ന് അറിയാൻ കഴി ഞ്ഞിട്ടുണ്ട്. പദ്ധതിയെ സംബന്ധിച്ച് ആവശ്യപ്പെട്ടിരുന്ന വിശദ വിവരങ്ങൾ ഡെവ ലപ്പറിൽ നിന്ന് ലഭ്യമായാൽ മാത്രമേ ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂമി

യുടെ അളവ്, സ്ഥാനം എന്നിവ സംബന്ധിച്ച അവലോകനം, നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നടത്താൻ കഴിയുകയുള്ളൂവെന്ന് കാണുന്നു.

അദ്ധ്യായം 15

പദ്ധതി സൃഷ്ടിക്കാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങളും അവയെ അഭിമുഖീകരിയ്ക്കുന്നതിനുള്ള രീതി, ചെലവ് അതിന് പദ്ധതിയുടെ ആകെ ചെലവിന്മേലുള്ള പ്രത്യാഘാതം സംബന്ധിച്ച വിവരണം

ഡെവലപ്പർ ഫീൽഡിൽ സ്ഥാപിച്ചിട്ടുള്ള അലൈൻമെന്റ് പ്രകാരം നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ 211 കൈവശ ഭൂവിഭാഗങ്ങളെ ബാധിയ്ക്കുന്നുണ്ട്. ഇവയിൽ സ്ഥിതി ചെയ്യുന്ന 03 പാർപ്പിട കെട്ടിടങ്ങളെ ഭാഗികമായി ബാധിക്കുന്നുണ്ട്. ഇതിൽ 50 ശതമാനത്തിലേറെ ബാധിക്കുന്ന ഒരു പാർപ്പിട കെട്ടിടത്തെ സംബന്ധിച്ച് അവശേഷിക്കുന്ന ഭാഗം തുടർന്ന് ഉപയോഗിയ്ക്കാൻ കഴിയുമെന്ന് കാണുന്നില്ല. അതിനാൽ കെട്ടിട ഉടമയുടെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഒരു കുടുംബത്തെ പുനരധിവസിപ്പിയ്ക്കേണ്ടി വരുമെന്ന് വിലയിരുത്തുന്നുണ്ട്.

കൂടാതെ ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ 52 കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങളെ ഭാഗികമായി ബാധിക്കുന്ന സ്ഥിതി വിശേഷമുണ്ട്. ഇവയിൽ 02 സ്ഥാപനങ്ങൾക്ക് അവശേഷിക്കുന്ന ഭാഗം ഉപയോഗപ്പെടുത്തി പ്രവർത്തനം തുടരാൻ കഴിയുമെന്ന് വിലയിരുത്തുന്നില്ല. അതിനാൽ പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് പ്രകാരമുള്ള ആശ്വാസ നടപടികളും ഇവരുടെ കാര്യത്തിൽ ആവശ്യമായി വരാവുന്നതാണെന്നും നിരീക്ഷിക്കുന്നുണ്ട്. ഇപ്രകാരമുള്ള പുനരധിവാസ–പുനഃസ്ഥാപന ചെലവുകൾ, പദ്ധതിയുടെ ആകെ ചെലവിന്മേലുണ്ടാക്കുന്ന ആഘാതം വളരെ ഗൗരവമുള്ളതാണെന്ന് വിലയിരുത്തുന്നില്ല.

അദ്ധ്യായം 16

പൊതുജനാഭിപ്രായം

ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ കൊണ്ടുള്ള റോഡ് വികസനത്തിന്റെ പൊതു ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് പ്രദേശവാസികൾ, ബാധിത ഭൂവുടമകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികൾ, പ്രദേശത്തെ സാമൂഹിക പ്രവർത്തകർ തുടങ്ങിവരുമായി പഠനസംഘം സംവദിച്ചിരുന്നു. ഒരു വലിയ വിഭാഗം ജനസമൂഹം നിർദ്ദിഷ്ട റോഡ് വികസനം പ്രദേശത്ത് ഗുണം ചെയ്യുന്നതാണെന്ന് അഭിപ്രായപ്പെടുമ്പോൾ ഭൂമി നഷ്ടപ്പെടുന്ന ചെറിയ ഒരു വിഭാഗം റോഡിന്റെ വികസനം വളരെ അത്യാവശ്യമുള്ള സംഗതിയല്ലെയെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ വളരെ കുറഞ്ഞ അളവിൽ ഭൂമിയേറ്റെടുത്ത് കൊണ്ട് റോഡ് വികസിപ്പിക്കുന്നത് ശാസ്ത്രീയമല്ലായെന്നും കൂടുതൽ ഭൂമിയേറ്റെടുത്ത് കൊണ്ട് ഭാവി ആവശ്യം കൂടി പരിഗണിച്ച് ദീർഘ വീക്ഷണത്തോടുള്ള റോഡ് വികസനമാണ് അഭികാമ്യമെന്നുള്ള അഭിപ്രായവും ഉണ്ടായിട്ടുണ്ട്.

അദ്ധ്യായം 17

അവലോകന സംഗ്രഹം

പ്രദേശ വാസികളിൽ വലിയ ഒരു വിഭാഗം വളരെക്കാലമായി ഉന്നയിക്കുന്ന ആവശ്യമാണ് പള്ളിക്കുന്ന്–ചിമ്മിനി ഡാം റോഡ് വികസനമെന്നാണ് പഠന സംഘത്തിന് ഏറെക്കുറെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. നിലവിലുള്ള റോഡിന്റെ രണ്ട് വശത്ത് നിന്നുമായി ഭൂമിയേറ്റെടുക്കുന്നതിനാൽ ഭൂവുടമകൾക്ക് ഭാഗികമായ അളവിൽ മാത്രമാണ് കൈവശ ഭൂമിയും മറ്റ് ആസ്തികളും നഷ്ടപ്പെടുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ധാരാളം വീടുകൾ സ്ഥിതിചെയ്യുന്നതും, കച്ചവട സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതുമായ ഒരു ജനവാസ പ്രദേശമാണിത്. അതിനാൽ പ്രസ്തുത റോഡിന്റെ വികസനം പ്രദേശവാസികൾക്ക് ഏറെ ഗുണം ചെയ്യുന്ന സംഗതിയായിട്ടെ വിലയിരുത്താൻ കഴിയുകയുള്ളു. കൂടാതെ റോഡ് വികസനമെന്നത് ജനസമൂഹത്തിന് ഗുണം ചെയ്യുന്ന അടിസ്ഥാന സൗകര്യ വികസനത്തിന്റെ പട്ടികയിൽ സ്ഥാനം പിടിയ്ക്കുന്ന ഒന്നാണെന്ന് കാണേണ്ടി വരുന്നതിനാൽ പ്രസ്തുത റോഡിന്റെ വികസനത്തിന് വേണ്ടുന്ന ഭൂമിയേറ്റെടുക്കൽ പൊതു ആവശ്യം നിറവേറ്റനാണെന്ന് തന്നെ നിരീക്ഷിയ്ക്കേണ്ടി വരുകയും ചെയ്യുന്നുണ്ട്.

നഷ്ടപ്പെടുന്ന ഭൂമിയ്ക്കും, ചമയങ്ങൾക്കും പ്രദേശത്ത് നിലനിൽക്കുന്ന മാർക്കറ്റ് വിലയ്ക്കനുസൃതമായ രീതിയിൽ ന്യായമായ നഷ്ടപരിഹാരം നൽകികൊണ്ടും സ്ഥാന ഭ്യംശം സംഭവിക്കുന്ന പാർപ്പിട കെട്ടിടവുമായി ബന്ധപ്പെട്ട കുടുംബത്തിന് പുനരധിവാസ–പുനസ്ഥാപന പാക്കേജിന്റെ ആനുകൂല്യവും പ്രദാനം ചെയ്ത് കൊണ്ട് റോഡ് വികസനത്തിന് വേണ്ടി ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കലുമായി മുന്നോട്ട് പോകാമെന്നാണ് പ്രാഥമികമായി വിലയിരുത്തുന്നത്.

ഭാഗം രണ്ട്



സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി

ആമുഖം

സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന്, 1894 ലെ ഭൂമി ഏറ്റെടുക്കൽ നിയമമാണ് പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. ഈ നിയമ പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ ഭൂവുടമകൾക്ക് മതിയായ നഷ്ടപരിഹാരം ലഭിക്കുന്നില്ലായെന്ന ആക്ഷേപം പരക്കെ ഉണ്ടായിരുന്നു. കൂടാതെ പ്രസ്തുത നിയമം കൊളോണിയൽ സ്വഭാവമുള്ളതാണെന്നും അതിൽ ഏറ്റെടുക്കൽ മുഖേന കുടിയിറക്കപ്പെടുന്നവർക്കും ഉപജീവനം നഷ്ടപ്പെടുന്നവർക്കും യാതൊരു ആശ്വാസ നടപടികളും വിഭാവനം ചെയ്യുന്നില്ലായെന്നുമുള്ള പരാതികളും ഉണ്ടായിരുന്നു. ഇതിന് പരിഹാരമായി, ''ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം'' എന്ന പേരിൽ കേന്ദ്ര സർക്കാർ 2013-ൽ ഒരു നിയമം നിർമ്മിക്കുകയും 01.01.2014 മുതൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം ഗണ്യമായി വർദ്ധിപ്പിക്കുക മാത്രമല്ല, തൊഴിലാളികളും, വാടകക്കാരും ഉൾപ്പെടെ ബാധിതരാകുന്ന ഓരോ കുടുംബത്തിനും മതിയായ പുനരധിവാസവും പുനഃസ്ഥാപനവും നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട്, പ്രസ്തുത ഭൂമിയെ ആശ്രയിച്ചിരുന്നവർക്ക് നീതി ലഭ്യമാക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുകയും ചെയ്തിട്ടുണ്ട്.

2013-നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമിയുടെ അളവ് ബാധകമാക്കാതെ തന്നെ പദ്ധതി മുഖേന ഉണ്ടാകാൻ സാധ്യതയുള്ള സാമൂഹിക പ്രത്യാഘാതങ്ങൾ ഒരു സ്വതന്ത്ര ഏജൻസിയെ കൊണ്ട് അവലോകനം നടത്താനും, സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂമി ഉപയോഗിച്ചുള്ള പദ്ധതി പൊതു ആവശ്യം നിറവേറ്റാൻ ഉപയുക്തമാണോ?, ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂമി പൊതു ആവശ്യം സാക്ഷാത്കരിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ വിസ്തീർണത്തിലാണോ?, പദ്ധതിയ്ക്ക് വേണ്ടി ഇതരസ്ഥലങ്ങൾ പരിഗണിയ്ക്കുകയും അവ പദ്ധതിക്ക് ഉപയുക്തമല്ലായെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ടോ?, പദ്ധതിയുടെ മൊത്തം നേട്ടങ്ങൾ സാമൂഹിക പ്രത്യാഘാതങ്ങളേയും ചെലവിനേയും, ബാധിയ്ക്കപ്പെടുന്ന / സ്ഥാനഭ്രംശം സംഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ട ആഘാതങ്ങളേയും ചെലവിനേയും മറികടക്കുന്നുണ്ടോ? തുടങ്ങിയ വിഷയങ്ങൾ നീതീകരിക്കേണ്ടതുണ്ടെന്നും നിയമം അനുശാസിക്കുന്നുണ്ട്. അതിനാൽ ഭൂമി

ഏറ്റെടുക്കുന്നതിന്റെ ഫലമായി ബാധിത സമൂഹത്തിന് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനും നിർണ്ണയിക്കുന്നതിനുമായിട്ടുള്ള ഒരു ഉപകരണമാകുകയെന്നതാണ് സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ ഉത്തരവാദിത്വമായി കാണേണ്ടിവരുന്നത്. ആയത് പൂർണ്ണമായും നിറവേറ്റാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്.

ഒപ്പ്

പഠന യൂണിറ്റ് ചെയർമാൻ

അദ്ധ്യായം 1

നിർവ്വഹണ സംഗ്രഹം

മനുഷ്യ സമൂഹത്തിന്റെ ജീവതത്തിനും നിലനിൽപ്പിനും പരിമിത വിഭവ ത്തിനും ഭൂമി എപ്പോഴും നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. ഒരു സാമ്പത്തിക ആസ്തിയെന്ന രീതിയിൽ ഭൂമിയ്ക്ക് പ്രഥമ സ്ഥാനമാണ് നൽകിയിട്ടുള്ളത്. റോഡ്, റെയിൽവേ, ജലസേചനം, പാലങ്ങൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസന ത്തിനുള്ള നിക്ഷേപം ഏതൊരു രാജ്യത്തിന്റേയും വികസത്തിന് അതിപ്രധാന മാണ്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് വലിയ അളവിലുള്ള ഭൂമിയുടെ ലഭ്യതയാണ് പ്രാഥമികമായി വേണ്ടി വരുന്നത്. അതിനാൽ ഭൂമി ഏറ്റെടുക്കൽ എന്നത് അടിസ്ഥാന സൗകര്യ വികസനത്തിന്റെ അളവ് കോലായി കാണേണ്ടി വരുകയും ചെയ്യുന്നു.

1.1 പദ്ധതിയും പൊതു ആവശ്യകതയും

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിൽപ്പെട്ട പള്ളിക്കുന്ന്–ചിമ്മിനി ഡാം റോഡിന്റെ വികസനമാണ് നിർദ്ദിഷ്ട പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. നിരവധി പാർപ്പിട കെട്ടിടങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന പ്രദേശമായതിനാൽ വളരെയധികം ഗതാഗത കുരുക്ക് അനുഭവ പ്പെടുന്ന റോഡാണിതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ചിമ്മിനി ഡാമിന്റെ സാന്നിദ്ധ്യം കൊണ്ട് ടൂറിസം മേഖലയായി മാറിയിട്ടുള്ള പ്രദേശമായതി നാലും, വളരെ ഇടുങ്ങിയ അവസ്ഥയിലായതിനാലും പ്രസ്തുത റോഡ് വീതി കൂട്ടി വികസിപ്പിക്കേണ്ട അവസ്ഥയിലാണെന്നും മനസ്സിലാക്കേണ്ടി വന്നിട്ടുണ്ട്.

1.2 പദ്ധതിയുടെ സ്ഥാനം

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിലാണ് പഠ ന വിധേയമായതും, ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ളതുമായ ഭൂവിഭാഗങ്ങ ളും, വികസിപ്പിയ്ക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ റോഡും സ്ഥിതി ചെയ്യുന്നത്.

ഇടപ്പള്ളി–മണ്ണുത്തി ഹൈവേയിൽ ആമ്പല്ലൂർ ജംഗ്ഷനിൽ നിന്ന് വല ത്തോട്ട് ഉദ്ദേശം 6 കിലോമീറ്റർ ചെല്ലുമ്പോഴാണ് പള്ളിക്കുന്ന്–ചിമ്മിനി ഡാം റോഡ് ആരംഭിക്കുന്നത്. പള്ളിക്കുന്ന് ജംഗ്ഷനിൽ നിന്ന് ഉദ്ദേശം 6.4 കിലോമീറ്റർ ദൂരം പിന്നിട്ട് പുലിക്കണ്ണ് ജംഗ്ഷൻ വരെയുള്ള ഭാഗമാണ് പദ്ധതി പ്രദേശമായി കാണുന്നത്. പുലിക്കണ്ണ് ജംഗ്ഷൻ കഴിയുന്നതോടെ പ്രസ്തുത റോഡ് മലയോര ഹൈവേയിൽ സന്ധിക്കുന്നതായും കാണുന്നുണ്ട്.

1.3 ഏറ്റെടുക്കുന്ന ഭൂമിയുടെ വലിപ്പവും സവിശേഷതകളും

പൊന്നും വിലയ്ക്കേടുക്കേണ്ടുന്ന ഭൂമിയുടെ വിസ്തീർണമാണ് വലിപ്പം എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. ഡെവലപ്പറുടെ അപേക്ഷ പ്രകാരം 40.00 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. എന്നാൽ വിശദമായ സർവെ നടപടികളി ലൂടെ മാത്രമേ ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ യഥാർത്ഥ വിസ്തീർണം വെളിവാകു കയുള്ളൂവെന്നും ബോദ്ധ്യപ്പെടുന്നുണ്ട്. നിരവധി കൈവശ ഭൂവിഭാഗങ്ങൾക്കും കരം/നികുതി അടയ്ക്കുന്നില്ലായെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഏറ്റെടുക്കേണ്ടുന്ന ഭൂവിഭാഗങ്ങൾ, ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിലെ വിവിധ സർവെ നമ്പരുകളിലായി വ്യാപിച്ച് കിടക്കുന്നു. 211 കൈവശങ്ങളിൽപ്പെട്ടവയാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 109 ഭൂവിഭാഗങ്ങളിൽ പാർപ്പിട കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ 03 കെട്ടിടങ്ങൾ മാത്രമേ അലൈൻമെന്റിനകത്ത് ഭാഗികമായി ഉൾപ്പെടുന്നുള്ളൂവെന്നത് ശ്രദ്ധേയമാണ്. 72 ഭൂവിഭാഗങ്ങളിൽ കച്ചവട/ സ്വയം തൊഴിൽ സംരംഭങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ 52 കെട്ടിട ഭാഗങ്ങൾ മാത്രമേ അലൈൻമെന്റിനകത്ത് ഭാഗികമായി ഉൾപ്പെടുന്നുള്ളൂവെന്നതും ശ്രദ്ധേയമാണ്. പ്രത്യേക ചമയങ്ങളില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന 24 ഭൂവിഭാഗങ്ങൾ നിന്നും ഭാഗികമായ അളവിൽ ഭൂമിയേറ്റെടുക്കേണ്ടി വരുന്നുണ്ട്. കൂടാതെ രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, രണ്ട് ആരാധനാലയങ്ങൾ, രാഷ്ടീയ പാർട്ടിയുടെ ഒരു ഓഫീസ് എന്നിവയുടെ ചുറ്റുമതിലുകളും ഭാഗികമായി അലൈൻമെന്റിൽ ഉൾപ്പെട്ട് വരുകയ്യും ചെയ്യുന്നുണ്ട്. എന്നാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ ഇവയുടെ പ്രവർത്തനങ്ങളെ ദോഷപ്പെടുത്തുന്ന സാഹചര്യമില്ലായെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

വിജ്ഞാപനത്ര പകാരമുള്ള ഭൂമി വിവരം താഴെ ചേർക്കുന്നു.

പട്ടിക

ജില്ല. തൃശ്ശൂർ താലൂക്ക്. ചാലക്കുടി വില്ലേജ്. വരന്തരപ്പിള്ളി

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ക്രമ നമ്പർ	വില്ലേജ്	റീ സർവേ നമ്പർ	വിവരണം	വിസ്തീർണ്ണം(ഹെ.)
1	വരന്തരപ്പിള്ളി	30	പറമ്പ്	0.40000
2		31	പറമ്പ്	
3		33	പറമ്പ്	
4		36	പറമ്പ്	
5		38	നിലം	
6		40	പറമ്പ്	
7		46	നിലം	
8		48	നിലം	
9		49	നിലം	
10		50	പറമ്പ്	
11		75	പറമ്പ്	
12		77	പറമ്പ്	
13		78	പറമ്പ്	
14		80	നിലം	
15		90	പറമ്പ്	
16		91	നിലം	
17		94	പറമ്പ്	
18		95	നിലം	
19		96	പറമ്പ്	
20		97	പറമ്പ്	
21		98	പറമ്പ്	
22		141	പുറമ്പോക്ക്	
23		143	പറമ്പ്	

24		148	പറമ്പ്	
25		149	പറമ്പ്	
26		162	പറമ്പ്	
27		173	നിലം	
28		178	പുറമ്പോക്ക്	
29		180	നിലം	
30		181	പുറമ്പോക്ക്	
31		182	നിലം	
32		183	നിലം	
33		189	പറമ്പ്	
34		190	പുറമ്പോക്ക്	
35		275	പറമ്പ്	
36		276	പറമ്പ്	
37		278	പറമ്പ്	
38		283	പറമ്പ്	
39		284	പറമ്പ്	
40		286	പറമ്പ്	
41		287	നിലം	
42		289	നിലം	
43		326	നിലം	
44		327	നിലം	
45		329	പറമ്പ്	
46		330	നിലം	
47		331	നിലം	
48		413	പറമ്പ്	
49		414	പറമ്പ്	
50		416	നിലം	
51		418	പറമ്പ്	
52		419	പറമ്പ്	
53		432	പറമ്പ്	
54		435	പറമ്പ്	
55		436	നിലം	
56		437	നിലം	
57		438	നിലം	
58		441	നിലം	
59		442	നിലം	
60		445	നിലം	
61		446	നിലം	
62		447	പറമ്പ്	
63		469	പറമ്പ്	
64		472	പറമ്പ്	
65		473	നിലം	
66		633	നിലം	
67		636	പുരയിടം	
68		639	പുരയിടം	
69		764	പുരയിടം	
70		765	പുരയിടം	
71		777	നിലം	
72		781	പുറമ്പോക്ക്	

73		787	പുരയിടം	
74		806	പുരയിടം	
75		817	പുറമ്പോക്ക്	
76		818	പുറമ്പോക്ക്	
77		819	പുറമ്പോക്ക്	
78		820	പുറമ്പോക്ക്	
79		821	പുറമ്പോക്ക്	
80		822	പുരയിടം	
81		825	പുരയിടം	
82		847	പുരയിടം	
83		905	തരിശ്	
84		907	തരിശ്	
85		908	തരിശ്	
86		909	തരിശ്	
87		945	തരിശ്	
88		946	പുറമ്പോക്ക്	
89		959	പുറമ്പോക്ക്	
90		962	തരിശ്	
91		1045	പുറമ്പോക്ക്	
92		1046	പുറമ്പോക്ക്	
93		1065	തരിശ്	
94		1066	തരിശ്	
95		1067	തരിശ്	
ആകെ				0.4000

1.4 പരിഗണിച്ച ഇതരമാർഗ്ഗങ്ങൾ

നിലവിലുള്ള റോഡിന്റെ വികസനമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണയായി ഇരുവശത്തുമുള്ള ഭൂമി ഉപയോഗപ്പെടുത്തി കൊണ്ടാണ് റോഡുകളുടെ വീതി കൂട്ടി വികസിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ റോഡ് വികസനത്തിൽ ഇതര മാർഗ്ഗങ്ങളുടെ പരിശോധനക്ക് വലിയ പ്രസക്തി ഉള്ളതായി കാണുന്നില്ല. നിലവിലുള്ള റോഡിന്റെ ഇരുവശത്ത് നിന്നും ഭൂമി ഏറ്റെടുത്ത് കൊണ്ടാണ് നിർദ്ദിഷ്ട പദ്ധതിയിലും റോഡ് വികസനം തീരുമാനിച്ചിട്ടുള്ളതെന്നാണ് അലൈൻമെന്റ് സൂചിപ്പിയ്ക്കുന്നത്.

1.5 സാമൂഹിക പ്രത്യാഘാതങ്ങൾ

ഡെവലപ്പർ ഫീൽഡിൽ സ്ഥാപിച്ചിട്ടുള്ള അലൈൻമെന്റ് പ്രകാരം നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ 211 കൈവശ ഭൂവിഭാഗങ്ങളെ ബാധിക്കുന്നുണ്ട്. ഇവയിൽ സ്ഥിതി ചെയ്യുന്ന 03 പാർപ്പിട കെട്ടിടങ്ങളെ ഭാഗികമായി ബാധിക്കുന്നുണ്ട്. ഇതിൽ 50 ശതമാനത്തിലേറെ ബാധിക്കുന്ന ഒരു പാർപ്പിട കെട്ടിടത്തെ സംബന്ധിച്ച് അവശേഷിക്കുന്ന ഭാഗം തുടർന്ന് ഉപയോഗിയ്ക്കാൻ കഴിയുമെന്ന് കാണുന്നില്ല. അതിനാൽ കെട്ടിട ഉടമയുടെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഒരു കുടുംബത്തെ പുനരധിവസിപ്പിയ്ക്കേണ്ടി വരുമെന്ന് വിലയിരുത്തുന്നുണ്ട്.

കൂടാതെ ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ 52 കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങളെ ഭാഗികമായി ബാധിക്കുന്ന സ്ഥിതി വിശേഷമുണ്ട്. ഇവ

യിൽ 02 സ്ഥാപനങ്ങൾക്ക് അവശേഷിക്കുന്ന ഭാഗം ഉപയോഗപ്പെടുത്തി പ്രവർത്തനം തുടരാൻ കഴിയുമെന്ന് വിലയിരുത്തുന്നില്ല. അതിനാൽ പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് പ്രകാരമുള്ള ആശ്വാസ നടപടികളും ഇവരുടെ കാര്യത്തിൽ ആവശ്യമായി വരാവുന്നതാണെന്നും നിരീക്ഷിക്കുന്നുണ്ട്. എന്നാലും മേൽ വിവരിച്ച പ്രകാരമുള്ള പുനരധിവാസ–പുനഃസ്ഥാപന ചെലവുകൾ, പദ്ധതിയുടെ ആകെ ചെലവിന്മേലുണ്ടാക്കുന്ന ആഘാതം വളരെ ഗൗരവമുള്ളതാണെന്ന് വിലയിരുത്തുന്നില്ല.

1.6 ലഘൂകരണ നടപടികൾ

അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഭൂമിയേറ്റെടുക്കൽ പൊതുവായി സൃഷ്ടിക്കുന്ന ആഘാതങ്ങളായ വാസസ്ഥലം, തൊഴിൽസ്ഥലം, കച്ചവട സ്ഥാപനം എന്നിവയിൽ നിന്നുള്ള സ്ഥാനഭ്രംശം വ്യക്തികൾക്ക് മാത്രമല്ല, പൊതു സമൂഹത്തിനും വലിയ ഭീഷണിയാണ്. ഇത് കുടുംബങ്ങൾ, ഗോത്രങ്ങൾ, ഗ്രാമീണ സമൂഹങ്ങൾ തുടങ്ങിയ സമൂഹഘടനയേയും ബാധിക്കാറുണ്ട്. കുടിയൊഴിപ്പിയ്ക്കപ്പെടുന്ന വ്യക്തികളെ അവരുടെ പാർപ്പിടം, സ്ഥാപനങ്ങൾ, തൊഴിൽ ശാലകൾ എന്നിവയിൽ നിന്ന് മാറാൻ നിർബന്ധിയ്ക്കപ്പെടുന്നതിനാൽ ഇത് മുഴുവൻ സമൂഹങ്ങളുടേയും സമന്വയത്തിനുള്ള വലിയ ഒരു ഭീഷണിയായിട്ടെ കാണാൻ കഴിയുകയുള്ളു.

ശുപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗങ്ങൾ ഏറ്റെടുക്കുന്നത് മുഖേന 03 പാർപ്പിട കെട്ടിടങ്ങളേയും 52 കച്ചവട/ സ്വയം ഭരണ സംരംഭങ്ങളേയും ദോഷകരമായി ബാധിക്കുന്നുണ്ട്. ഇതിൽ 50 ശതമാനത്തിലേറെ ബാധിക്കുന്ന ഒരു പാർപ്പിട കെട്ടിടത്തെ സംബന്ധിച്ചും, 02 കച്ചവട/സ്വയം ഭരണ സംരംഭങ്ങളെ സംബന്ധിച്ചും പുനരധിവാസ പുനഃസ്ഥാപന വിഷയം ആവശ്യമായി വരുന്നതാണെന്ന് നിരീക്ഷിക്കുന്നുണ്ട്. കൂടാതെ പൊതു ഉപയോഗത്തിലുള്ള രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, രണ്ട് ആരാധനാലയങ്ങൾ, രാഷ്ടീയ പാർട്ടിയുടെ ഒരു ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന ഭൂവിഭാഗങ്ങളിൽ നിന്നും ഭാഗികമായി ഭൂമി ഏറ്റെടുക്കേണ്ടി വരുന്നുണ്ട്. 123 ഭൂവിഭാഗങ്ങളിൽ റോഡിനഭിമുഖമായി നിർമ്മിച്ചിട്ടുള്ള ചുറ്റ് മതിലുകളേയും ഭാഗികമായി ബാധിക്കുന്ന സ്ഥിതി വിശേഷമുണ്ട്.

211 വ്യക്തികളുടെ/കുടുംബങ്ങളുടെ/സ്ഥാപനങ്ങളുടെ കൈവശ ഭൂമിയാണ് ഭാഗികമായി പദ്ധതിക്ക് വേണ്ടിവരുന്നത്. ഭൂമിയ്ക്ക് ന്യായമായ നഷ്ടപരിഹാരം നൽകികൊണ്ടും പുനരധിവാസ–പുനസ്ഥാപന പാക്കേജ് പ്രകാരമുള്ള ആശ്വാസ നടപടികൾ പ്രദാനം ചെയ്തുകൊണ്ടും ഇതുമായി ബന്ധപ്പെട്ട ആഘാതത്തിന് ആശ്വാസം നൽകാവുന്നതാണ് /ദുരീകരണം നടത്താവുന്നതാണ്. ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിന്, 2013 ലെ നിയമത്തിൽ 26 മുതൽ 30 വരെയുള്ള വകുപ്പുകളിൽ നടപടി ക്രമങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഭൂമിയുടെ കമ്പോളവിലയും, ഗ്രാമ പ്രദേശമാണെങ്കിൽ, നഗര പ്രദേശത്ത് നിന്ന് ഇതിലേക്കുള്ള ദൂരത്തെ അടിസ്ഥാനപ്പെടുത്തി 1 മുതൽ 2 വരെയുള്ള ഘടകം കൊണ്ട് കമ്പോള വിലയെ ഗുണിച്ച് കിട്ടുന്ന തുകയും, ഭൂമിയിലുള്ള ചമയങ്ങളുടെ വിലയും ചേരുമ്പോൾ ലഭിക്കുന്ന നഷ്ട പരിഹാരവും, അതിന്റെ 100 ശതമാനം തുക സൊലേഷ്യമായും ചേർത്ത് കിട്ടുന്ന ആകെ തുകയാണ് അവാർഡ് തുകയെന്ന രീതിയിൽ ഭൂവുടമകൾക്ക് നിയമ പ്രകാരം ലഭിക്കുന്നത്.

ഇതിനുവേണ്ടി ഭൂമിയുടെ കമ്പോള വില ആദ്യ പടിയായി തിട്ടപ്പെടുത്തുന്നു. ഇതിന് മൂന്ന് മാർഗ്ഗങ്ങൾ നിയമങ്ങളിൽ പ്രതിപാദിക്കുകയും, അവയിൽ നിന്ന് കുടുതൽ വില ലഭ്യമാക്കാനുള്ള മാർഗ്ഗം സ്വീകരിയ്ക്കാമെന്നും നിർദ്ദേശിക്കുന്നുണ്ട്. സാധാരണയായി സമീപ പ്രദേശങ്ങളിലെ സമാനസ്വഭാവത്തിലുള്ള ഭൂമികളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വില കൂടുതൽ കാണിച്ചിട്ടുള്ള 50 ശതമാനം ആധാരങ്ങളിലോ, വില്പന കരാറുകളിലോ സൂചിപ്പിച്ചിട്ടുള്ള വില്പന വിലയുടെ ശരാശരിയാണ് കമ്പോള വിലയായി പരിഗണിക്കുന്നത്. എന്നാൽ ഈ നടപടികളിൽ പ്രധാനമായും താഴെ വിവരിക്കുന്ന തരം ചില ആക്ഷേപങ്ങൾ ഭൂവുടമകൾക്കിടയിൽ നിലനിൽക്കുന്നതായി ബോദ്ധ്യപ്പെടുന്നുണ്ട്.

1. പ്രദേശത്ത് നിലനിൽക്കുന്ന ഭൂമിവിലയെക്കാൾ കുറഞ്ഞ തുകയാണ് രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളിലും വില്പന കരാറുകളിലും സാധാരണയായി സൂചിപ്പിയ്ക്കാറുള്ളത്
2. സർക്കാർ നിശ്ചിയിച്ചിട്ടുള്ള ന്യായ വിലപോലും പലപ്പോഴും യഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.
3. പ്രദേശത്ത് നിലനിൽക്കുന്ന മാർക്കറ്റ് വില സൂചിപ്പിച്ചിട്ടുള്ള വിലയാധാരങ്ങൾ ലഭിക്കുന്ന സന്ദർഭങ്ങളിൽ പോലും സാങ്കേതിക കാരണളാൽ ആവയെ തഴയപ്പെടുന്നു.
4. ഭൂമിയോട് ചേർന്നുള്ള കെട്ടിടങ്ങൾ, മറ്റ് ചമയങ്ങൾ, ദേഹണ്ഡങ്ങൾ എന്നിവയക്കും ന്യായമായ വില തിട്ടപ്പെടുത്തി ലഭ്യമാക്കുന്നില്ല.
5. ഏറ്റെടുക്കുന്ന ഭൂമിയും മറ്റ് ആസ്തികളുമായി ഉടമയ്ക്കുള്ള വൈകാര്യക ബന്ധം പലപ്പോഴും പരിഗണിക്കുന്നില്ല.

ഇക്കാര്യത്തിൽ നിയമം ഉദ്ദേശിക്കുന്ന രീതിയിൽ, കുടിയൊഴിപ്പിക്കപ്പെടുന്നതും അല്ലാത്തതുമായ ഭൂവുടമകൾക്ക് നിയമം അനുശാസിക്കുന്ന തരത്തിൽ ന്യായമായതും സ്വീകാര്യവുമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കേണ്ടതായിട്ടുള്ളതെന്നാണ് പഠനസംഘത്തിന് അഭിപ്രായപ്പെടാനുള്ളത്. കൂടാതെ ബാധിയ്ക്കപ്പെടുന്ന കുടുംബങ്ങളുടെ ഭാഗത്ത് നിന്ന് വിഷയത്തെ സമീപിക്കുകയും അവരെ കൂടെ വിശ്വസത്തിലെടുത്ത് കൊണ്ടുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്താൽ തന്നെ ആഘാതങ്ങൾക്ക്/വ്യാകുലതകൾക്ക് ഒരു പരിധി വരെ ആശ്വസം ലഭിക്കുമെന്ന് തിരിച്ചറിയേണ്ടതുമുണ്ട്.

നിയമത്തിൽ/ നയതീരുമാനത്തിലെ പ്രധാന ആശ്വാസനടപടികൾ

2013 ലെ നിയമത്തിൽ, വകുപ്പ് 31 പ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്ക് (ഭൂവുടമകൾക്കും ഏറ്റെടുക്കുന്ന ഭൂമിയെ പ്രാഥമിക ഉപജീവനത്തിനായി ആശ്ര യിക്കുന്ന കുടുംബങ്ങളും ഉൾപ്പെടെ) പുനരധിവാസ – പുനഃസ്ഥാപന അവകാശം ലഭിക്കുന്നുണ്ട്. ഇതനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട നഷ്ട പരിഹാരത്തിന് (അവാർഡ് തുക) പുറമേ പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് രണ്ടാം പട്ടികയായി നിയമത്തിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ആനുകൂല്യങ്ങൾ കുറേ കൂടി മെച്ചപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ ഒരു നയരൂപീകരണവും നടത്തിയിട്ടുണ്ട്. 29–12–2017 ലെ സ.ഉ. (എം.എസ്) 448/2017/റവ പ്രകാരമുള്ള പ്രസ്തുത നയ രൂപീകരണത്തിലെ / പാക്കേജിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ താഴെ വിവരിക്കുന്നവയാണ്.

1. കുടിയൊഴിപ്പിക്കുന്ന കേസുകളിൽ ഗ്രാമ പ്രദേശത്തിലെ വീടാണ് നഷ്ടപ്പെടുന്നതെങ്കിൽ ഇന്ദിരാ ആവാസ് യോജനയുടെ വ്യവസ്ഥകളനുസരിച്ച് നിർമ്മിച്ചിട്ടുള്ള ഒരു വീടോ, പട്ടണ പ്രദേശത്തുള്ള വീടാണ് നഷ്ടപ്പെടുന്നതെങ്കിൽ 50 ചതുരശ്ര മീറ്ററിൽ കുറയാത്ത തറ വിസ്തീർണ്ണമുള്ള വീടോ നൽകുന്നതാണ്.

2. പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തൊട്ട് മുമ്പ് മൂന്ന് വർഷക്കാലമായി ബാധിത പ്രദേശത്ത് തുടർച്ചയായി താമസിച്ച് വരുന്നതും എന്നാൽ സ്വന്തമായി വീടും പറമ്പും ഇല്ലാത്തതുമായ കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്കും ടി ആനുകുല്യം ലഭിക്കുന്നതാണ്.

3. മുകളിൽ വിവരിച്ച ഗുണഭോക്താക്കൾ വീട് തെരഞ്ഞെടുക്കാത്ത പക്ഷം ഗ്രാമ പ്രദേശം, പട്ടണപ്രദേശം എന്ന വ്യത്യാസമില്ലാതെ സാമ്പത്തിക സഹായമായി മൂന്ന് ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നതാണ്.

4. തൊഴിൽ ഉറപ്പ് വരുത്തേണ്ടുന്ന സാഹചര്യങ്ങളിൽ, നടപ്പിലാക്കുന്ന പദ്ധതി മൂഖേന തൊഴിൽ സൃഷ്ടിക്കപ്പെടുകയാണെങ്കിൽ, ബാധിയ്ക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിനെങ്കിലും ആവശ്യമായ തൊഴിൽ പരിശീലനം നൽകിയ ശേഷം പദ്ധതിയിലോ മറ്റേതെങ്കിലും പ്രോജക്ടിലോ ജോലി നൽകുന്നതിന് വ്യവസ്ഥ ചെയ്യുകയോ, അല്ലെങ്കിൽ അഞ്ച് ലക്ഷം രൂപ ഒറ്റത്തവണയായി നൽകുകയോ അല്ലെങ്കിൽ പ്രതിമാസം 3000/- രൂപായിൽ കുറയാതെ ലഭിക്കുന്ന വിധത്തിൽ 20 വർഷത്തേക്കുള്ള ആന്യൂറ്റി പോളിസികൾ നൽകുകയോ ചെയ്യുന്നതാണ്.

5. ഏറ്റെടുക്കുന്ന ഭൂമിയിൽ നിന്ന് കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഒരു വർഷത്തേക്ക് അവാർഡ് തീയതി മുതൽ മാസന്തോറും 5000/- രൂപ ഉപജീവന ഗ്രാന്റായി നൽകുന്നതാണ്.

6. കൂടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക്, താമസം മാറുന്നതിനും വസ്തു വകകൾ മാറ്റുന്നതിനുമായി 50,000/-രൂപയുടെ ഒറ്റത്തവണ സാമ്പത്തിക സഹായം നൽകുന്നതാണ്.

7. കന്നുകാലികളോ, ചെറുപീടികകളോ ഉള്ള ബാധിക്കപ്പെട്ട ഓരോ കുടുംബത്തിനും കന്നുകാലി ഷെഡ്/പീടിക പുനഃസ്ഥാപിക്കുന്നതിനായി 50,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുന്നതാണ്.

8. കുടിയിറക്കപ്പെട്ടുന്ന ഓരോ കുടുംബത്തിനും പുനഃസ്ഥാപന അലവൻസായി 50,000/- രൂപ ഒറ്റത്തവണയായി നൽകുന്നതാണ്.

9. കമ്പനികൾ, ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, 2000/-ചതുരശ്ര അടിയിൽ കുടുതൽ തറ വിസ്തീർണ്ണം വരുന്ന വലിയ ഷോപ്പുകൾ എന്നിവ ഒഴികെയുള്ള, ബാധിത പ്രദേശത്തെ കുടിയിറക്കപ്പെടുന്ന വാടക വാണിജ്യക്കാർക്ക് 2 ലക്ഷം രൂപയുടെ ഒറ്റത്തവണ സാമ്പത്തിക സഹായം നൽകുന്നതാണ്.

10. ബാധിയ്ക്കപ്പെടുന്ന പ്രദേശത്ത് നിന്നും കുടിയിറക്കപ്പെടുന്ന വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഉപജീവനം നഷ്ടപ്പെടുന്നതിനാൽ വ്യവസ്ഥകൾക്ക് വിധേയമായി ആറ് മാസക്കാലയളവിലേക്ക് 6,000/-രൂപ പ്രതിമാസ സാമ്പത്തിക സഹായം നൽകുന്നതാണ്.

11. ബാധിയ്ക്കപ്പെടുന്ന പ്രദേശത്ത് വാടകക്ക് താമസിച്ചു വരുന്നതും കുടിയിറക്ക പ്പെടുന്നതുമായ കുടുംബങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പുതിയ താമസ സ്ഥലം കണ്ടെത്തി താമസം മാറുന്നതിനായി 30,000/–രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുന്നതാണ്, തുടങ്ങിയവ.

അദ്ധ്യായം 2

പദ്ധതി വിവരണം

ഒരു രാജ്യത്തിന്റെ വികസനത്തിൽ, അടിസ്ഥാന സൗകര്യ വികസനമാണ് പ്രാഥ മികമായി മുന്നിട്ട് നിൽക്കുന്നത്. സർക്കാർ സ്ഥാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥാപനങ്ങളുടെ വികസനത്തിനോ, റോഡ്, പാലങ്ങൾ, റെയിൽവേ തുടങ്ങിയവ അടിസ്ഥാന സൗകര്യ നിർമ്മാണ ത്തിനോ വേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ ന്യായമായതും ഒഴിവാക്കാൻ സാധിക്കാ ത്തതുമാണ്.

റോഡ് ദൈർഘ്യം പരിഗണിയ്ക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളെ അപേ ക്ഷിച്ച് മികവ് പുലർത്തുന്ന ഒരു പ്രദേശമാണ് കേരളം. എന്നാൽ റോഡുകളുടെ ഗുണനിലവാരം പ്രതീക്ഷിക്കുന്ന തരത്തിൽ മെച്ചപ്പെടുത്തി നിലനിറുത്താൻ പലപ്പോഴും കഴിയുന്നില്ലായെന്നുള്ള ഒരു വികാരം/അഭിപ്രായം ജനങ്ങളുടെ ഇട യിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് തന്നെ നിലവിലുള്ള റോഡുകളുടേയും പാലങ്ങളുടേയും ഗുണ നിലവാരം മെച്ചപ്പെടുത്തലും നവീകരണവുമാണ് റോഡ് വികസനത്തിൽ പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളതെന്നാണ് കാണാൻ സാധിക്കുന്നത്. വിശാലമായ റോഡ് നെറ്റ്വർക്കുമായുള്ള ബന്ധം പുതിയ കച്ചവടങ്ങൾ, തൊഴിലവസരങ്ങൾ സാങ്കേതികവിദ്യകൾ, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിലേക്കുള്ള പ്രവേശനമാകുന്നതിലൂടെ നാടിന്റെ വികസന ത്തിനും നവീകരണത്തിനും ഉത്തേജനം നൽകുന്നതിനുള്ള അവസരമൊരുക്കുക യും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും നവീകരണവും സുസ്ഥിരവികസനത്തിന് ഒരു പ്രേരക ശക്തിയാ ണെന്നത് ഒരു വസ്തുതയായും നില നിൽക്കുകയും ചെയ്യുന്നുണ്ട്.

2.1. ഡെവലപ്പറുടെ പശ്ചാത്തലവും, ഭരണ/ മാനേജ്മെന്റ് ഘടനയും ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

കേരളാ റോഡ് ഫണ്ട് ബോർഡ് തൃശ്ശൂർ ജില്ലാ എക്സിക്യുട്ടീവ് എൻജിനീയ റാണ് ഈ പദ്ധതിയുടെ ഡെവലപ്പർ/ അർത്ഥാനാധികാരിയായിട്ടുള്ളത്. ഡെവ ലപ്പറുടെ പശ്ചാത്തലവും, ഭരണ/ മാനേജ്മെന്റ് ഘടനയും ഉൾപ്പെടെ പദ്ധതി യുടെ പശ്ചാത്തലം സംബന്ധിച്ച് പഠന സംഘം ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ/ മറുപടി ഡെവലപ്പറിൽ നിന്ന് ലഭ്യമായിട്ടില്ല.

2..2 നിയമത്തിൽ ലിസ്റ്റ്ചെയ്തിരിക്കുന്ന പൊതുആശ്യത്തിനുള്ള മാനദണ്ഡ ങ്ങളുമായി എപ്രകാരം യോജിക്കുന്നുവെന്നതുൾപ്പെടെയുള്ള പദ്ധതിയുടെ യുക്തി

അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെ പരിധിയിൽപ്പെടുന്ന റോഡിന്റെ വികസനമാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. ഇപ്രകാരം പ്രദേശത്തിന്റെ മുഖഛായ തന്നെ മാറുന്ന ഒരു അടിസ്ഥാന സൗകര്യ വികസനമാ

യിട്ട് പദ്ധതിയെ കാണുന്നതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ബന്ധപ്പെട്ട നിയമത്തിലെ സെക്ഷൻ 2(1) (ഇ) യുടെ പരിധിയിൽപ്പെടുന്ന തരത്തിലുള്ള ഒരു പൊതു ആവശ്യമായി തന്നെ കണേണ്ടി വരുന്നുണ്ട്.

2.3 പദ്ധതി വലിപ്പം, സ്ഥാനം, ശേഷി, ഉൽപ്പന്നം, ഉൽപാദന ലക്ഷ്യങ്ങൾ, ചെലവ്, അപകട സാധ്യതകൾ

ഇക്കാര്യത്തിൽ ഡെവലപ്പറുടെ മറുപടി പഠന സംഘത്തിന് ലഭ്യമായിട്ടില്ല

2.4 ഇതര മാർഗ്ഗങ്ങളുടെ പരിശോധന

ഇക്കാര്യത്തിൽ ഡെവലപ്പറുടെ മറുപടി ലഭിച്ചിട്ടില്ല. എന്നാൽ റോഡ് വികസനത്തിൽ, അതിന്റെ ഇരുവശത്തുമുള്ള ഭൂമി ഉപയോഗിക്കുകയെന്നതാണ് സാധ്യമായ മാർഗ്ഗമെന്ന് കാണുന്നുണ്ട്. നിർദ്ദിഷ്ട പദ്ധതിയിലും ഇതേ മാർഗ്ഗമാണ് ഡെവലപ്പർ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇതര മാർഗ്ഗങ്ങളുടെ പരിശോധനയ്ക്ക് വലിയ പ്രസക്തിയള്ളതായി നിരീക്ഷിക്കുന്നില്ല.

2.5 പദ്ധതിയുടെ നിർമ്മാണ ഘട്ടങ്ങൾ

ഇക്കാര്യത്തിൽ ഡെവലപ്പറുടെ മറുപടി പഠന സംഘത്തിന് ലഭ്യമായിട്ടില്ല.

2.6. പ്രധാന രൂപകല്പന, സവിശേഷതകൾ, വലിപ്പം, സൗകര്യങ്ങൾ സംബന്ധിച്ച വിവരണം

ഇക്കാര്യത്തിൽ ഡെവലപ്പറുടെ മറുപടി പഠന സംഘത്തിന് ലഭ്യമായിട്ടില്ല.

2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത സംബന്ധിച്ച വിവരണം

അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത സംബന്ധിച്ച് ഡെവലപ്പർ മറുപടി ലഭ്യമാക്കിയിട്ടില്ല.

2.8 തൊഴിൽ ശക്തി ആവശ്യകതകൾ (താല്കാലികവും, സ്ഥിരമായതും)

പദ്ധതിയ്ക്ക് വേണ്ടി പ്രത്യേകമായ രീതിയിലുള്ള തൊഴിൽ ആവശ്യകതകളെ സംബന്ധിച്ച് ഡെവലപ്പറുടെ മറുപടി പഠന സംഘത്തിന് ലഭ്യമായിട്ടില്ല. എന്നാൽ റോഡ് വികസനമായതിനാൽ നിർദ്ദിഷ്ട പദ്ധതിയിൽ തൊഴിൽ ശക്തി ആവശ്യകതകൾക്ക് പ്രസക്തിയുണ്ടാകുന്നില്ലായെന്നാണ് നിരീക്ഷിക്കുന്നത്.

2.9 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ, അതിന്റെ വിവരവും സാങ്കേതിക സൗകര്യം സംബന്ധിച്ച വിശദാംശങ്ങളും

ഡെവലപ്പറുടെ അഭിപ്രായം ഇക്കാര്യത്തിൽ ലഭ്യമായിട്ടില്ല. എന്നാൽ നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെട്ട്, ഇപ്പോൾ നടന്നുവരുന്ന പഠനം അല്ലാതെ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനമോ, പരിസ്ഥിതി പ്രത്യാഘാത

വിലയിരുത്തൽ പഠനമോ നടന്നിട്ടില്ലായെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ളത്.

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

പദ്ധതിയുമായി ബന്ധപ്പെട്ട് (റോഡിന്റെ വികസനം) അനുവർത്തിക്കുന്ന നിയമങ്ങളെ സംബന്ധിച്ച് ഡെവലപ്പർ ഒരു വിവരവും പഠന സംഘത്തിന് കൈമാറിയിട്ടില്ല.

എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി താഴെ വിവരിക്കുന്ന നിയമവും ചട്ടങ്ങളുമാണ് ഭൂമിയേറ്റെടുക്കൽ അധികാരി അനുവർത്തിക്കുന്നത്.

1. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.
2. Kerala Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Rules, 2015.

അദ്ധ്യായം 3

പഠനസംഘ സമീപനം, രീതിശാസ്ത്രം, സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ, സമയക്രമവും, ആസൂത്രണവും

2013 ലെ നിയമം അനുസരിച്ച് സർക്കാരിന്റെ ആവശ്യത്തിനായോ, സർക്കാർ–സ്വകാര്യ പങ്കാളിത്വത്തിലുള്ള പൊതു അവശ്യത്തിനായോ ഭൂമി ഏറ്റെടുക്കുന്നതിന്, സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുകയും സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതിയ്ക്ക് രൂപം നൽകുകയും ചെയ്യേണ്ടതുണ്ട്. ഭൂമി ഏറ്റെടുത്ത് കൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിർദ്ദിഷ്ട പ്രദേശത്തെ സമൂഹത്തിനുണ്ടാകുന്ന മാറ്റങ്ങളും പരിണിത ഫലങ്ങളും സംബന്ധിച്ച് നടത്തുന്ന ഗവേഷണ ആസൂത്രണ പ്രക്രിയയാണ് സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ എന്നത് കൊണ്ട് പൊതുവായി ഉദ്ദേശിക്കുന്നത്. സമൂഹത്തിലുണ്ടാകുന്ന ദോഷകരമായ ആഘാതങ്ങളും അവയ്ക്കുള്ള ആശ്വാസ നടപടികളും പദ്ധതി മുഖേനയുണ്ടാകാനിടയുള്ള നേട്ടങ്ങളും അവ അഭിവൃദ്ധിപ്പെടുത്താനുള്ള സാഹചര്യങ്ങളും തിരിച്ചറിഞ്ഞ് വിശകലനം നടത്താനുള്ള ഒരു അവസരമായിട്ടാണ് സാമൂഹിക പ്രത്യാഘാത അവലോകനത്തെ ഉപയോഗപ്പെടുത്തേണ്ടതെന്നും കാണേണ്ടതുണ്ട്.

3.1 പഠന സംഘം

ലാൻഡ് റവന്യൂ, സർവ്വെയും ഭൂരേഖയും, വിദ്യാഭ്യാസം, സെക്രട്ടറിയേറ്റ് തുടങ്ങി വിവിധ വകുപ്പുകളിൽ ദീർഘകാലം ജോലി ചെയ്ത് വിരമിച്ചവരും, വിവിധ മേഖലകളിൽ സാങ്കേതിക ജ്ഞാനമുള്ള യുവാക്കളായ പ്രൊഫഷണലുകളും ഉൾപ്പെട്ട ഒരു സംഘമാണ് സാമൂഹിക പ്രത്യാഘാത അവലോകന യൂണിറ്റിൽ പ്രവർത്തിച്ച് വരുന്നത്. ഭൂമി ഏറ്റെടുക്കൽ, സർവ്വെ, അനുബന്ധ നടപടികൾ,

നിർമ്മിതികൾ, സാമൂഹിക വിഷയങ്ങൾ തുടങ്ങി പഠനത്തിന് അവശ്യമായ വിവിധ മേഖലകളിൽ സാങ്കേതിക പ്രാവിണ്യമുള്ളവരാണ് ഈ പഠന സംഘത്തിൽ ഉൾപ്പെട്ടിരുന്നത്.

പഠനസംഘത്തിലെ പ്രധാന അംഗങ്ങൾ.

പേര്	**പദവി**	**ചുമതല**
ശ്രീ. പ്രതാപൻ. എൻ	തഹസീൽദാർ (റിട്ട.)	പ്രോജക്ട് ഡയറക്ടർ/ ചെയർമാൻ
ശ്രീ. ഹരീന്ദ്രനാഥൻ നായർ	അസി. കമ്മിഷണർ ലാൻഡ് റവന്യു (റിട്ട)	പുനരധിവാസ വിദഗ്ദ്ധൻ
ശ്രീമതി. സുസന്ന സൈമൺ	എം.എസ്.ഡബ്ളിയു	സാമൂഹിക ശാസ്ത്രജ്ഞ
ശ്രീ. പ്രേമചന്ദ്രൻ നായർ	ഡെപ്യൂട്ടി സെക്രട്ടറി ഗവ.സെക്രട്ടറിയേറ്റ് (റിട്ട.)	പുനരധിവാസ വിദഗ്ദ്ധൻ
ശ്രീ. അജിത് കുമാർ	സർവ്വേ സൂപ്രണ്ട് (റിട്ട.)	സാങ്കേതിക വിദഗ്ദ്ധൻ
ശ്രീ. അച്ചു എം. എസ്	അഡ്വക്കേറ്റ്	നിയമ വിദഗ്ധൻ
ശ്രീ.ഹരികുമാർ	ഫസ്റ്റ് ഗ്രേഡ് സർവേയർ(റിട്ട.)	ഇൻവെസ്റ്റിഗേറ്റർ
ശ്രീ. അഖിൽ പി നായർ	ഗ്രാജുവേറ്റ്	ഇൻവെസ്റ്റിഗേറ്റർ

3.2 സാമൂഹിക പ്രത്യാഘാത വിലയിരുത്തലിനായി വിവരങ്ങൾ ശേഖരിക്കുന്നതിന് അവലംബിച്ച രീതിശാസ്ത്രവും, യുക്തിയും

ഒരു പദ്ധതി നടപ്പിലാക്കുന്നത് മുഖേന പ്രദേശത്ത് ഉണ്ടാകാവുന്ന സാമൂഹിക ആഘാതങ്ങളും, അവയ്ക്കുള്ള ആശ്വാസ നടപടികളും സംബന്ധിച്ച് പഠനം നടത്തി, റിപ്പോർട്ട് / ശുപാർശ തയ്യാറാക്കുകയെന്ന ഉത്തരവാദിത്വമാണ് സാമൂഹിക പ്രത്യാഘാത യൂണിറ്റിൽ നിഷിപ്തമായിട്ടുള്ളത്. ഇതിന്വേണ്ടി വിവിധ തലങ്ങളിൽ നിന്ന് ഗുണപരവും, പരിമാണപരവുമായ ഒട്ടനവധി വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യേണ്ടതുണ്ട്. മുകളിൽ വിവരിച്ച പ്രകാരമുള്ള ഉദ്ദേശം സാക്ഷാത്കരിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭിക്കുന്ന തരത്തിലുള്ള ഒരു ചോദ്യാവലിക്ക് രൂപം നൽകിയിരുന്നു. പ്രസ്തുത ചോദ്യാവലിയ്ക്ക് അനുസൃതമായി വിവര ശേഖരണം നടത്തുന്നതിന് പരിശീലനം നൽകിയിരുന്ന സംഘാംഗങ്ങളാണ് ഫീൽഡ് ഇൻവേസ്റ്റിഗേഷനിൽ പങ്കെടുത്തിരുന്നത്. വിശദമായ അവലോകനത്തിലൂന്നിയുള്ള പഠനത്തിന് ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാകുന്ന തരത്തിൽ ശാസ്ത്രീയ–സങ്കേതിക കാഴ്ചപ്പാടോടെ തയ്യാറാക്കിയ ചോദ്യാവലി പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്തിരുന്നു.

3.3 പഠന സമ്പ്രദായത്തിലെ മാതൃകാ പരിശോധന

പ്രാഥമിക പരിശോധന നടത്തിയതിൽ നിന്ന്, ബാധിത സമൂഹത്തിലെ വിവിധ ഗ്രൂപ്പുകളുടെ ജീവിത നിലവാരത്തിലും സാമൂഹിക കാഴ്ചപ്പാടുകളിലും വ്യത്യാസം നില നിൽക്കുന്നതിനാൽ ബാധിയ്ക്കപ്പെടാവുന്ന/അനുഭവിക്കേണ്ടി വരുന്ന ആഘാതത്തിന്റെ സ്വാഭാവത്തിലും, തീവ്രതയിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്ന് കണ്ടിരുന്നു. ഇപ്രകാരം വിവിധ ഗ്രൂപ്പുകളിലുണ്ടാകുന്ന പ്രത്യാഘാതങ്ങളുടെ സ്വഭാവത്തിലൂം തീവ്രതയിലും ആവർത്തന സ്വഭാവം ഇല്ലാത്തതിനാൽ പഠന സമ്പ്രദായത്തിൽ ഒരു മാതൃകാ പരിശോധനക്ക് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയില്ലായെന്ന് മനസ്സിലാക്കിയതിനാൽ പ്രസ്തുത സമ്പ്രദായം ഈ പഠനത്തിൽ വിശാലമായ അർത്ഥത്തിൽ ഉപയോഗിച്ചിരുന്നില്ല.

3.4 ഉപയോഗപ്പെടുത്തിയ വിവരം / വിവര സ്രോതസ്സുകളെ സംബന്ധിച്ച അവലോകനം

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ബാധിയ്ക്കാനിടയുള്ള സാമൂഹ്യക പ്രത്യാഘാതങ്ങളേയൂം അവയ്ക്കുള്ള ആശ്വാസ നടപടികളേയും സംബന്ധിച്ച പഠനത്തിന് വേണ്ടി, വിവരങ്ങളുടെ വലിയ ഒരു ശ്രേണി തന്നെ ശേഖരിയ്ക്കേണ്ടതായിട്ടുണ്ടായിരുന്നു. പഠന പ്രക്രിയയുടെ വിവിധ ഘട്ടങ്ങളെ അടിസ്ഥാനമാക്കി ലഭിയ്ക്കേണ്ടിയിരുന്ന/ശേഖരിയ്ക്കേണ്ടിയിരുന്ന വിവരങ്ങളെ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വർഗ്ഗീകരിച്ചാണ് സമീപിച്ചിരുന്നത്. ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരുന്ന ഭൂമിയെ സംബന്ധിക്കുന്നതും, പദ്ധതിയെ കുറിച്ച് ഡെവലപ്പറിൽ നിന്ന് ശേഖരിക്കേണ്ടവയേയും പ്രാഥമിക വിഭാഗത്തിൽ ഉൾപ്പെടുത്തി പഠനാരംഭത്തിൽ തന്നെ ശേഖരിക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇതിനുവേണ്ടി ജില്ലാ കളക്ടർ, ലാൻഡ് അക്വിസിഷൻ ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ റോഡ് ഫണ്ട് ബോർഡ് എന്നീ അധികാരികളുമായി ബന്ധപ്പെടേണ്ടി വന്നിരുന്നു.

ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾ, കൈവശക്കാർ, പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട സമീപ വാസികൾ ഉൾപ്പെടെ തൽപ്പരകക്ഷികളിൽ നിന്ന് വിശാലമായ രീതിയിലുള്ള വിവര ശേഖരണമാണ് പിന്നീട് നടത്തേണ്ടിയിരുന്നത്. ഈ വിഭാഗത്തിൽ ലഭ്യമായവയെ ദ്വീതിയ വിവരങ്ങളെന്ന് തരം തിരിച്ചിരുന്നു. തുടർച്ചയായ ഫീൽഡ് / കുടുംബ സന്ദർശനം നടത്തിയാണ് ഇവ ശേഖരിച്ചിരുന്നത്. ഇപ്രകാരമുള്ള വിവരങ്ങളുടെ അവലോകനത്തിൽ നിന്നാണ് പഠന റിപ്പോർട്ടിന്റെ കരട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. പൊതു വാദം സംഘടിപ്പിക്കുമ്പോൾ ലഭ്യമാകുന്നവയെ തൃതീയ വിവരങ്ങളെന്നുമാണ് തരം തിരിച്ചിട്ടുള്ളത്.

3.5 ബന്ധപ്പെട്ട കക്ഷികളുമായുള്ള കൂടിയാലോചനാ സമയ ക്രമവും, പൊതു ചർച്ചയുടെ വിശദാംശങ്ങളും

സാമൂഹിക പ്രത്യാഘാത അവലോകന പഠനത്തിന്റെ ചുമതല ഏൽപ്പിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളായ ജില്ലാകളക്ടർ, ഭൂമി ഏറ്റെടുക്കൽ അധികാരി, ഡെവലപ്പർ തുടങ്ങിയവരുമായി പഠന സംഘം ബന്ധപ്പെട്ടിരുന്നു. കൂടാതെ

ബാധിത കുടുംബാംഗങ്ങളുമായും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപന ത്തിലെ പ്രതിനിധികളുമായും വിഷയം ചർച്ച ചെയ്തിരുന്നു.

കരട് റിപ്പോർട്ട് ചട്ടപ്രകാരം പ്രസിദ്ധീകരിച്ച ശേഷം, ഭൂവുടമകൾ മറ്റ് തൽപ്പര കക്ഷികൾ, പദ്ധതിയുടെ ഡെവലപ്പർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് കൊണ്ട് ഒരു പൊതു വാദം കേൾക്കൽ / പൊതുചർച്ച സംഘടിപ്പിക്കുന്നതാണ്. ഇതിലൂടെ ലഭ്യമാക്കുന്ന വീക്ഷണങ്ങളുടെ/അഭിപ്രായങ്ങളുടെ/ മറുപടികളുടെ അവലോക നത്തിൽ നിന്നുള്ള വിവരങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാണ് പഠന റിപ്പോർട്ട് അന്തിമമാക്കുന്നത്.

അദ്ധ്യായം.4

ഭൂമി വിലയിരുത്തൽ

വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാന പ്രകൃതി വിഭവമാണ് ഭൂമി. അതിനാൽ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഭൂമിയുടെ ആവശ്യം പല മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജനസാന്ദ്രത വളരെ കൂടുതലായിട്ടുള്ള പ്രദേശമാണ് കേരളം. ജനങ്ങൾക്ക് വസിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമാകുന്ന കാര്യത്തിൽ പോലും ദൗർലഭ്യം അനുഭവപ്പെടുന്ന സംസ്ഥാനമായിട്ടാണ് കേരളത്തെ കാണാൻ കഴിയുന്നത്. എന്നാൽ വ്യാവസായിക വൽക്കരണത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുമായി ഏറ്റെടുക്കുന്നതിനും, നഷ്ടപരിഹാരം നൽകാനുമുള്ള സർ ക്കാരിന്റെ ഒരു അധികാരമായും ഭൂമിയെ കാണേണ്ടിവരുകയും ചെയ്യുന്നു. അതി നാൽ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം താരതമ്യേന സങ്കീർണമായ ഒരു സംഗ തിയായി നില നിൽക്കുകയും ചെയ്യുന്നതായിട്ടാണ് പഠന സംഘത്തിന് ബോദ്ധ്യ പ്പെടുന്നത്.

4.1 ഭൂപടം, രജിസ്റ്ററുകൾ, പ്രാഥമിക സ്രോതസ്സുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരണം

നിർദ്ദിഷ്ട പദ്ധതിയ്ക്ക് വേണ്ടി ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിൽ നിന്ന് 40.000 ആർ ഭൂമി ഏറ്റെടുത്ത് നൽകാനാണ് അർത്ഥനാധി കാരി/ഡെവലപ്പർ അപേക്ഷിച്ചിട്ടുള്ളതായി കാണുന്നത്. 4(1) വിജ്ഞാപനത്തിൽ പ്രസ്തുത ഭൂവിഭാഗങ്ങൾ 95 സർവെ സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്നുവെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധനയിൽ ഇവ 211 സ്വകാര്യ കൈവശ ങ്ങളിലാണെന്നാണ് പഠന സംഘത്തിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കൂടാതെ നട വഴികളുടേയും, ബൈ റോഡുകളുടേയും ഭാഗങ്ങളും ഭാഗികമായി അലൈൻമെന്റിൽ ഉൾപ്പെട്ട് വരുന്നുണ്ട്. ഏറ്റെടുക്കേണ്ടവയിൽ ഏറിയ കൂറും പാർപ്പിട കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂവിഭാഗങ്ങളാണെങ്കിലും 03 പാർപ്പിട കെട്ടിടങ്ങൾ മാത്രമാണ് അലൈൻമെന്റിനകത്ത് ഭാഗികമായി ഉൾപ്പെട്ട് വരുന്നത്. 52 കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങളും ഭാഗികമായി ഉൾപ്പെടുന്നുണ്ട്. ഭാഗിക മായി ഉൾപ്പെടുന്ന കച്ചവട സ്ഥാപനങ്ങളിൽ 02 എണ്ണത്തിന് ഏറ്റെടുക്കലിനു ശേഷം മിച്ചം വരുന്ന ഭാഗത്ത് തുടർന്ന് പ്രവർത്തിയ്ക്കാൻ കഴിയുമെന്ന് കാണു ന്നില്ല. കൃഷി ചെയ്തിരുന്ന നിലങ്ങളുടെ ഭാഗങ്ങളും, പ്രത്യേക ആവശ്യത്തിന് ഉപ

യോഗിയ്ക്കാതെ ഒഴിഞ്ഞ് കിടക്കുന്ന ഭൂവിഭാഗങ്ങളും ഭാഗികമായിട്ട് അലൈൻമെന്റിനകത്ത് ഉൾപ്പെടുന്ന സാഹചര്യവുമുണ്ട്.

4.2 പദ്ധതിയുടെ സ്വാധീനം മുഖേന ആഘാതത്തിൽപ്പെടുന്ന മൊത്തം പ്രദേശം

നിർദ്ദിഷ്ട റോഡ് വികസനത്തിന് വേണ്ടി 211 വ്യക്തികളുടെ/കുടുംബങ്ങളുടെ/സ്ഥാപനങ്ങളുടെ കൈവശ ഭൂമിയാണ് ഭാഗികമായി ഏറ്റെടുക്കേണ്ടി വരുന്നത്. കൈവശ ഭൂമി പൂർണ്ണമായും ഏറ്റെടുക്കുന്ന കേസുകളില്ല. പാർപ്പിട കെട്ടിടങ്ങൾ, കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങൾ, പൊതു സ്വഭാവത്തിലുള്ള സംരംഭങ്ങൾ എന്നിവയും ഭാഗികമായി ബാധിയ്ക്കുന്ന സ്ഥിതി വിശേഷമുണ്ട്. റോഡ് വികസനമെന്ന പദ്ധതിയായതിനാൽ, ഭൂമിയും മറ്റ് ആസ്തികളും നഷ്ടപ്പെടുന്ന പ്രദേശം മാത്രമാണ് പദ്ധതിയുടെ സ്വാധീനം മുഖേന ആഘാതത്തിൽപ്പെടുന്ന മൊത്തം പ്രദേശമായി കാണാൻ കഴിയുന്നത്. സ്വന്തം ഭൂമി നഷ്ടമാകാത്ത സമീപ വാസികൾക്കോ, സമീപ പ്രദേശത്തിനോ നിർദ്ദിഷ്ട പദ്ധതി യാതൊരു തരത്തിലുമുള്ള ആഘാതവും സൃഷ്ടിക്കുന്ന സാഹചര്യമില്ലായെന്നാണ് നിരീക്ഷിക്കാൻ കഴിഞ്ഞിട്ടുള്ളത്.

4.3 പദ്ധതിയുടെ മൊത്തം ഭൂമി ആവശ്യം

വരന്തരപ്പിള്ളി വില്ലേജ് പരിധികളിൽ നിന്നായി 40.00 ആർ ഭൂമിയാണ് ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ളത്. നിലവിലുള്ള റോഡിനെ 10 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയുന്നു. ഇതിലേക്കായി റോഡിന്റെ ഇരുവശത്തുനിന്നും 0.20 മുതൽ ഉദ്ദേശം 2 മീറ്റർ വരെ വീതിയിൽ ഭൂമി യേറ്റെടുക്കാനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നത്. ബസ് ബേകൾക്ക് വേണ്ടി യോ, വളവുകൾ നിവർക്കുന്നതിന് വേണ്ടിയോ അധികമായി ഭൂമിയേറ്റെടുക്കേണ്ടതായ സാഹചര്യമുണ്ടെന്ന് അലൈൻമെന്റ് സൂചിപ്പിക്കുന്നില്ല. നടവഴികൾ, ബൈറോഡുകൾ, പൊതു ആസ്തികൾ എന്നിവയും ഭാഗികമായി അലൈൻമെന്റിനകത്ത് ഉൾപ്പെടുന്നുണ്ട്. സർവെ നടപടികളിലൂടെ മാത്രമേ പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന സ്വകാര്യ ഭൂമിയുടെ മൊത്തം അളവ് തിട്ടപ്പെടുത്താൻ കഴിയുകയുള്ളുവെന്നും, സ്വകാര്യ ഭൂവിഭാഗങ്ങൾ മാത്രമാണ് ഏറ്റെടുക്കൽ നടപടികൾക്ക് വിധേയമാക്കേണ്ടതായി വരുന്നതെന്നും മനസ്സിലാക്കുന്നുണ്ട്. പദ്ധതിയ്ക്ക് വേണ്ടതായ മൊത്തം ഭൂമി ആവശ്യം സംബന്ധിച്ച് ഡെവലപ്പറോട് അഭ്യർത്ഥിച്ചിരുന്ന വിവരം ലഭ്യമായിട്ടില്ല.

4.4 പദ്ധതി പ്രദേശത്തിന് സമീപം പൊതു ഉപയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

പഠന സംഘം നടത്തിയ പരിശോധനയിൽ ബൈ റോഡുകളും, നടപ്പാതകളുമാണ് പൊതു ഉപയോഗത്തിലുള്ള ഭൂമിയായി കാണാൻ കഴിയുന്നത്. ഇത് കൂടാതെ രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, രണ്ട് ആരാധനാലയങ്ങൾ, രാഷ്ടീയ പാർട്ടിയുടെ ഒരു ഓഫീസ് എന്നിവയുടെ ചുറ്റുമതിലുകളും ഭാഗികമായി അലൈൻമെന്റിൽ ഉൾപ്പെട്ട് വരുകയും ചെയ്യുന്നുണ്ട്. ഇവയെല്ലാം നിലവിൽ പൊതു ഉപയോഗത്തിൽ തന്നെയാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

4.5 നിലവിൽ ഏതെങ്കിലും ഭൂമി വാങ്ങുകയോ, അന്യാധീനപ്പെടുത്തുകയോ പാട്ടത്തിന് കൊടുക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പദ്ധതിയ്ക്ക് ആവശ്യമുള്ള ഭൂമിയുടെ ഓരോ പ്ലോട്ടിന്റേയും നിർദ്ദിഷ്ട ഉപയോഗം

പദ്ധതിയ്ക്ക് ആവശ്യമായി വരാവുന്ന അവസ്ഥയിലുള്ള ഭൂവിഭാഗങ്ങളൊന്നും തന്നെ ഡെവലപ്പർ/അർത്ഥനാധികാരി വില വാങ്ങുകയോ, അന്യാധീനപ്പെടുത്തുകയോ, പാട്ടത്തിന് കൊടുക്കുകയോ ചെയ്തിട്ടില്ലായെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. നിലവിലുള്ള റോഡും, റോഡ് പുറമ്പോക്കുകളുമാണ് പദ്ധതിക്ക് ഉപയോഗിക്കാൻ തക്ക രീതിയിൽ ഡെവലപ്പറുടെ കൈവശത്തിലുള്ളതെന്നും മനസ്സിലാക്കേണ്ടി വന്നിട്ടുണ്ട്.

4.6 പദ്ധതിയ്ക്കായി ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂമിയുടെ അളവും സ്ഥാനവും

ഡെവലപ്പർ തയ്യാറാക്കിയിട്ടുള്ള രൂപരേഖയനുസരിച്ച് 40.00 ആർ ഭൂമിയാണ് പദ്ധതിയ്ക്ക് ആവശ്യമായി വരുന്നത്. ഇതിൽ തന്നെ ബൈ റോഡുകളുടെയും, നടപ്പാതകളുടേയും, പൊതു ഉപയോഗത്തിലുള്ള ഭൂവിഭാഗങ്ങളുടെയും ഭാഗങ്ങളും ഉൾപ്പെട്ട് വരുന്നുണ്ട്. വിശദമായ സർവെ നടപടികൾക്ക് ശേഷം മാത്രമേ പൊന്നും വിലയ്ക്കെടുക്കേണ്ടി വരുന്ന സ്വകാര്യ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം വെളിവാകുകയുള്ളൂവെന്ന് കാണുന്നുണ്ട്. ചാലക്കുടി താലൂക്കിൽപ്പെടുന്ന വരന്തരപ്പിള്ളി വില്ലേജിലാണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്.

4.7 ഭൂമിയുടെ സ്വഭാവം, തരം തിരിവ്, ഉപയോഗം, കൃഷി ഭൂമിയാണെങ്കിൽ ജലസേചന ലഭ്യതയും വിളവെടുപ്പ് രീതിയും

പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂവിഭാഗങ്ങൾ പ്രധാനമായും പാർപ്പിട കെട്ടിടങ്ങൾ, കച്ചവട സ്ഥാപനങ്ങൾ പൊതു ഉപയോഗത്തിലുള്ള സ്ഥാപനങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്നതും നിലവിലുള്ള റോഡിന്റെ ഇരുവശത്തുമായി വരുന്ന ഭൂവിഭാഗങ്ങളാണ്. 211 കൈവശങ്ങളുള്ളതിൽ 24 കൈവശങ്ങൾ ചമയങ്ങളൊന്നും തന്നെ ഇല്ലാതെ ഒഴിഞ്ഞ് കിടക്കുന്നവയാണ്. ഇവയിൽ പുരയിടം, നിലം, തരിശ് എന്നീ കാറ്റഗറികളിലുള്ള ഭൂവിഭാഗങ്ങൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ നിലമെന്ന കാറ്റഗറിയിൽ ഉൾപ്പെട്ട് വരുന്നവയിലൊന്നും തന്നെ ഗൗരവസ്വഭാവത്തോടെ കൃഷി ചെയ്തു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

4.8 കൈവശ ഭൂമിയുടെ വലിപ്പം, ഉടമസ്ഥാവകശത്തിന്റെ രീതി, ഭൂമി വിതരണം, താമസ കെട്ടിടങ്ങളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം

211 വ്യക്തികളുടെ/കുടുംബങ്ങളുടെ/സ്ഥാപനങ്ങളുടെ കൈവശ ഭൂമിയിൽ നിന്നാണ് ഭാഗികമായ അളവിൽ റോഡ് വികസനത്തിന് വേണ്ടി ഭൂമിയേറ്റെടുക്കേണ്ടതായി വരുന്നത്. 109 ഭൂവിഭാഗങ്ങളിൽ പാർപ്പിട കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ 03 പാർപ്പിട കെട്ടിടങ്ങളെ മാത്രമേ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ ദോഷകരമായി ബാധിക്കുന്നുള്ളു. ഒരു പാർപ്പിട കെട്ടിടത്തെ പോലും പൂർണ്ണമായി ദോഷപ്പെടുത്തുന്ന സ്ഥിതി വിശേഷമില്ല.

ഇതിൽ ഏറ്റവും കൂടിയ കൈവശ വിസ്തീർണ്ണം 02.60 ഹെക്ടറും ഏറ്റവും കുറഞ്ഞ കൈവശ വിസ്തീർണ്ണം 2.02 ആറുമാണ്. ഇതിൽ 83 എണ്ണം നിലവിലെ കൈവശക്കാർ വില വാങ്ങിയതാണെന്നും ബാക്കി വരുന്നവ പാരമ്പര്യമായി കൈമാറി കിട്ടിയതാണെന്നുമാണ് ബന്ധപ്പെട്ടവരുടെ പ്രതികരണങ്ങളിൽ നിന്ന് മന സ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

4.9 ഭൂമിയുടെവില, ഉടമസ്ഥാവകാശത്തിൽ അടുത്ത കാലത്തുണ്ടായ വ്യത്യാസങ്ങൾ, അവസാനത്തെ മൂന്ന്വർഷത്തിൽ ഭൂമിയിന്മേലുണ്ടായ കൈമാറ്റവും ഉപയോഗവും

ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗങ്ങളിൽ, നിലവിലുള്ള റോഡിൽ നിന്ന് വഴി സൗകര്യം ലഭിക്കുന്നവയണ്. ഭൂമിയുടെ സ്ഥാനം, സ്വഭാവം, ഇനം, വഴി സൗകര്യം, നിലവിലെ ഉപയോഗം തുടങ്ങിയ ഘടകങ്ങളാണ് ഭൂമി യുടെ വിലയെ സ്വാധീനിക്കുന്നത്. പാർപ്പിട കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതും, വഴി സൗകര്യം ഉള്ളതിനാൽ പാർപ്പിട കെട്ടിടങ്ങൾ നിർമ്മിക്കാൻ സൗകര്യമുള്ളതു മായ ഭൂവിഭാഗങ്ങളുമുണ്ട്. അതിനാൽ ഏറ്റെടുക്കുന്ന ഭൂവിഭാഗങ്ങൾക്ക് ആകർഷ കമായ വില ലഭിക്കാൻ സാധ്യതയുള്ളവയാണെന്നാണ് നിരീക്ഷിക്കുന്നത്. പ്രാദേ ശികമായ അന്വേഷണത്തിൽ പ്രദേശത്തെ ഏറ്റവും കൂടിയ വില അറിന് 15 ലക്ഷം രൂപയെന്നും ഏറ്റവും കുറഞ്ഞ വില ആറിന് 3.75 ലക്ഷം രൂപയെന്നുമാണ് മനസ്സി ലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ബാധിത ഭൂവിഭാഗങ്ങളുടെ ഉടമസ്ഥാവകാശങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കൈമാറ്റം സംഭവിച്ചിട്ടുള്ളതായി ബാധിത സമൂ ഹത്തിന്റെ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.


അദ്ധ്യായം 5

ബാധിത കുടുംബങ്ങൾ, ആസ്തികൾ, എണ്ണം മതിപ്പ് വില

ഒരു പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്നതു മുഖേന ഭൂമിയും മറ്റ് ആസ് തികളും നഷ്ടപ്പെടുന്ന കുടുംബങ്ങളുടേയും സ്ഥാപനങ്ങളുടേയും എണ്ണത്തെ യാണ് ആ പദ്ധതി മൂലം ഉണ്ടാകുന്ന ആഘാതത്തിന്റെ അളവ് കോലായി പരിഗണിയ്ക്കുന്നത്. അതിനാൽ സാമൂഹിക പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും തിട്ടപ്പെടുത്തുതിനുവേണ്ടി ബാധിത കുടുംബങ്ങളുടെ എണ്ണവും, നഷ്ടപ്പെടുന്ന ആസ്തികളുടെ മതിപ്പ് വിലയും കൃത്യമായി തന്നെ തിട്ടപ്പെടു ത്തേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന സ്ഥിതി വിവരകണക്കുകളിൽ നിന്ന് മാത്രമേ ആഘാതത്തിനുള്ള ആശ്വാസ നടപടികൾ ആസൂത്രണം ചെയ്യാൻ സാങ്കേതികമായി കഴിയുകയുള്ളുവെന്നും ബാദ്ധ്യപ്പെടുന്നുണ്ട്.

5.1. നേരിട്ട് ബാധിക്കുന്ന കുടുംബങ്ങളുടെ വിശദാംശങ്ങൾ

ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ 211 വ്യക്തികളെ/കുടുംബങ്ങ ളെ/സ്ഥാപനങ്ങളെ നേരിട്ട് ബാധിക്കുന്ന സ്ഥിതി വിശേഷമുണ്ട്. ഇവയിൽ 24 കൈവശങ്ങൾ ചമയങ്ങളില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന ഭൂവിഭാഗങ്ങളാണ്. 109 എണ്ണ ത്തിൽ പാർപ്പിട കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നവയാണെങ്കിലും 03 കെട്ടിടങ്ങൾ മാത്രമാണ് അലൈൻമെന്റിൽ ഭാഗികമായി ഉൾപ്പെട്ട് വരുന്നത്. 52 കച്ചവട /സ്വയം തൊഴിൽ സ്ഥാപനങ്ങളേയും, പൊതു ഉപയോഗത്തിലുള്ള 05 സ്ഥാപനങ്ങളേയും ഭാഗികമായി ബാധിക്കുന്ന സ്ഥിതി വിശേഷമുണ്ട്.



ബാധിയ്ക്കപ്പെടുന്ന കുടുംബങ്ങളേയും, ചമയങ്ങളേയും സംബന്ധിച്ച വിശദമായ സ്റ്റേറ്റ് മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗക്കാരും മറ്റ് വനവാസികളും ഉൾപ്പെടുന്ന കുടുംബങ്ങൾ

വനാവകാശം നഷ്ടപ്പെടുന്ന തരത്തിലുള്ള ഭൂമിയൊന്നും തന്നെ ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ളവയിൽ ഉൾപ്പെടുന്നില്ല. അതിനാൽ തന്നെ ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ ബാധിതസമൂഹത്തിൽ ഉൾപ്പെടുന്നില്ലായെന്ന് കാണുന്നുണ്ട്. എന്നാൽ പദ്ധതി പ്രദ്ശത്തിന് സമീപം വനഭൂമി സ്ഥിതി ചെയ്യുന്നുണ്ട്. ബാധിത കൈവശക്കാരിൽ ചിലരെ സംബന്ധിച്ചിടത്തോളം കരം ഒടുക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. കൈവശ ഭൂമിയുടെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് നിയമ സാധുതയുള്ള രേഖകളുടെ പരിശോധന ആവശ്യമാണെന്ന് നിരിക്ഷിക്കുകയും ചെയ്യുന്നു.

5.3 പൊതു വിഭവങ്ങൾ ഉപജീവന മാർഗ്ഗമായി ആശ്രയിച്ചിരുന്നവയിൽ ഭൂമി ഏറ്റെടുക്കുന്നതു മുഖേന അവ നഷ്ടപ്പെടുന്ന കുടുംബങ്ങൾ

റോഡ് പുറമ്പോക്കിൽ നടത്തി വരുന്ന 02 പെട്ടി കടകൾ/തട്ട് കടകൾ റോഡ് വികസനം മുഖേന നീക്കം ചെയ്യേണ്ട സാഹചര്യം ഒഴിച്ച് നിറുത്തിയാൽ പൊതു വിഭവങ്ങൾ ഉപജീവന മാർഗ്ഗമായി ആശ്രയിക്കുന്നവയിൽ ഭൂമിയേറ്റെടുക്കൽ മുഖേന അവ നഷ്ടപ്പെടുന്ന കുടുബങ്ങൾ നിർദ്ദിഷ്ട പ്രദേശത്തിലില്ലായെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. റോഡ് പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്നതും പദ്ധതിയാൽ ബാധിയ്ക്കപ്പെടുന്നതുമായ കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	കച്ചവടക്കാരന്റ് പേര്	കച്ചവടത്തിന്റെ സ്വഭാവം
1	ഷൈനി,ചീനിക്ക, പുലിക്കണ്ണി, പാലപ്പള്ളി	ചായക്കട (തട്ട്)
2	ഇബ്രാഹിം, പരുവോട്ടിൽ, പുലിക്കണ്ണി	ചായക്കട (തട്ട്)





5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ പ്രകാരം പതിച്ച് കിട്ടിയ ഭൂമി നഷ്ടപ്പെടുന്ന കുടുംബങ്ങൾ

ഏതെങ്കിലും പദ്ധതി പ്രകാരം സർക്കാർ പതിച്ച് നൽകിയിട്ടുള്ള ഭൂമിയൊന്നും തന്നെ ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗങ്ങളിൽ ഉൾപ്പെടുന്നില്ലാ യെന്നാണ് ഭൂവുടമകളുടെ പ്രതികരണങ്ങളിൽ നിന്ന് പഠന സംഘത്തിന് മനസ്സി ലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ചില കൈവശക്കാർക്കാർക്ക് ഭൂമിയുടെ ഉടമ സ്ഥാവകാശം തെളിയിക്കാൻ കഴിയാത്ത സാഹചര്യം പ്രദേശത്ത് നിലനിൽക്കുന്ന തായി പഠന സംഘം നിരീക്ഷിച്ചിട്ടുണ്ട്.

5.5 ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് മൂന്ന് വർഷമോ അതിലധികമോ കാലയള വിലായി നഗരപ്രദേശങ്ങളിലെ ഏതെങ്കിലും ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലാണ് സ്ഥിതി ചെയ്യുന്ന ത്. ഏറ്റെടുക്കേണ്ടുന്ന ഭൂവിഭാഗങ്ങൾ 211 വ്യക്തികളുടെ/കുടുംബങ്ങളുടെ/സ്ഥാപ നങ്ങളുടെ കൈവശത്തിലാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഭൂവുടമകളിൽ ഏറിയകൂറും സമീപ പ്രദേശത്ത് തന്നെ താമസിച്ച് വരുന്നവരാണ് 03 കുടുംബ ങ്ങൾ മറ്റ് ജില്ലകളിലും 04 കുടുംബങ്ങൾ വിദേശ രാജ്യങ്ങളിലാണെന്നുമാണ് അവ രുടെ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

5.6 മൂന്ന് വർഷമോ അതിലധികമോ കാലയളവിലായി ഏറ്റെടുക്കുന്ന ഭൂമി പ്രാഥമിക ജീവനോപാധിയായി ആശ്രയിക്കുന്ന കുടുംബങ്ങൾ

നിലവിൽ ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗങ്ങൾ 211 വ്യക്തി കളുടെ/കുടുംബങ്ങളുടെ/സ്ഥാപനങ്ങളുടെ കൈവശത്തിലാണെന്നാണ് മനസ്സിലാ ക്കിയിട്ടുള്ളത്. പ്രസ്തുത ഭൂവിഭാഗങ്ങളിൽ 52 കച്ചവട/സ്വയം തൊഴിൽ സ്ഥാപന ങ്ങൾ ഭാഗികമായി ഉൾപ്പെടുന്നുണ്ട്. ഇതിൽ 02 സ്ഥാപനങ്ങളുടെ കേസുകളിൽ അവശേഷിക്കുന്ന ഭാഗത്ത് പ്രവർത്തനം തുടരാൻ സാധിക്കുമെന്ന് വിലയിരു

ത്തുന്നില്ല. അതിനാൽ 02 സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി പുനരധിവാസ–പുനഃസ്ഥാപന പാക്കേജിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് പ്രാഥമികമായി വിലയിരുത്തുന്നുണ്ട്. ബാധിയ്ക്കപ്പെടുന്ന കച്ച വട/സ്വയം തൊഴിൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം മൂന്നിൽ വിവരിക്കുന്നുണ്ട്.

5.7 സ്വന്തം ഭൂമി ഏറ്റെടുക്കുന്നില്ലായെങ്കിലും പദ്ധതിയുടെ പരോക്ഷ ആഘാതം അനുഭവിയ്ക്കേിവരുന്ന കുടുംബങ്ങൾ

പദ്ധതിയാൽ വിഭാവനം ചെയ്തിട്ടുള്ള റോഡ് വികസനം, പ്രദേശവാസി കൾക്ക് പ്രയോജനങ്ങൾ/ നേട്ടങ്ങളാണ് പ്രധാനമായും പ്രദാനം ചെയ്യുന്നത്. ഏറ്റെടുക്കേണ്ടവയിൽ ഏറിയ കൂറും പാർപ്പിട കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂവി ഭാഗങ്ങളാണെങ്കിലും 03 പാർപ്പിട കെട്ടിടങ്ങൾ മാത്രമാണ് അലൈൻമെന്റിനകത്ത് ഭാഗികമായി ഉൾപ്പെട്ട് വരുന്നത്. 52 കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങളും ഭാഗി കമായി ഉൾപ്പെടുന്നുണ്ട്. ഭാഗികമായി ഉൾപ്പെടുന്ന കച്ചവട സ്ഥാപനങ്ങളിൽ 02 എണ്ണത്തിന് ഏറ്റെടുക്കലിനുശേഷം മിച്ചം വരുന്ന ഭാഗത്ത് തുടർന്ന് പ്രവർത്തി യ്ക്കാൻ കഴിയുമെന്ന് കാണുന്നില്ല. ബധിക്കപ്പെടുന്ന കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങളെ സംബന്ധിച്ച് പ്രധാന കടമുറിയിൽ നിന്ന് റോഡ് പുറമ്പോക്കിലേക്ക് ഇറക്കി കെട്ടിയിട്ടുള്ള ഭാഗങ്ങളെയാണ് പ്രധാനമായും ദോഷപ്പെടുത്തുന്നത്. അതു കൊണ്ട് തന്നെ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്ത നത്തെ തടസ്സപ്പെടുത്തുന്ന സാഹചര്യമില്ലായെന്നാണ് നിരീക്ഷിച്ചിട്ടുള്ളത്.

5.8 ഉൽപാദന സ്വത്തുക്കളുടേയും പ്രധാന ഭൂമിയുടെയും പട്ടിക.

നിർദ്ദിഷ്ട പ്രദേശത്ത്, വാണിജ്യാടിസ്ഥാനത്തിലുള്ള കാർഷിക/വ്യാവസാ യിക സംരംഭങ്ങളൊന്നും തന്നെ പ്രവർത്തിച്ച് വരുന്നില്ല. അതിനാൽ സവിശേ ഷമായ ഉൽപാദന സ്വത്തുക്കളൊന്നും തന്നെ പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട് വിഷയമാകുന്നില്ലായെന്ന് വിലയിരുത്തുന്നു.

അദ്ധ്യായം 6

സാമൂഹിക–സാമ്പത്തിക–സാംസ്കാരിക രൂപരേഖ

ബാധിത വ്യക്തികളുടെ എണ്ണം, സാമൂഹിക വിഭാഗം, ഗാർഹിക വലുപ്പം, തൊഴിൽ രീതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ശേഖരിയ്ക്കുക യായിരുന്നു പഠനത്തിന്റെ ഭാഗമായുള്ള സർവ്വെയുടെ പ്രധാന ലക്ഷ്യമായി നില നിന്നിരുന്നത്. ബാധിയ്ക്കപ്പെടുന്ന ജനവിഭാഗത്തിലും സമൂഹത്തിലും സംഭവി ക്കുന്ന ഗുണങ്ങളും ദോഷങ്ങളും വിലയിരുത്താൻ ഈ വിവര ശേഖരണ പ്രക്രിയ പഠനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഘട്ടമായിരുന്നു.

6.1 പദ്ധതി പ്രദേശത്തിലെ ജനസംഖ്യാപരമായ വിശദാംശങ്ങൾ

211 കൈവശ ഭൂവിഭാഗങ്ങളെ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ നേരിട്ട് തന്നെ ബാധിക്കുന്നുണ്ട്. ഇവയിൽ സ്ഥിതി ചെയ്യുന്ന 03 പാർപ്പിട കെട്ടിടങ്ങളേയും 52 കച്ചവട/ സ്വയം തൊഴിൽ സംരംഭങ്ങളേയും ഭാഗികമായി ബാധിക്കുന്ന സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. ഒരു പാർപ്പിട കെട്ടിടത്തെ 50 ശതമാനത്തില ധികം ബാധിക്കുന്നതിനാൽ അവശേഷിക്കുന്ന ഭാഗത്ത് തുടർന്ന് താമസിക്കുവാൻ

സാധിക്കുമെന്ന് കാണുന്നില്ല. ബാക്കിയുള്ള കെട്ടിടങ്ങൾ തുടർ ഉപയോഗത്തിന് ബുദ്ധിമുട്ടുണ്ടാകുമെന്ന് വിലയിരുത്തുന്നില്ല. 52 കച്ചവട/ സ്വയം തൊഴിൽ സംരംഭങ്ങളേയും ഭാഗികമായ രീതിയിൽ ബാധിക്കുന്ന സ്ഥിതി വിശേഷവുമുണ്ട്. ബാധിത സമൂഹവുമായി ബന്ധപ്പെട്ട പദ്ധതി പ്രദേശത്തിലെ ജന സംഖ്യാപരമായ വിശദാംശങ്ങൾ അവരുടെ പ്രതികരണങ്ങളിൽ നിന്ന് ലഭ്യമായതുപ്രകാരം പ്രകാരം താഴെ ചേർക്കുന്നു.

പ്രായ പരിധി	ലിംഗഭേദം		ആകെ
	ആൺ	പെൺ	
10 വയസ്സിനു താഴെ	19	22	41
10 –18	112	117	229
19 –35	102	99	201
36 –59	138	136	274
60 ന് മുകളിൽ	57	71	128

ഭൂമി ഏറ്റെടുക്കൽ ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ കമ്മ്യൂണിറ്റി തരം തിരിവ് പരിശോധിച്ചതിൽ ബാധിത സമൂഹം പ്രധാനമായും ഹിന്ദു, ക്രിസ്റ്റ്യൻ വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. മുസ്ലിം വിഭാഗത്തിൽപ്പെടുന്ന ഏതാനും കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്.

തൊഴിൽ രീതി

വ്യക്തികളുടെ തൊഴിൽ, സമൂഹത്തിലെ അവരുടെ സ്ഥാനം നിർണ്ണയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. സാമ്പത്തികമായി സമ്പന്നമായ ഒരു കുടുംബത്തിന് ആകർഷകമായ എല്ലാ സൗകര്യങ്ങളും നേടാൻ കഴിയുന്നു. എന്നാൽ ദുർബ്ബല വിഭാഗങ്ങൾ അവരുടെ നില നിൽപ്പിനായിട്ടാണ് പോരാടേണ്ടിവരുന്നത്. ബാധിത പ്രദേശത്തെ ജനസമൂഹത്തിൽ സമ്മിശ്ര സാമ്പത്തിക രീതിയാണ് നില നിൽക്കുന്നതെന്നാണ് കണക്കെടുപ്പിൽ വ്യക്തമാകുന്നത്.

6.2 വരുമാനം, ദാരിദ്ര്യം-നിലവാരം

പദ്ധതി പ്രദേശത്തെ ജനസമൂഹത്തിന്റെ ജീവിതനിലവാരം വിശകലനം ചെയ്തതിൽ മിക്കവാറും കുടുംബങ്ങൾ ഇടത്തരം ജീവിത നിലവാരത്തിലുള്ളവരാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ബാധിയ്ക്കപ്പെടുന്നവരിൽ എ.പി.എൽ വിഭാഗത്തിലും ബി.പി.എൽ വിഭാഗത്തിലും ഉൾപ്പെടുന്നവരുണ്ട്. കുടുംബത്തലവൻമാരിൽ സർക്കാർ ജോലിയുള്ളവർ, പ്രൈവറ്റ് കമ്പനിയിൽ ജോലി നോക്കുന്നവർ, കച്ചവടം നടത്തുന്നവർ, സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തുന്നവർ, കൂലിപ്പണിക്കൽ, കൃഷി ചെയ്യുന്നവർ തുടങ്ങിയ വിവിധ വിഭാഗങ്ങൾ ഉൾപ്പെടുന്നുണ്ട്. സാമ്പത്തിക ശേഷി വളരെ കുറഞ്ഞ കുടുംബങ്ങളുടേയും എണ്ണം വളരെ കുറവാണ്.

6.3 ദുർബ്ബല വിഭാഗങ്ങൾ

ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ, പാർപ്പിടകെട്ടിടങ്ങളിൽ നിന്നുള്ള കുടിയൊഴിപ്പിയ്ക്കലുകൾ പ്രദേശത്ത് സൃഷ്ടിക്കുന്നില്ല. എന്നാൽ കച്ചവട /സ്വയം തൊഴിൽ സംരംഭങ്ങളുടെ സ്ഥാന ഭ്രംശം സൃഷ്ടിക്കുന്നുണ്ട്. ഭൂമി നഷ്ടപ്പെടുന്ന ബാധിത സമൂഹത്തെ മൊത്തമായി വിലയിരുത്തുമ്പോൾ മാരകമായ രോഗം ബാധിച്ചവരും 60 വയസ്സ് പിന്നിട്ടവരും 10 വയസ്സിന് താഴെ പ്രായമുള്ള

കുട്ടികളുമടക്കം 169 കുടുംബാംഗങ്ങൾ ദുർബ്ബല വിഭാഗത്തിൽപ്പെടുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

6.4 ഭൂമി വിനിയോഗവും ഉപജീവനവും

ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂവിഭാഗങ്ങൾ പാർപ്പിട ആവശ്യത്തിനോ, കച്ചവടാവശ്യത്തിനോ, കൃഷി ഭൂമിയായിട്ടോയാണ് പ്രധാനമായും ഉപയോഗിച്ച് വരുന്നത്. പൊതു ആസ്തികളും ഉൾപ്പെടുന്നുണ്ട്. ഒരു കൈവശ ഭൂമിയും പൂർണ്ണമായി ഏറ്റെടുക്കുന്ന സ്ഥിതി വിശേഷമില്ല. പദ്ധതിയ്ക്ക് വേണ്ടി തീരുമാനിച്ചിട്ടുള്ള ഭൂവിഭാഗങ്ങളിൽ ഭാഗികമായി ഉൾപ്പെട്ടുവരുന്ന കച്ചവട സ്ഥാപനങ്ങളിൽ 02 കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങൾ, തുടർന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിലാകുമെന്ന് വിലയിരുത്തുന്നുണ്ട്. അതിനാൽ നിർദ്ദിഷ്ട പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ 02 കുടുംബങ്ങളുടെ ഉപജീവനത്തെ ദോഷകരമായി ബാധിയ്ക്കുമെന്ന് നിരീക്ഷിക്കുന്നുണ്ട്. കൂടാതെ പൊതു സ്ഥലത്ത്/റോഡ് പുറമ്പോക്കിൽ നടത്തിവരുന്ന 02 പെട്ടിക്കടകളേയും ബാധിക്കുന്നതിനാൽ അവയുമായി ബന്ധപ്പെട്ട കുടുംബങ്ങളുടേയും ഉപജീവനത്തെ ദോഷപ്പെടുത്തുന്ന സ്ഥിതി വിശേഷം ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കാൻ തീരുമാനിച്ചുട്ടുള്ള ഭൂവിഭാഗങ്ങളിൽ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കാരണമാകാവുന്ന ഉയർന്ന നിലവാരത്തിലുള്ള കച്ചവട സ്ഥാപനങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ മറ്റ് സംരംഭങ്ങളോ സ്ഥിതി ചെയ്യുന്നില്ല. അതുകൊണ്ട് തന്നെ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട്, പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾക്ക് യാതൊരു മാറ്റവും ഉണ്ടാകുന്ന സാഹചര്യം ഇല്ലായെന്നാണ് നിരീക്ഷിച്ചിട്ടുള്ളത്.

6.6 പ്രാദേശിക ഉപജീവനത്തിന് കാരണമാകുന്ന ഘടകങ്ങൾ

പൊതുജനങ്ങൾ സമ്മേളിക്കുന്ന ബൃഹത്തായ കച്ചവട/വാണിജ്യ സമുച്ചയങ്ങളോ പ്രശസ്തമായ ആരാധനാലയങ്ങളോ മുഖേന ബാധിത കുടുംബങ്ങൾക്ക് ഉപജീവനത്തിന് കാരണമാകുന്ന സംരംഭങ്ങളൊന്നും ഏറ്റെടുക്കൽ പ്രദേശത്ത് ഉൾപ്പെട്ട് വരുന്നതായി കാണുന്നില്ല.

6.7 രക്തബന്ധക്രമങ്ങളും സാമൂഹിക സാംസ്ക്കാരിക സംഘടനയും

പൊതുസ്ഥലങ്ങൾ ഒഴിച്ച് നിറുത്തിയാൽ ഏറ്റെടുക്കേണ്ടുന്ന ഭൂമി 211 കുടുംബങ്ങളുടെ/സ്ഥാപനങ്ങളുടെ കൈവശത്തിലാണ്. ഇതിൽ 83 ഭൂവിഭാഗങ്ങൾ നിലവിലെ ഭൂവുടമകൾ വില വാങ്ങി ലഭ്യമായതാണെന്നാണ് സർവ്വേയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ബാധിയ്ക്കപ്പെടുന്ന ഭൂവുടമകളെ/ കുടുംബങ്ങളെ മൊത്തമായി വിലയിരുത്തിയതിൽ മുഴുവനും ന്യൂക്ളിയർ കുടുംബമായി കഴിഞ്ഞ് വരുന്നവരാണെന്നാണ് അവരുടെ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

6.8 ഭരണസംഘടനകൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂപ്രദേശത്ത് ഒരു തരത്തിലുമുള്ള ഭരണ സംഘടനകളുടെ കാര്യാലങ്ങളും പ്രവർത്തിച്ച് വരുന്നില്ല.

6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ ഓഫീസ് പ്രവർത്തിച്ച് വരുന്ന/ നടന്നു വരുന്ന ഒരു കെട്ടിടവുമായി ബന്ധപ്പെട്ട ചുറ്റുമതിൽ ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗത്തിൽ ഭാഗികമായി നില നിൽക്കുന്നുണ്ട്.

6.10 സാമൂദായികാധിഷ്ടിത പൗരസംഘടനകൾ

ബാധിത പ്രദേശത്ത് സാമൂദായികാധിഷ്ടിത പൗരസംഘടനകളുമായി ബന്ധപ്പെട്ട കാര്യാലയങ്ങൾ ഒന്നും തന്നെ പ്രവർത്തിച്ച് വരുന്നതായി കാണുന്നില്ലായെന്നാണ് ഇൻവെസ്റ്റിഗേഷനിൽ നിന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളത്.

6.11 പ്രാദേശിക ചലനാത്മകതയും ചരിത്രപരമായ പരിണാമ പ്രക്രിയയും

പദ്ധതി നടപ്പിലാകുന്നതോടെ നിർദ്ദിഷ്ട പ്രദേശത്തിന്റെ നിലവാരവും പ്രദേശത്തിലെ ജനസമൂഹത്തിന്റെ പ്രതീക്ഷകളും ഉയരുന്ന തരത്തിലുള്ള ഒരു ചലനാത്മകത സൃഷ്ടിയ്ക്കപ്പെടാമെന്ന് കാണേണ്ടി വരുന്നുണ്ട്. ചരിത്രപരമായി പ്രധാന്യം അർഹിക്കുന്ന ഭൗതിക സംഗതികളൊന്നും തന്നെ ഏറ്റെടുക്കാൻ ശൂപാർശ ചെയ്തിട്ടുള്ള പ്രദേശത്ത് ഇല്ലാത്തതിനാൽ പദ്ധതി മുഖേന ചരിത്രപരമായ മാറ്റങ്ങളൊന്നും തന്നെ സംഭവിക്കേണ്ടുന്ന സാഹചര്യമില്ലായെന്നാണ് നിരീക്ഷിക്കാൻ സാധിക്കുന്നത്.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതിയാൽ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ ഇടത്തരം ജീവിത സാഹചര്യങ്ങളിൽ കഴിഞ്ഞ് വരുന്നതായിട്ടാണ് സർവ്വേയിൽ നിന്ന് വെളിവായിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ജീവിത നിലവാരത്തെ ഒരു പരിധിവരെ ഉയർത്തി നിറുത്തുന്നുണ്ട്. കൂടാതെ ഇടത്തരം സാമ്പത്തിക ശേഷിയിലുള്ളവരായതിനാൽ ജീവിത നിലവരം അതേപടി നിലനിറുത്താൻ സാധിയ്ക്കുകയും ചെയ്യുന്നുണ്ട്.

അദ്ധ്യായം 7

സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി

2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 4–ാം വകുപ്പിലെ 6–ാം ഉപവകുപ്പ് അനുസരിച്ച് സാമൂഹിക പ്രത്യാഘാത അവലോകന പ്രക്രിയയിൽ സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട്. പദ്ധതിയാൽ ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ അഭിമുഖീകരിക്കുന്നതിന് ഏറ്റെടുക്കേണ്ട അഭിവൃദ്ധിപ്പെടുത്തൽ നടപടികൾ ലിസ്റ്റ് ചെയ്ത് കൊണ്ടുള്ള ഒരു സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതിയ്ക്കാണ് രൂപം നൽകേണ്ടത്. ഇങ്ങനെയുള്ള നടപടികൾ ഒരു സ്കീമിൻ കീഴിലോ, പ്രോഗ്രാമിൻ കീഴിലോ അതത് സംഗതികളിൽ കേന്ദ്ര – സംസ്ഥാന സർക്കാരുകൾ വ്യവസ്ഥ ചെയ്യുന്നതിനെക്കാൾ കുറവായിരിക്കാൻ പാടുള്ളതല്ലായെന്നും പ്രതിപാദിക്കുന്നുണ്ട്.

7.1 ലഘുകരണ സമീപനം

ഭൂമി ഏറ്റെടുക്കൽ വിഷയത്തിലെ ഏറ്റവും ശ്രദ്ധേയമായ സംഗതി ഭൂമി, പാർപ്പിടം, ഉപജീവന മാർഗ്ഗം എന്നിവ നഷ്ടപ്പെടുന്നത് മൂലമുണ്ടാകുന്ന ആഘാതത്തിന്റെ തീവ്രതയാണ്. ഇത് ഉണ്ടാക്കുന്ന മാനസിക/ ഭൗതിക ബുദ്ധിമുട്ടുകൾ അളന്ന് തിട്ടപ്പെടുത്താൻ കഴിയുകയില്ലെന്നതാണ് യാഥാർത്ഥ്യമായി നിലനിൽക്കുന്നത്. ഭൗതികമായ നഷ്ടത്തിനപ്പുറം വൈകാരിക ബന്ധമുള്ള സ്വത്തുക്കളുടെ നഷ്ടമാണ് പലപ്പോഴും ഉണ്ടാകുന്നത്. അതിനാൽ ബാധിത സമൂഹത്തിന്റെ ഭൗതികവും വൈകാരികവുമായ നഷ്ടങ്ങളെ പരിഗണിച്ചു കൊണ്ടുള്ള ഒരു സമീപനമാണ് ലഘൂകരണ നടപടികളിൽ സ്വീകരിക്കേണ്ടതായിട്ടുള്ളത്.

നഷ്ടപരിഹാരം നിർണയിക്കുന്ന വിഷയത്തിൽ നിയമം ഉദ്ദേശിക്കുന്ന അർത്ഥത്തിലും, ഭൂവുടമകൾക്ക് സ്വീകാര്യമായ നിലവാരത്തിലും എത്താൻ ശ്രമിക്കേണ്ടതുണ്ട്. ഏറ്റെടുക്കലിനെ തുടർന്ന് ഭാഗികമായ രീതിയിൽ ഭൂമിയോ, കെട്ടിടമോ അവശേഷിക്കുന്നുവെങ്കിൽ, വകുപ്പ് 94 പ്രകാരം ഭൂവുടമയുടെ അഭിപ്രായം അനുസരിച്ചുള്ള ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിൽ യാതൊരു സാങ്കേതിക തടസ്സവും ഉണ്ടാകുന്നത് അഭികാമ്യമല്ല. ഏറ്റെടുക്കുന്ന ഭൂമിയുമായി ചേർന്ന് വരുന്ന ചമയങ്ങൾക്കും കൂടി ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്തേണ്ടതുമുണ്ട്. കൂടാതെ നഷ്ടപരിഹാരം നൽകിയ ശേഷം മാത്രം ഭൂമിയും മറ്റ് സ്വത്തുക്കളും ഏറ്റെടുക്കുക, ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം ഉണ്ടാകാതിരിക്കുക, മുഴുവൻ നടപടികളിലും സുതാര്യത ഉറപ്പാക്കുക, ഭൂവുടമകളെ വിശ്വാസത്തിൽ എടുത്ത് കൊണ്ട് തന്നെ ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുക തുടങ്ങിയ സമീപനങ്ങൾ ആഘാത ദൂരികരണത്തിന് ഏറെ പ്രയോജനം ചെയ്യുമെന്ന് കാണുന്നു.

ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടുക്കൽ 03 പാർപ്പിട കെട്ടിടങ്ങളെ ഭാഗികമായി ബാധിക്കുന്നുണ്ട്. ഇതിൽ 50 ശതമാനത്തിലേറെ ബാധിക്കുന്ന ഒരു പാർപ്പിട കെട്ടിടവുമായി ബന്ധപ്പെട്ട കുടുംബത്തെ പുനരധിവസിപ്പിക്കേണ്ടി വരുമെന്നാണ് ബന്ധപ്പെട്ട വ്യക്തികളുടെ പ്രതികരണത്തിൽ നിന്ന് മനസ്സിലാക്കേണ്ടി വന്നിട്ടുള്ളത്. കൂടാതെ ഭാഗികമായി ബാധിക്കുന്ന 52 കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങളിൽ 02 എണ്ണത്തിന് തുടർന്ന് പ്രവർത്തിയ്ക്കാൻ കഴിയുന്ന തരത്തിൽ

കെട്ടിട ഭാഗം അവശേഷിക്കുന്ന സാഹചര്യമില്ലാത്തതിനാൽ ആശ്വസ ദുരീകരണ നടപടികൾ പ്രദാനം ചെയ്യേണ്ടതുണ്ടെന്ന് വിലയിരുത്തുന്നുണ്ട്.

7.2 ആഘാതം ഒഴിവാക്കുന്നതിനോ, ലഘൂകരിക്കുന്നതിനോ,നഷ്ടം നികത്തുന്നതിനോ വേണ്ടിയുള്ള നടപടികൾ

ബാധിത സമൂഹത്തിൽ, സാധാരണയായി ഭൂമി നഷ്ടപ്പെടുന്നവർ, ഭൂമിയും പാർപ്പിടവും ഭാഗികമായോ പൂർണ്ണമായോ നഷ്ടപ്പെടുന്നവർ, ജീവനോപാധികൾ/തൊഴിൽ സ്ഥാപനങ്ങൾ/തൊഴിലുകൾ നഷ്ടപ്പെടുന്നവർ തുടങ്ങി വിവിധ തരത്തിലുള്ള ആഘാതങ്ങൾ ഏൽക്കേണ്ടി വരുന്നവരുണ്ട്. ഇതിനു പുറമേ പൊതു സാമൂഹിക സ്വത്തുക്കളേയും പശ്ചാത്തല സൗകര്യങ്ങളേയും ദോഷകരമായി ബാധിയ്ക്കപ്പെടുന്ന സാഹചര്യവും ഉണ്ടാകാവുന്നതാണ്.ഇതിനുവേണ്ടി 29–12–2017 ലെ ജി.ഒ.(കൈ) നമ്പർ 448/2017 ആർ.ഡി.സർക്കാർ ഉത്തരവ് പ്രകാരമുള്ള പുനരധിവാസ–പുനഃസ്ഥാപന പാക്കേജും നിയമത്തിൽ മൂന്നാം ഷെഡ്യൂളായി പരാമർശിച്ചിട്ടുള്ള പശ്ചാത്തല സംവിധാനവും കൊണ്ട് ആഘാതങ്ങൾക്ക് ഒരു പരിധിവരെ ദൂരീകരണം ഉണ്ടാക്കാവുന്നതാണെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

നിർദ്ദിഷ്ട പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് മുഖേന പാർപ്പിട കെട്ടിടങ്ങളെ ഭാഗികമായിട്ടാണ് ബാധിക്കുന്നത്. ഒരു കുടുംബത്തെ പുനരധിവസിപ്പിക്കേണ്ടി വരുമെന്ന് വിലയിരുത്തുന്നുണ്ട്. കൂടാതെ ഭാഗികമായി ബാധിയ്ക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ 02 എണ്ണത്തിന് തുടർന്ന് പ്രവർത്തിയ്ക്കാൻ കഴിയില്ലായെന്നും കാണുന്നുണ്ട്. ഈ കേസുകളിൽ പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് പ്രകാരമുള്ള ആശ്വാസ നടപടികൾ പ്രദാനം ചെയ്തുകൊണ്ടും, ഏറ്റെടുക്കുന്ന ഭൂമിയ്ക്കും ചമയങ്ങൾക്കും ന്യായമായതും ഭൂവുടമകൾക്ക് സ്വീകാര്യവുമായ നഷ്ടപരിഹാരം നൽകി കൊണ്ടും ആഘാത ദൂരീകരണം നടത്താവുന്നതാണെന്ന് നിരീക്ഷിക്കുന്നുണ്ട്.

7.3 പുനരധിവാസം, പുനഃസ്ഥാപനം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നടപടികൾ

2013 ലെ ഭൂമിയേറ്റെടുക്കൽ നിയമമനുസരിച്ച് കുടിയിറക്കപ്പെടുന്ന ജനസമൂഹത്തിന് പുനരധിവാസ–പുനഃസ്ഥാപന അവകാശം പ്രദാനം ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യം പരിഗണിച്ച്, നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങളിൽ നിന്ന് വ്യതിചലിച്ച് കൊണ്ട് കുടിയിറക്കപ്പെടുന്ന സമൂഹത്തിന് കൂടുതൽ മെച്ചപ്പെട്ട പുനരധിവാസ–പുനഃസ്ഥാപന സംവിധാനം ലഭ്യമാക്കുന്നതിനുള്ള ഒരു നയത്തിന് 29.12.2017 ലെ ജി.ഒ. (കൈ) നമ്പർ 448/2017/ആർ.ഡി. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ രൂപം നൽകുകയും ചെയ്തിട്ടുണ്ട്. 2013 നിയമത്തിലെ വകുപ്പ് 31 അനുസരിച്ചാണ് കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുനരധിവാസ–പുനഃസ്ഥാപന പാക്കേജിന്റെ ആനുകൂല്യം ലഭിക്കുന്നത്. ബാധിത കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് കൊണ്ട്, ഏറ്റെടുക്കുന്ന സ്വത്ത് വകകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പുറമേയാണ് പുനരധിവാസ–പുനഃസ്ഥാപന സംവിധാനങ്ങൾ പ്രദാനം ചെയ്യുന്നത്. ഇതനുസരിച്ച് വീട് നഷ്ടപ്പെടുന്നവർക്ക് പകരം വീട്, ജലസേചന പദ്ധതികൾക്ക് വേണ്ടിയാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ പകരം ഭൂമി, നഗരവൽക്കരണത്തിനാണ് ഏറ്റെടുക്കുന്നതെങ്കിൽ വികസിപ്പിച്ചെടുത്ത ഭൂമിയുടെ 20% ഭൂമി, നഷ്ടപരിഹാരത്തിന് തുല്യമായ നിരക്കിൽ

ഭൂവുടമകൾക്കായി സംവരണം, തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പകരം തൊഴിൽ അഥവാ ഒറ്റത്തവണ ധനസഹായം അല്ലെങ്കിൽ 20 വർഷത്തേക്ക് വാർഷിക വേതനം, ഉപജീവന ഗ്രാന്റ്, ഗതാഗത ചെലവ്, പുനഃസ്ഥാപന സഹായം എന്നിവ ലഭിക്കുന്നതിനുള്ള അവകാശങ്ങൾ ഉണ്ട്.

ഏറ്റെടുക്കുന്ന ഭൂമിയുടേയും അതിലെ ചമയങ്ങളുടേയും നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന് പാലിക്കേണ്ടുന്ന നടപടി ക്രമങ്ങൾ നിയമത്തിൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്. ഭൂമിയുടെ കമ്പോള വില നിർണ്ണയിക്കുന്നതിന്, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സമാന സ്വഭാവത്തിലുള്ള ഭൂമികളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള വിലയാധാരങ്ങളിൽ ഏറ്റവും കൂടിയ വിൽപ്പന വില സൂചിപ്പിച്ചിട്ടുള്ള അമ്പത് ശതമാനം ആധാരങ്ങളിലെ വിലയുടെ ശരാശരിയോ, പൊതു ആവശ്യങ്ങൾക്ക് വേണ്ടി ഏറ്റെടുത്തിരുന്ന ഭൂമിക്ക് അനുവദിച്ചിരുന്ന തുകയോ പരിഗണിച്ച ശേഷം, ഗ്രാമ പ്രദേശമാണെങ്കിൽ, നഗര പ്രദേശത്തിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി 1 മുതൽ 2 വരെയുള്ള ഒരു ഗുണന ഘടകത്തിന്റെ ഫലവും ചേർത്ത് പരിഗണിക്കുന്നു. ഏറ്റെടുക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട ചമയങ്ങൾ അഥവാ മറ്റ് ആസ്തികളുമായി ബന്ധപ്പെട്ട വിലയും കൂടി ചേർത്ത് കിട്ടുന്ന ആകെ തുകയുടെ 100% തുക സൊലേഷ്യമായും ചേർത്താണ് ഭൂവുടമയ്ക്ക് നൽകുന്നത്. കൂടാതെ വൃക്ഷങ്ങൾ ഉണ്ടെങ്കിൽ വനം/ കൃഷി വകുപ്പുമായി ചേർന്ന് അവയുടെ വിലയും നിർണയിച്ച് നൽകുന്നു.

7.4 അർത്ഥനാധികാരി ഏറ്റെടുക്കുമെന്ന് പദ്ധതി റിപ്പോർട്ടിൽ തന്നെ വ്യക്തമാക്കിയിട്ടുള്ള നടപടികൾ

പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടേയും, അതിലെ ചമയങ്ങളുടേയും ചെലവ് വഹിക്കുന്നത് കൂടാതെ മറ്റ് പ്രവർത്തനങ്ങളൊന്നും തന്നെ ഏറ്റെടുക്കാൻ നിലവിൽ തീരുമാനങ്ങളില്ലായെന്നാണ് അർത്ഥനാധികാരിയുടെ പ്രതിനിധിയിൽ നിന്ന് പഠന സംഘത്തിന് നേരിൽ അറിയാൻ കഴിഞ്ഞിട്ടുള്ളത്.

7.5 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ വേളയിൽ തിരിച്ചറിഞ്ഞ, പദ്ധതി രൂപകൽപനയിലെ മാറ്റങ്ങൾ, വിവിധ ഗ്രൂപ്പുകളിലുടനീളമുള്ള ആഘാതങ്ങളുടെ വ്യാപ്തിയും തീവ്രതയും പരിഹരിക്കുന്നതിന് ആവശ്യമായ അധിക നടപടികൾ

രണ്ട് വശങ്ങളിൽ നിന്നും ഭൂമിയേറ്റെടുത്ത് കൊണ്ടാണ് റോഡിന്റെ വീതി കൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ കൈവശ ഭൂമിയും, ചമയങ്ങളും ഭാഗികമായിട്ടാണ് ദോഷപ്പെടുന്നത്. 03 പാർപ്പിട കെട്ടിടങ്ങളേയും 52 കച്ച വട/സ്വയം ഭരണ സംരംഭങ്ങളേയും ഭാഗികമായി ബാധിക്കുന്ന സ്ഥിതി വിശേഷമുണ്ട്. ബാധിക്കുന്ന പാർപ്പിട കെട്ടിടങ്ങളിൽ 50 ശതമാനത്തിലേറെ ബാധിക്കുന്ന ഒരു കെട്ടിടത്തെ സംബന്ധിച്ച് ഏറ്റെടുക്കലിന് ശേഷം തുടർന്ന് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ/ അളവിൽ കെട്ടിട ഭാഗം അവശേഷിക്കത്തതിനാൽ ഒരു കുടുംബത്തെ പുനരധിവസിപ്പിക്കേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്ന് അനുമാനിക്കുന്നു.അതുപോലെ ഭാഗികമായിട്ടാണ് ബാധിക്കുന്നതെങ്കിലും 02 കച്ചവട/ സ്വയംഭരണ സംരംഭങ്ങളെ സംബന്ധിച്ച് തുടർന്ന് പ്രവർത്തിക്കാൻ തക്ക രീതിയിൽ കെട്ടിട ഭാഗം അവശേഷിക്കുന്ന സഹചര്യവും കാണുന്നില്ല. അവരുടെ പുന

രധിവാസവും പരിഗണിക്കേണ്ട വിഷയമായി തന്നെ നിലനിൽക്കുന്നുണ്ട്. ന്യായ മായ നഷ്ടപരിഹാരം നൽകുന്നതോടൊപ്പം പുനരധിവാസ – പുനഃസ്ഥാപന പാക്കേജ് പ്രകാരമുള്ള ആശ്വാസ നടപടികളും പ്രദാനം ചെയ്ത് ആഘാത ദൂരീക രണം നടത്താമെന്ന് വിലയിരുത്തുന്നു.

ചമയങ്ങളില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന ഭൂവിഭാഗങ്ങളിൽ നിന്ന് അധിക ഭൂമി യേറ്റെടുത്ത് കൊണ്ട് എതിർ വശത്തുള്ള ചമയങ്ങളെ പരമാവധി ഒഴിവാക്കുന്ന തരത്തിൽ അലൈൻമെന്റിൽ ഒരു വ്യതിയാനം നടത്തിയാൽ ചില ഭാഗങ്ങളിൽ ബാധിത കെട്ടിടങ്ങളേയും മറ്റ് ചമയങ്ങളേയും ഒരു പരിധിവരെ ദോഷപ്പെടുത്താ തിരിക്കാൻ കഴിയുമെന്ന് പഠന സംഘം നിരീക്ഷിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ 20 മുതൽ 30 സെന്റീമീറ്റർ വീതിയിലാണ് സ്വകാര്യ ഭൂവിഭാഗങ്ങൾ അലൈൻ മെന്റിൽ ഉൾപ്പെടുന്നത്. ഇതിന്റെ ഫലമായി ചുറ്റുമതിലുകളെ നേരിയ രീതിയിൽ ബാധിക്കുകയും അവയെ പൊളിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നത് വലിയ രീതിയിയുള്ള ആക്ഷേപങ്ങളും ആശങ്കകളും ഉയരുന്നതിന് കാരണമായിട്ടുണ്ട്. 20 മുതൽ 30 സെന്റീമീറ്റർ വീതിവരെ അലൈൻമെന്റ് ഷിഫ്റ്റ് ചെയ്താൽ നിരവധി ഭൂവുടമകൾക്കുണ്ടാകുന്ന നഷ്ടപ്പെടലുകൾ ഒഴിവാക്കാൻ കഴിയുമെന്ന അഭിപ്രായവും പ്രദേശത്ത് ശക്തമായി നിലനിൽക്കുന്നുണ്ട്. അതേ സമയം വളരെ കുറഞ്ഞ അളവിൽ ഭൂമിയേറ്റെടുത്ത് കൊണ്ട് റോഡ് വികസിപ്പി ക്കുന്നത് ശാസ്ത്രീയമല്ലായെന്നും, കൂടുതൽ ഭൂമിയേറ്റെടുത്ത് കൊണ്ട് ദീർഘ വീക്ഷണത്തിലുള്ള റോഡ് വികസനമാണ് അഭികാമ്യമെന്നുള്ള അഭിപ്രായവും പ്രദേശത്ത് ഉണ്ടായിട്ടുണ്ട്.

7.6 ഓരോ ലഘൂകരണ തന്ത്രത്തിനും വിശദമായ പ്രവർത്തനങ്ങളും സമയ പരിധിയും ഉൾപ്പെടുത്തികൊണ്ടുള്ള ലഘൂകരണ പദ്ധതി

ഭൂമിയേറ്റെടുക്കൽ വിഷയത്തിൽ നഷ്ടപ്പെടുന്ന ഭൂമിയ്ക്കും മറ്റ് ആസ്തി കൾക്കും നിയമം അനുശാസിക്കും പ്രകാരമുള്ള നടപടികളിലൂടെ ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നതു കൊണ്ട് മാത്രം പദ്ധതി കൊണ്ടുണ്ടാകുന്ന ആഘാ തങ്ങൾ സാധാരണയായി ദൂരീകരിക്കപ്പെടുകയില്ല. ഭൂമി മാത്രമായോ, ഭൂമിയും വ്യാപാര സ്ഥാപനങ്ങളോ, തൊഴിൽ സംരംഭങ്ങളോ, ഉപജീവന മാർഗ്ഗങ്ങളോ നഷ്ടപ്പെടുക തുടങ്ങിയ പ്രത്യക്ഷ ആഘാതങ്ങളാണ് സാധാരണയായി ബാധിത സമൂഹത്തിന് ഉണ്ടാകുന്നത്.

പദ്ധതി പ്രാവർത്തികമാക്കുന്നതിന് വേണ്ടി നിരവധി വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതു മുഖേനയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ, വൈദ്യുത വിതരണ സംവി ധാനത്തിന്റെ പുനർക്രമീകരണം എന്നിവ പരിസരവാസികൾ അനുഭവിയ്ക്കേണ്ടി വരുന്ന പരോക്ഷ ആഘാതങ്ങളിൽ ചിലതാണെന്ന് കാണേണ്ടി വരുന്നു. ഭൂമിയും, ചമയങ്ങളും വൃക്ഷങ്ങളും നഷ്ടപ്പെടുന്നതുമുഖേനയുള്ള നഷ്ടങ്ങൾ ദൂരികരിക്കു ന്നതിനാവശ്യമായ പരിഹാര മാർഗ്ഗങ്ങളും സമയക്രമവും നിയമത്തിൽ നിർദ്ദേശി ച്ചിട്ടുണ്ട്. ആഘാത ദൂരീകരണത്തിന് കൂടുതൽ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്ത് കൊണ്ടുള്ള ഒരു നയ രൂപീകരണത്തിന് സംസ്ഥാന സർക്കാർ രൂപം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുഭവിയ്ക്കേണ്ടി വരുന്ന പരോക്ഷ ആഘാതങ്ങൾക്ക് യാതൊരു പരിഹാരവും നിയമത്തിൽ പ്രത്യേകമായി വാഗ്ദാനം ചെയ്ത്/ പരാമർശിച്ച് കാണുന്നില്ലായെന്നത് വസ്തുതയായി നിലനിൽക്കുകയും ചെയ്യുന്നുണ്ട്.

ആഘാത ലഘൂകരണത്തിനായി നിയമം/നയരൂപീകരണത്തിലെ പ്രധാന ആശ്വാസ നടപടികളും, പഠനസംഘം അധികമായി ശുപാർശ ചെയ്യുന്ന നടപടികളും താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ആഘാതത്തിന്റെ സ്വഭാവം	നിയമം/ ചട്ടങ്ങളിലെ വ്യവസ്ഥകൾ	ശിപാർശ ചെയ്യപ്പെടുന്ന അധിക നടപടികൾ
1	ഭൂമി നഷ്ടപ്പെടൽ (ഭാഗികം /പൂർണ്ണം)	(1) സെക്ഷൻ 26 മുതൽ 30 വരെയുള്ള വ്യവസ്ഥകൾക്ക് അനുസൃതമായ നഷ്ടപരിഹാരം. (2) ജലസേചന പദ്ധതികൾക്കായിട്ട് കൃഷി ഭൂമിയാണ് ഏറ്റെടുക്കുന്നതെങ്കിൽ ഓരോ കൈവശക്കാരനും കമാൻഡ് ഏരിയായിൽ കുറഞ്ഞത് ഒരേക്കർ ഭൂമി വീതം നൽകുന്നു. (3)പട്ടികജാതി/വർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ ഭൂമിയാണ് ഏറ്റെടുക്കുന്നതെങ്കിൽ തുല്യ അളവിലോ അല്ലെങ്കിൽ രണ്ടര ഏക്കർ ഭൂമിയോ ഇവയിലേതാണോ കുറവ് അത് നൽകുന്നു. (4)നഗരവൽക്കരണത്തിനാണ് ഏറ്റെടുക്കുന്നതെങ്കിൽ വികസിപ്പിച്ച ഭൂമിയുടെ 25% ഏറ്റെടുത്ത ഭൂമി വിലയ്ക്ക് ആനുപാതികമായി ഭൂവുടമയ്ക്ക് വാഗ്ദാനം ചെയ്യുന്നു.	* നിയമം ഉദ്ദേശിക്കുന്ന തരത്തിൽ ന്യായമായതും ഭൂവുടമകൾക്ക് സ്വീകാര്യവുമായ തരത്തിലുള്ള നഷ്ടപരിഹാരത്തിൽ എത്തിചേരാനുള്ള നടപടികൾ അവരെ കൂടി വിശ്വാസത്തിലെടുത്ത് കൊണ്ട് സ്വീകരിയ്ക്കാവുന്നതാണ്.
2	ഭൂമിയും, പാർപ്പിടവും / കെട്ടിടവും നഷ്ടപ്പെടൽ	(1)ഭൂമിയ്ക്കും ചമയങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നു. (2) ഗ്രാമപ്രദേശത്തിലെ വീടാണ് ഏറ്റെടുക്കുന്നതെങ്കിൽ ഇന്ദിരാ ആവാസ് യോജനാ വ്യവസ്ഥയനുസരിച്ച് നിർമ്മിച്ചിട്ടുള്ള വീട് നൽകുന്നു. പട്ടണപ്രദേശത്തുള്ള വീടാ ണ് നഷ്ടപ്പെടുന്നതെങ്കിൽ 50ച.മീ. കുറാ യാത്ത തറ വിസ്തീർണ്ണമുള്ളവീട്നൽകുന്നു.	*അദ്ധ്യായം 1(6)–ൽ പ്രതിപാദിച്ചുട്ടുള്ള ആക്ഷേപങ്ങൾ പരിഗണിച്ച് കൊണ്ട് ന്യായമായതും ഭുവുടമകൾക്ക്കുറെയെങ്കിലും സ്വീകാര്യവുമായ നഷ്ടപരിഹാരം നിയമത്തിലെ ചട്ടകൂട്ടിൽനിന്ന് കൊണ്ട് ലഭ്യമാക്കാവുന്നതാണ്. * ഭൂമി ഏറ്റെടുക്കാൻ, പുനരധിവാസം, പുനസ്ഥാപനം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ടനട

		(3) പദ്ധതി പ്രദേശത്ത് മുന്ന് വർഷമായി താമസിച്ച് വരുന്നതും കുടിയിറക്കപ്പെടുന്നതും, സ്വന്തമായി വീടും പറമ്പും ഇല്ലാത്തതുമായ കുടുംബങ്ങൾക്കും ടി ആനുകൂല്യം ലഭ്യമാക്കുന്നു. ടി തരത്തിലുള്ള ആനുകുല്യംതെരഞ്ഞെടുക്കാത്തപക്ഷം വീട് നിർമ്മാണത്തിനായി മൂന്ന് ലക്ഷം രൂപ ധനസഹായമായി നൽകുന്നു. (4) തൊഴിൽ ഉറപ്പ് വരുത്തേണ്ടുന്ന സംഗതികളിൽ, പ്രോജക്ട് മുഖേന തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണെങ്കിൽ വ്യവസ്ഥകൾക്ക്വിധേയമായി കുടിയിറക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിനെങ്കിലും തൊഴിലിന് അർഹത ലഭിക്കുന്നു. അല്ലെങ്കിൽ കുടുംബത്തിന് അഞ്ച് ലക്ഷം രൂപയുടെ ഒറ്റത്തവണ ധനസഹായം അല്ലെങ്കിൽ 20 വർഷത്തേക്ക് മാസന്തോറും 3000/- രൂപ ലഭിക്കത്തക്ക രീതിയിലുള്ള ആനൂറ്റി പോളിസി. (5) ഉപജീവന ബത്തയായി മാസന്തോറും 5000/-രൂപ ഒരുവർഷത്തേക്ക് ലഭ്യമാക്കുന്നു. (6) കുടിയിറക്കപ്പെടുന്നതുമായിബന്ധപ്പെട്ട്, സാധനസാമഗ്രഹികൾ മാറ്റുന്നതിനും യാത്രയ്ക്കുമായി 50,000/-രുപായുടെ ഒറ്റ ത്തവണ ധനസഹായം നൽകുന്നു. (7) പുന:സ്ഥാപന ചെലവിനായികുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക് 50,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുന്നു.	പടികൾ നിയമം അനുശാസിക്കും പ്രകാരം സുതാര്യമായും ബാധിത വ്യക്തികളെ കൂടി വിശ്വസത്തിലെടുത്ത് കൊണ്ട് പൂർത്തിയാക്കാനും ശ്രദ്ധിക്കാവുന്നതാണ്. * ഏറ്റെടുക്കൽ നടപടികളുംപുനരധിവാസ പുനസ്ഥാപന പദ്ധതികളും പൂർത്തിയാക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകാതിരിക്കാനും നിയമം/ചട്ടങ്ങൾ അനുശാസിക്കുന്നതിനപ്പുറം സമയദൈർഘ്യം ഉപയോഗിക്കുന്ന സാഹചര്യം ഒഴിവാക്കി ബാധിത സമൂഹത്തെ വിശ്വാസത്തിൽ എടുക്കേണ്ടതാണ്. * ഏറ്റെടുക്കൽ മുഖേന ചമയങ്ങളുടെയും ഭൂമിയുടേയും ചെറിയ ഒരു ഭാഗം മാത്രം അവശേഷിക്കുന്ന കേസുകളിൽ ഭൂവുടമകൾ ആവശ്യപ്പെടുന്ന പക്ഷം നിയമം 94 (1) പ്രകാരം മുഴുവൻ ആസ്തിയും ഏറ്റെടുത്ത് നഷ്ട പരിഹാരം നൽകുന്നതിൽ അധികാരികളുടെ ഭാഗത്ത് നിന്ന് എതിർപ്പുകൾ ഉണ്ടാകുന്നത് അഭിലക്ഷണീയമല്ല സാധന സാമഗ്രികൾ മാറ്റുന്നതിന് മതിയായ സമയവും സഹായവും ബാധിത വ്യക്തികൾക്ക് ഡെവലപ്പർ നൽകേണ്ടതാണ്

3	കാലിത്തൊഴുത്ത്/ചെറുഷോപ്പുകളുടെ നഷ്ടപ്പെടൽ	കാലി തൊഴുത്ത്/ പെറ്റി ഷോപ്പ് പുനർനിർമ്മിക്കുന്നതിനായി 25,000/- രൂപ മുതൽ പരമാവധി 50, 000/- രൂപ വരെയുള്ള ധനസഹായം ബാധിത കുടുംബത്തിന് ലഭ്യമാക്കുന്നു.	ഇത്തരത്തിലുള്ള വിഷയം നിർദ്ദിഷ്ട പദ്ധതി സൃഷ്ടിക്കുന്നില്ല.
4	കരകൗശലസംരംഭം/ചെറുകിട കച്ചവടം/ സ്വയം തൊഴിൽ സംരംഭം ഇവയുടെ നഷ്ടപ്പെടൽ	ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ ഉൾപ്പെടുന്ന കുടുംബം അല്ലെങ്കിൽ കാർഷികേതര ഭൂമി / വ്യവവ്യവസായ/വാണിജ്യ/ചമയങ്ങൾ നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് 50,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം ലഭ്യമാക്കുന്നു.	ഇത്തരത്തിലുള്ള വിഷയം നിർദ്ദിഷ്ട പദ്ധതി സൃഷ്ടിക്കുന്നില്ല.
5	വാടകാടിസ്ഥാനത്തിലുള്ള വാണിജ്യസ്ഥാപനങ്ങളുടെ നഷ്ടപ്പെടൽ	വ്യവസ്ഥകൾക്ക് വിധേയമായി ബാങ്കുകൾ/ കമ്പനികൾ/ ധനകാര്യ സ്ഥാപനങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് അവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി രണ്ട് ലക്ഷം രൂപയുടെ ധനസഹായംലഭ്യമാക്കുന്നു.	ഇത്തരത്തിലുള്ള വിഷയം നിർദ്ദിഷ്ട പദ്ധതി സൃഷ്ടിക്കുന്നില്ല.
6	വാണിജ്യസ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്നവരുടെ തൊഴിൽ നഷ്ടപ്പെടൽ	മൂന്ന് വർഷത്തിലേറെയായി ജോലി ചെയ്ത വരുന്ന വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നത് പരിഹരിക്കാനായി മാസന്തോറും 6000/- രൂപാ നിരക്കിൽ ആറ് മാസകാലയളവിൽ ധനസഹായം ലഭ്യമാക്കുന്നു.	ഇത്തരത്തിലുള്ള വിഷയം നിർദ്ദിഷ്ട പദ്ധതി സൃഷ്ടിക്കുന്നില്ല.
7	വാടക അടിസ്ഥാനത്തിലുള്ള പാർപ്പിടം നഷ്ടപ്പെടൽ	താമസം മാറ്റുന്നതിനുള്ള ചെലവിനത്തിൽ 30,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം ലഭ്യമാക്കുന്നു.	
8	സർക്കാർ ഭൂമിയിൽ നടത്തി വരുന്നകച്ചവടം നഷ്ടപ്പെടൽ	മൂന്ന് വർഷത്തിലേറെയായി നടത്തിയിരുന്ന സർക്കാർ ഭൂമിയിലെ കച്ചവടസ്ഥാപനങ്ങൾ നിറു ത്തേിവരുന്ന പക്ഷം മാസന്തോറും 5,000/-	

		രൂപ നിരക്കിൽ ആറ് മാസ കാലയളവിലേക്ക് ധനസഹായവും ചമയങ്ങളുടെ വിലയും നൽകുന്നു.	
9	ആരാധനാലയങ്ങളെ ബാധിക്കൽ	ഭൂമി വിലയും ചമയങ്ങളുടെ വിലയും നൽകുന്നത് കൂടാതെ ആരാധനാലങ്ങൾ മാറ്റുന്നയിനത്തിലുള്ള യഥാർത്ഥ ചെലവ് അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ ലഭ്യമാക്കുന്നതാണ്.	ആരാധനാലയങ്ങളുടെ സ്ഥാനഭ്യംശവിഷയം നിർദ്ദിഷ്ട പദ്ധതി സൃഷ്ടിക്കുന്നില്ല.

ഭൂമിയേറ്റെടുക്കൽ നടപടികളോടൊപ്പം തന്നെ പുനരധിവാസ പുനഃസ്ഥാപന പാക്കേജ് പ്രകാരമുള്ള ആശ്വസ നടപടികളും ബാധിത സമൂഹത്തിന് പ്രദാനം ചെയ്യാറുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ നിയമത്തിലും ചട്ടത്തിലും വ്യക്തമാക്കിയിട്ടുണ്ട്. ചമയങ്ങളില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന ഭൂവിഭാഗങ്ങൾ സ്ഥിതി ചെയ്യുന്ന ഭാഗങ്ങളിൽ എതിർ വശത്തുള്ള ചുറ്റുമതിലുകളേയോ സെപ്റ്റിക് ടാങ്കുകളേയോ ബാധിക്കുന്ന സ്ഥിതി വിശേഷമുണ്ടെങ്കിൽ അലൈൻമെന്റിൽ കഴിയുന്നത്ര ഷിഫ്റ്റിംഗ് നടത്തി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതോടൊപ്പം തന്നെ ആഘാത ദൂരികരണം കൂടി പരിഗണിക്കാമെന്നാണ് പഠന സംഘത്തിന് അധികമായി ശിപാർശ ചെയ്യാനുള്ളത്.

7.7 ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും, നിർദ്ദേശിക്കപ്പെട്ടവയിൽ തന്നെ ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമല്ലാത്തതാണെന്നും അർത്ഥനാധികാരി സൂചിപ്പിച്ചിട്ടുള്ള നടപടികൾ

ബാധിത സമൂഹത്തിന് ഉണ്ടാകാനിടയുള്ള ആഘാതങ്ങൾ ദൂരീകരിക്കുന്ന വിഷയത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് ലഭ്യമാക്കുന്നത് ഒഴിച്ച് നിറുത്തിയാൽ പ്രത്യേകിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ/ നടപടികൾ ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമാണന്നോ നിർദ്ദേശിക്കപ്പെട്ടവയിൽ തന്നെ ഏതെങ്കിലും നടപടികൾ ഏറ്റെടുക്കാൻ കഴിയുകയില്ലന്നോ, എന്ന തരത്തിലുള്ള അഭിപ്രായമൊന്നും ഡെവലപ്പറിന്റെ ഭാഗത്ത് നിന്ന് പഠന സംഘത്തിന് ലഭിച്ചിട്ടില്ല. എന്നാലും മുകളിൽ വിവരിച്ച പ്രകാരമുള്ള പരോക്ഷ ആഘാതങ്ങൾക്ക് ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ ഡെവലപ്പറുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ടെന്നും ബോദ്ധ്യപ്പെടുന്നുണ്ട്.

അദ്ധ്യായം 8

സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന ചട്ടക്കൂട്

സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന നടപടികളിലും, ബന്ധപ്പെട്ട പുനരധിവാസ പുനഃസ്ഥാപന അവകാശങ്ങൾ ലഭ്യമാക്കുന്ന വിഷയത്തിലും വിവിധ അധികാര സ്ഥാനങ്ങൾ നിശ്ചയിച്ച് കൊണ്ട്, നിർവ്വഹണ ഉത്തരവാദിത്വവും അവയ്ക്കുള്ള സമയക്രമവും നിയമത്തിലും ചട്ടങ്ങളിലുമായി നിർദ്ദേശിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ സ്വഭാവം, വിസ്തൃതി, ഉദ്ദേശം, ഉണ്ടാകാവുന്ന പരാതികൾ/ ആക്ഷേപങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് അധികാര സ്ഥാനങ്ങളെ നിശ്ച യിച്ചിട്ടുള്ളതെന്നും ബോദ്ധ്യപ്പെടുന്നുണ്ട്.

കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഭരണ നിർവ്വഹണ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജില്ലാകളക്ടർ, പുനരധിവാസ പുനഃസ്ഥാപനത്തി നുള്ള കമ്മിഷണർ, അഡ്മിനിസ്ട്രേറ്റർ, ഭൂമി ഏറ്റെടുക്കൽ അധികാരി തുടങ്ങിയ വർക്കുള്ള ഉത്തരവാദിത്വങ്ങൾ കൂടാതെ, പൊതുമരാമത്ത്, കൃഷി, വനം വകുപ്പു കൾക്കും ഈ വിഷയത്തിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടാതായിട്ടുണ്ട്. കൂടാതെ വിവിധ അതോറിട്ടികൾ, കോടതികൾ എന്നി സ്ഥാപനങ്ങളുടെ ഇടപെട ലുകളും ഇതിൽ ഉൾപ്പെട്ടുവരുന്നുണ്ടെന്നും ബോദ്ധ്യപ്പെടുന്നുണ്ട്.

8.1 സ്ഥാപന ഘടനകളുടെ വിവരണവും ഓരോ ലഘൂകരണ നടപടിൾക്കും ഉത്തരവാദികളായ വ്യക്തികളും

ഭൂമി ആവശ്യപ്പെടുന്ന സ്ഥാപനം (അർത്ഥനാധികാരി) ഉൾപ്പെടെ പുനരധി വാസ–പുനഃസ്ഥാപന കമ്മീഷണർ, അഡ്മിനിസ്ട്രേറ്റർ, ജില്ലാകളക്ടർ, ഭൂമി ഏറ്റെ ടുക്കൽ അധികാരി തുടങ്ങിയവർക്ക് ആഘാത ദൂരീകരണ പ്രവർത്തനങ്ങളിൽ വ്യക്തമായ ചുമതലകൾ നിയമത്തിൽ/ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ആഘാ തങ്ങൾ അനുഭവിയ്ക്കേണ്ടിവരുമെന്ന് കണ്ടെത്തുന്ന ബാധിത കുടുംബങ്ങളു ടേയും വ്യക്തികളുടേയും വിവരങ്ങൾ ശേഖരിച്ച് നിയമം അനുശാസിക്കുന്ന നടപ ടികൾ സ്വീകരിച്ചു കൊണ്ട് തയ്യാറാക്കുന്ന പരിഹാര മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന ശുപാർശയുടെ കരട് പ്രസിദ്ധീകരിക്കുകയും, അക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് അവയ്ക്കുള്ള പരിഹാരവും ഉൾപ്പെടുത്തികൊണ്ടുള്ള അന്തിമ ശുപാർശ പുനരധിവാസ–പുനഃസ്ഥാപന കമ്മിഷണർക്ക് നൽകേണ്ടതുമുണ്ട്. കമ്മീഷണറുടെ അംഗീകാരത്തിൻ പ്രകാരം പുനരധിവാസ പുനഃസ്ഥാപന പാക്കേ ജ് കൂടി, ഭൂമി ഏറ്റെടുക്കൽ നടപടികളോടൊപ്പം സമയ ബന്ധിതമായി പ്രാവർത്തി കമാക്കുന്നു. പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് അർഹതപ്പെട്ട കുടുംബ ങ്ങൾക്കും വ്യക്തികൾക്കും ലഭ്യമാക്കുന്നതിന്റെ ഉത്തരവാദിത്വം പുനരധിവാസ – പുനഃസ്ഥാപന കമ്മിഷണർക്കും, അഡ്മിനിസ്ട്രേറ്റർക്കുമാണ്. ഈ വിഷയത്തിൽ ഉണ്ടാകുന്ന പരാതികൾ / ആക്ഷേപങ്ങൾക്ക് സെക്ഷൻ 64 പ്രകാരം ബന്ധപ്പെട്ട അതോറിറ്റിയാണ് പരിഹാരം നിർദ്ദേശിയ്ക്കാനുള്ളത്.

8.2. സർക്കാരിതര സ്ഥാപനങ്ങളുടേതായ പങ്കാളിത്തം ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം

.

പഠന സംഘത്തിന്റെ അന്വേഷണത്തിൽ, ബാധിക്കപ്പെടുന്ന സമൂഹത്തിന് കൂടുതൽ ആശ്വാസം പ്രദാനം ചെയ്യുന്നതിന് കാരണമാകാവുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തക്ക സർക്കാരിതര സ്ഥാപനങ്ങൾ മുന്നോട്ട് വരുന്ന സാഹചര്യം പദ്ധതി പ്രദേശത്ത് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

8.3 ആവശ്യമായ ശേഷിയും സാങ്കേതിക സഹായം ഉൾപ്പെടെ ശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതിയും ഉണ്ടെങ്കിൽ അവ സംബന്ധിച്ച സൂചനയും

ഏറ്റെടുക്കൽ മുഖേന നഷ്ടപ്പെടുന്ന ഭൂമിക്കും, മറ്റ് ആസ്തികൾക്കും നഷ്ടപരിഹാരം നൽകുന്നതു കൊണ്ട് മാത്രം ബാധിത സമൂഹത്തിനുണ്ടാകുന്ന ആഘാതങ്ങൾ ദൂരീകരിക്കാൻ കഴിയുകയില്ലായെന്നത് ശ്രദ്ധേയമായ വസ്തുതയായി നിലനിൽക്കുന്നുണ്ട്. അതിനാൽ ഏറ്റെടുക്കൽ നടപടികളോടൊപ്പം തന്നെ സാധാരണയായി പുനരധിവാസ–പുനഃസ്ഥാപന സംവിധാനങ്ങൾ കൂടി ലഭ്യമാക്കികൊണ്ടാണ് നടപടികൾ പൂർത്തിയാക്കുന്നത്. ഇതിന് പദ്ധതിയുടെ നിർവ്വഹണ വകുപ്പ്, ഭൂമിയേറ്റെടുക്കലിന് ഉത്തരവാദപ്പെട്ട വകുപ്പ് / അധികാരികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ചുമതലകൾ നിഷ്കർഷിച്ചിട്ടുണ്ട്. ആഘാത ദൂരീകരണ നടപടികൾ ഏറ്റെടുക്കാൻ സാങ്കേതിക സഹായം ഉൾപ്പെടെയുള്ള ശേഷി മുകളിൽ വിവരിച്ച വിവിധ സ്ഥാപനങ്ങൾക്ക് ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

8.4 ഓരോ പ്രവർത്തനത്തിനും ആവശ്യമായ അനുയോജ്യ സമയക്രമം

പുനരധിവാസ–പുനഃസ്ഥാപന പാക്കേജിനെ ബാധിത സമൂഹത്തിനുണ്ടാകുന്ന പ്രത്യക്ഷ ആഘാതങ്ങൾക്കുള്ള ദൂരീകരണ നടപടികളായി കാണാവുന്നതാണ്. ഇതിന് നിയമം/ ചട്ടങ്ങളിൽ തന്നെ സമയക്രമം പരാമർശിക്കുകയും ചെയ്തിട്ടുണ്ട്.

അദ്ധ്യായം 9

സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി ബഡ്ജറ്റും, ലഘൂകരണത്തിനുള്ള ധനസഹായ പദ്ധതിയും

പദ്ധതിയ്ക്ക് വേണ്ട ഭൂമി പൊന്നും വിലക്കെടുക്കുന്നതിനാവശ്യമായ ചെല വിനോടൊപ്പം ബാധിത കുടുംബങ്ങൾക്കുണ്ടാകുന്ന ആഘാതങ്ങൾ ദൂരീകരിക്കു ന്നതിന് നിയമ /നയ രൂപീകരണ പ്രകാരമുള്ള നടപടികളുമായി ബന്ധപ്പെട്ട മുഴു വൻ ചെലവും അർത്ഥനാധികാരി/ഡെവലപ്പർ തന്നെ വഹിക്കേണ്ടതുണ്ട്. ഡെവല പ്പർ തയ്യാറാക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടിൽ ഈ വിഷയവും പരിഗണിക്കു കയെന്നതാണ് സാധാരണയായി നിലനിൽക്കുന്ന സാഹചര്യമെന്ന് വിലയിരുത്തു ന്നു.

9.1 പുനരധിവാസ – പുനഃസ്ഥാപന ചെലവുകൾ

ഒരു പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന സന്ദർഭങ്ങളിലെല്ലാം വിവിധ സ്വഭാവത്തിലുള്ള നഷ്ടപ്പെടലുകളാണ് ബാധിത സമൂഹത്തിന് ഉണ്ടാകുന്നത്. ഭൂമി നഷ്ടപ്പെടുക, ഭൂമിയും പാർപ്പിടവും ഭാഗികമായോ പൂർണ്ണമായോ നഷ്ടപ്പെടുക, ഭൂമിയും തൊഴിൽ സ്ഥാപനവും നഷ്ടപ്പെടുക, ഭൂമിയൂം വാടകക്ക് നൽകിയിട്ടുള്ള പാർപ്പിട/കച്ചവട ഉപയോഗത്തിലുള്ള കെട്ടിടവും നഷ്ടപ്പെടുക, കൃഷി സ്ഥലം നഷ്ടപ്പെടുക, പൊതുസ്ഥലങ്ങളിൽ നടത്തി വരുന്ന തൊഴിൽ സംരംഭം നഷ്ടപ്പെ ടുക തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് രണ്ടാം പട്ടികയായി നിയമത്തിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടുതൽ ആനുകൂല്യങ്ങൾ ഇക്കാര്യത്തിൽ പ്രദാനം ചെയ്ത് കൊണ്ട് സംസ്ഥാന സർക്കാർ ഒരുനയ രൂപീകരണവും നടത്തിയിട്ടുണ്ട്.

നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പാർപ്പിട കെട്ടിടങ്ങളേയോ കച്ചവട സ്ഥാപന ങ്ങളേയോ പൊതു ആസ്തിയേയോ പൂർണമായി ദോഷപ്പെടുത്തുന്ന/ബാധിക്കു ന്ന സാഹചര്യമില്ല. എന്നാൽ ഭാഗികമായി ബാധിക്കുന്ന പാർപ്പിട കെട്ടിടത്തേയും കച്ചവട/സ്വയം തൊഴിൽ സ്ഥാപനങ്ങളേയും സംബന്ധിച്ച് ഏറ്റെടുക്കലിന് ശേഷം അവശേഷിക്കുന്ന ഭാഗം ഉപയോഗപ്പെടുത്തി കൊണ്ട് താമസം/ പ്രവർത്തനം തുട രാൻ കഴിയുമോയെന്ന സംഗതി അന്തിമമായി തീരുമാനിക്കേണ്ടത് ബന്ധപ്പെട്ട ഉടമ/കൈവശക്കാരൻ/കുടുംബമാണ്. അതിനാൽ പുനരധിവാസത്തിന്റെ പരിധി യിൽ വരാവുന്ന കേസുകളെ സംബന്ധിച്ച കൃത്യത വരുത്താൻ കഴിയുന്നില്ല. പഠന സംഘത്തിന്റെ പരിശോധനയിൽ പാർപ്പിട കെട്ടിടത്തിൽ നിന്ന് ഒരു കുടും ബത്തിനും, കച്ചവട/ സ്വയം തൊഴിൽ സ്ഥാപനങ്ങളിൽ 02 എണ്ണത്തിനും സ്ഥാന ഭ്യംശം ഉണ്ടാകാനുള്ള സാധ്യതയുള്ളതായി വിലയിരുത്തുന്നുണ്ട്.

മേൽ വിവരിച്ചത് പ്രകാരമുള്ള പുനരധിവാസ പുനഃസ്ഥാപനത്തിന് /ആഘാത ദൂരികരണത്തിനുണ്ടാകുന്ന ചെലവ് താഴെ വിവരിക്കും പ്രകാര മാണെന്ന് കാണുന്നു. നിയമസാധുതയുള്ള രേഖകളുടെ അടിസ്ഥാനത്തിലും, സാങ്കേതിക വശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും മാത്രമേ ഇക്കാര്യത്തിൽ കൃത്യത വരുത്താൻ കഴിയുകയുള്ളുവെന്നും നിരീക്ഷിക്കുന്നുണ്ട്.

ആഘാതത്തിന്റെ സ്വഭാവം	പുനരധിവാസ പുനഃസ്ഥാപനത്തിന്റെ സ്വഭാവം	ചെലവ്(ലക്ഷം)	അർഹമായ കുടുംബങ്ങളുടെ എണ്ണം	ആകെ (ലക്ഷം)
പാർപ്പിട കെട്ടിടത്തിൽ നിന്നുള്ള ഒഴിപ്പിക്കൽ	സാമ്പത്തിക സഹായം	വീട് – 3.0 പുനഃസ്ഥാപന ചെലവ്– 0.50 ,, സാധനങ്ങൾ മാറ്റുന്നതി നുള്ള ചെലവ് 0.50 ,, ഉപജീവന ഗ്രാന്റ് 0.60 ,,	01	04.60
കച്ചവട/ സ്വയം തൊഴിൽ സ്ഥാപനങ്ങളുടെ സ്ഥാനഭ്രംശം	സാമ്പത്തിക സഹായം	0.50 ,,	02	01.00
പൊതുസ്ഥലങ്ങളിലെ പെട്ടികടകളുടെ സ്ഥാനഭ്രംശം	,,	0.30 ,,	02	00.60

9.2 വാർഷിക ബഡ്ജറ്റും പ്രവർത്തന പദ്ധതിയും

ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിനോടൊപ്പം സാമൂഹിക പ്രത്യാഘാത ദൂരീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവും ഡെവലപ്പർ തന്നെയാണ് വഹിക്കേണ്ടി വരുന്നത്. ഇതിലേയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാണോയെന്ന് ഡെവലപ്പറിൽ നിന്ന് അറിയാൻ കഴിഞ്ഞിട്ടില്ല.

9.3 ഇനം തിരിച്ചുള്ള സാമ്പത്തിക സ്രോതസ്സ്

ഈ തരത്തിലുള്ള വിവരങ്ങൾ ഡവലപ്പറിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

അദ്ധ്യായം 10
സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി മേൽനോട്ടവും വിലയിരുത്തലും

ഏറ്റെടുക്കുന്ന ഭൂമിയുടെ ഉപയോഗം/ ഉദ്ദേശം, വിസ്തൃതി, സവിശേഷതകൾ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി, ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്കായി അധികാര സ്ഥാനങ്ങളെ നിശ്ചയിച്ചിട്ടുണ്ട്. ബാധിത സമൂഹത്തിലുണ്ടാകുന്ന വിവി ധതരം ആഘാതങ്ങൾ ദൂരീകരിക്കുന്നതിനുള്ള പ്രധാന ആശ്വാസ നടപടികളായ പുനരധിവാസവും – പുനഃസ്ഥാപനവും പ്രാവർത്തികമാക്കുന്നതിന് ഉത്തരവാദികളായ അധികാരസ്ഥാനങ്ങളേയും പരാതി പരിഹാര അതോറിട്ടികളേയും നിയമത്തിൽ തന്നെ വിവക്ഷിക്കുന്നുണ്ട്.

43–ാം വകുപ്പ് അനുസരിച്ച് നിശ്ചിത പദവിയിലുള്ള ഒരു ഓഫീസറെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി നിയമിക്കേണ്ടതുണ്ട്. കൂടാതെ 44–ാം വകുപ്പ് പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമായിട്ടുള്ള കമ്മീഷണർ എന്ന പദവിയിൽ മറ്റൊരു ഓഫീസറെ കൂടി നിയമിക്കേണ്ടതുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് ലാൻഡ് റവന്യൂ കമ്മിഷണറെ പുനരധിവാസ–പുനഃസ്ഥാപന കമ്മീഷണറായും, ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറിനെ അതാത് ജില്ലകളുമായി ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്ററായും സർക്കാർ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടി അധികാരസ്ഥാനങ്ങൾക്കാണ് പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് കുറ്റമറ്റ രീതിയിലും സമയബന്ധിതമായും പ്രാവർത്തികമാക്കേണ്ടതിന്റെ ഉത്തരവാദിത്വം നിയമം നൽകിയിട്ടുള്ളത്. ജില്ലാകളക്ടറിനും, പൊന്നുംവില ഓഫീസർക്കും ഇക്കാര്യത്തിൽ ചുമതലകൾ നിർവ്വഹിയ്ക്കാനുണ്ടെന്നും ബോദ്ധ്യപ്പെടുന്നുണ്ട്.

കൂടാതെ 100 ഏക്കറോ അതിൽ കുടുതലോ ഭൂമി ഏറ്റെടുക്കേണ്ടിവരുന്ന കേസുകളിൽ പുനരധിവാസ–പുനഃസ്ഥാപന നടപടികളുടെ മേൽ നോട്ടത്തിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ഒരു കമ്മറ്റി രൂപീകരിക്കേണ്ടതുണ്ടെന്ന് 45–ാം വകുപ്പിൽ അനുശാസിക്കുന്നുണ്ട്. ഇതിന് പുറമേ ദേശിയ, അന്തർ സംസ്ഥാന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ആവശ്യമാണെന്ന് തോന്നുന്നപക്ഷം കേന്ദ്ര സർക്കാരിന്, പുനരധിവാസ പുനഃസ്ഥാപന നടപടികൾ അവലോകനം നടത്തുന്നതിനും മേൽ നോട്ടത്തിനുമായി ഒരു ദേശീയ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാമെന്ന് സെക്ഷൻ 48 –ൽ പ്രതിപാദിച്ചിട്ടുണ്ട്. സെക്ഷൻ 50–ലെ വ്യവസ്ഥ പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പ്രത്യേക സ്കീമിന്റെയോ/ പ്ലാനിന്റേയോ നടപ്പിലാക്കൽ അവലോകനം ചെയ്യുന്നതിനും, മേൽനോട്ടത്തിനുമായി സംസ്ഥാന മോണിറ്ററിംഗ് കമ്മറ്റിക്ക് സർക്കാർ രൂപം നൽകേണ്ടതുണ്ട്. ഇവയ്ക്ക് പുറമേ ഭൂമി ഏറ്റെടുക്കൽ, നഷ്ടപരിഹാരം നൽകൽ, പുനരധിവാസ– പുനഃസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തർക്കങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനു വേണ്ടി, **"ഭൂമി ഏറ്റെടുക്കലിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അതോറിട്ടി"** എന്നറിയപ്പെടുന്ന ഒന്നോ അതിലധികമോ അധികാരകേന്ദ്രങ്ങളെ, വിജ്ഞാപനം മുഖേന രൂപം നൽകാവുന്നതാണെന്ന് സെക്ഷൻ 51 –ൽ നിർദ്ദേശിക്കുകയും ചെയ്യുന്നു.

മുകളിൽ വിവരിച്ച സംവിധാനങ്ങൾ പ്രകാരം ബാധിത/ കുടിയിറക്കപ്പെടുന്ന സമൂഹത്തിന്റെ എല്ലാവിധ ആശങ്കകൾക്കും ആഘാതങ്ങൾക്കും പരിഹാര മാർഗ്ഗങ്ങളും അവ പ്രാവർത്തികമാക്കുന്ന കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതിന് ഒന്നിലധികം അധികാരകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും കാണുന്നു.

10.1 നിരീക്ഷണവും, മൂല്യനിർണയവും–പ്രധാന സൂചികകൾ

ബാധിത കുടുംബങ്ങൾക്കുണ്ടാകുന്ന ആഘാതങ്ങൾക്കുള്ള ദൂരീകരണ പ്രവർത്തനങ്ങളായ പുനരധിവാസ–പുനഃസ്ഥാപന പാക്കേജ് സമയ ബന്ധിതമായി പ്രാവർത്തികമാക്കേണ്ടതിന്റെ ഉത്തരവാദിത്വം വിവിധ അധികാര സ്ഥാനങ്ങളായ പൊന്നുംവില ആഫീസർ, അഡ്മിനിസ്ട്രേറ്റർ, ജില്ലാകളക്ടർ, കമ്മീഷണർ തുടങ്ങിയവരിൽ നിക്ഷിപ്തമാണെന്നാണ് നിയമം വിവക്ഷിക്കുന്നത്. തുടർച്ചയായ

നിരീക്ഷണ– മൂല്യനിർണയ പ്രക്രിയയിലുടെ ടി അധികാര സ്ഥാനങ്ങളും മുൻ ഖണ്ഡികയിൽ വിവരിച്ചത് പ്രകാരമുള്ള വിവിധ അതോറിട്ടികളും കൂടി ചേർന്ന് ആശ്വാസ നടപടികൾ കുറ്റമറ്റ രീതിയിൽ പ്രാവർത്തികമാക്കാവുന്നതാണെന്നും ബോദ്ധ്യപ്പെടുന്നുണ്ട്.

10.2 റിപ്പോർട്ടിംഗ് സംവിധാനവും നിരീക്ഷണ കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കൽ അധികാരി (ലാൻഡ് അക്വിസിഷൻ ഓഫീസർ), ഡെവലപ്പർ (അർത്ഥനാധികാരി), തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവരാണ് ബാധിത പ്രദേശവും പുനസ്ഥാപന പ്രദേശവുമായി നേരിട്ട് ബന്ധപ്പെടേണ്ടി വരുന്നത്. അതിനാൽ ഈ വിഷയത്തിൽ പ്രദേശത്തുണ്ടാകുന്ന ചെറിയ ഒരു ചലനം പോലും മനസ്സിലാക്കി ബന്ധപ്പെട്ടവരെ അറിയിയ്ക്കാനുള്ള അവസരം ലഭിക്കുന്നത് ഇവർക്കാണെന്ന് കാണേണ്ടി വരുന്നുണ്ട്. നിരീക്ഷണ കർത്തവ്യങ്ങൾക്കായി വിവിധ അതോറിട്ടി / അധികാര സ്ഥാപനങ്ങൾക്ക് നിയമത്തിൽ ഉത്തരവാദിത്വം നൽകിയിട്ടുള്ളതും അത് സംബന്ധിച്ച് ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ തന്നെ വിവരിച്ചിട്ടുള്ളതുമാണ്.

അദ്ധ്യായം 11

ചെലവുകളുടേയും നേട്ടങ്ങളുടേയും വിശകലനവും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ശുപാർശയും

നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിക്കുന്നതു പോലെ, പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ചും തൽപ്പര കക്ഷികളുമായി സംവദിച്ചും വിവരാധിഷ്ടിത അഭിമുഖങ്ങളിൽ ഏർപ്പെട്ട് കൊണ്ടും ഗുണപരവും പരിമാണപരവുമായ വിവരങ്ങളുടെ ഒരു സജ്ഞയം തന്നെ ശേഖരിച്ചിരുന്നു. സമഗ്രവും ഉദ്ദേശാധിഷ്ടിതവുമായ രീതിയിൽ പ്രസ്തുത വിവരങ്ങളെ അപഗ്രഥിച്ചാണ് പഠന റിപ്പോർട്ട് തയ്യാറാക്കുന്നത്. മറ്റ് വിഷയങ്ങളോടൊപ്പം തന്നെ പഠന സംഘം ഗൗരവമായി പരിഗണിച്ചിരുന്ന സംഗതികളും നിരീക്ഷണങ്ങളും കൃത്യതയ്ക്കായി താഴെ വിവരിക്കുന്നു.

1. ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂമി പൊതു ആവശ്യം നിറവേറ്റാൻ ഉപയുക്തമാണോ?
2. പൊതു ആവശ്യത്തിനുവേണ്ട ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമിയാണോ ഏറ്റെടുക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്?
3. പദ്ധതിയ്ക്കുവേണ്ടി ഇതര സ്ഥലങ്ങൾ പരിഗണിക്കുകയും അവ ഉപയുക്തമല്ലായെന്ന് കണ്ടെത്തുകയും ചെയ്തിരുന്നോ?
4. പദ്ധതി കൊണ്ടുള്ള മൊത്തം നേട്ടങ്ങൾ, സ്ഥാനഭ്രംശം സംഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങളേയും ചെലവിനേയും മറികടക്കുന്നുണ്ടോ?
5. ഏതെങ്കിലും പൊതുസ്ഥലമോ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലമോ പദ്ധതിക്ക് ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതയും അപ്രകാരത്തിലുള്ള ഭൂമി ഡെവലപ്പറുടെ കൈവശത്തിലാണോയെന്ന വസ്തുതയും?

ഈ വിഷയങ്ങളിൽ പഠന സംഘം എത്തി ചേർന്നിരുന്ന നിരീക്ഷണങ്ങളും അഭിപ്രായങ്ങളും മുൻ അദ്ധ്യായങ്ങളിലെ ബന്ധപ്പെട്ട ഭാഗങ്ങളിൽ വിശദമായി തന്നെ വിവരിച്ചിട്ടുണ്ട്. അവയുടെ സംഗ്രഹം താഴെ ചേർക്കുന്നു.

ക്രമനമ്പർ–1

വരന്തരപ്പിള്ളി വില്ലേജിൽപ്പെട്ട പള്ളിക്കുന്ന്–ചിമ്മിനി ഡാം റോഡ് വികസനത്തിന് വേണ്ടിയാണ് ഭൂമിയേറ്റെടുക്കൽ ആവശ്യമായി വരുന്നത്. നിരവധി പാർപ്പിട കെട്ടിടങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന പ്രദേശമായതിനാൽ വളരെയധികം ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന റോഡാണിതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ചിമ്മിനി ഡാമിന്റെ സാന്നിദ്ധ്യം കൊണ്ട് ടൂറിസം മേഖലയായി മാറിയിട്ടുള്ള പ്രദേശമായതിനാലും, റോഡ് വികസനമെന്നത് അടിസ്ഥാന സൗകര്യ വികസനത്തിന്റെ പട്ടികയിൽ ഏറെ പ്രാധാന്യത്തോടെ സ്ഥാനം പിടിക്കുന്ന വിഷയമായതിനാലും, ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ള ഭൂവിഭാഗങ്ങൾ ഒരു പൊതു ആവശ്യം നിറവേറ്റാൻ ഉപയുക്തമാണെന്ന് തന്നെ പഠന സംഘം വിലയിരുത്തുന്നുണ്ട്.

ക്രമനമ്പർ–2

നിർദ്ദിഷ്ട പദ്ധതി മുഖേന വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള റോഡിന് നിലവിൽ 06 മുതൽ 08 മീറ്റർ വരെ വീതിയാണുള്ളത്. ഇത് വാഹനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് മതിയായ അളവിനേക്കാൾ കുറവാണ്. 10 മീറ്റർ വീതിയിൽ വികസിപ്പിയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നാണ് ഡെവലപ്പറുടെ പ്രതിനിധി നേരിൽ അറിയിച്ചിട്ടുള്ളത്. ഇതിലേക്ക് വേണ്ടി ഉദ്ദേശം 0.20 മുതൽ 2 മീറ്റർ വരെ വീതിയിൽ റോഡിന്റെ രണ്ട് വശങ്ങളിൽ നിന്നായി ഭൂമി ഏറ്റെടുക്കുന്ന തരത്തിലാണ് അലൈൻമെന്റ് സ്ഥാപിച്ചിരിക്കുന്നത്. ഈ സാഹചര്യം പരിഗണിക്കുമ്പോൾ പൊതു ആവശ്യം നിറവേറ്റാൻ വേണ്ട ചുരുങ്ങിയ വിസ്തീർണ്ണം ഭൂമിയാണ് ഏറ്റെടുക്കാൻ ശുപാർശ ചെയ്തിട്ടുള്ളതെന്ന് നിരീക്ഷിക്കുന്നുണ്ട്.

ക്രമനമ്പർ–3

റോഡിന്റെ ഇരുവശത്ത് നിന്നുമുള്ള ഭൂമി ഉപയോഗപ്പെടുത്തി കൊണ്ടാണ് സാധാരണയായി റോഡ് വികസനം യാഥാർത്ഥ്യമാക്കുന്നത്. ഈ കേസിലും നിലവിലുള്ള റോഡിന്റെ രണ്ട് വശത്തുനിന്നുള്ള ഭൂമി ഏറ്റെടുത്ത് കൊണ്ട് റോഡ് വികസിപ്പിക്കുന്ന തരത്തിലാണ് ഡെവലപ്പർ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ റോഡ് വികസനത്തിൽ ഇതര സ്ഥലങ്ങളുടെ പരിഗണനയ്ക്ക് വലിയ പ്രസക്തി ഉള്ളതായി പഠനം സംഘം വിലയിരുത്തുന്നില്ല.

ക്രമനമ്പർ–4

പദ്ധതി പ്രകാരമുള്ള റോഡ് വികസനം പ്രദേശവാസികൾക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഒരു അടിസ്ഥന സൗകര്യ വികസനമായി നിരീക്ഷിക്കുന്നു. റോഡിന്റെ ഇരുവശത്ത് നിന്നുമായി ഏകദേശം തുല്യമായി തന്നെ ഭൂമിയേറ്റെടുക്കുന്നതിനാൽ പാർപ്പിട കെട്ടിടത്തിനേയും, കച്ചവട സ്ഥാപനങ്ങളേയും മറ്റ് ആസ്തികളേയും ഭാഗികമായി മാത്രം ദോഷപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഒരു പാർപ്പിട കെട്ടിടത്തിനും ഏതാനും കച്ചവട/സ്വയം തൊഴിൽ സംരംഭങ്ങൾക്കുമാണ് പ്രധാനമായും സ്ഥാനഭ്രംശം സംഭവിയ്ക്കാൻ സാധ്യതയുള

ളതായി വിലയിരുത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ പദ്ധതി കൊണ്ടുള്ള നേട്ട ങ്ങൾ, സ്ഥാനഭ്രംശം സംഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ട പ്രത്യഘാതങ്ങളേയും ചെലവിനേയും മറികടക്കുന്നതായിട്ടേ നിരീക്ഷിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

ക്രമനമ്പർ–5

പദ്ധതിയ്ക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള പൊതു സ്ഥലമോ ഉപയോഗിയ്ക്കാതെ കിടക്കുന്ന സ്ഥലമോ പ്രദേശത്ത് ലഭ്യമല്ലയെന്ന് പഠന സംഘം നിരീക്ഷിച്ചിട്ടുണ്ട്. നിലവിലെ റോഡും, റോഡ് പുറമ്പോക്കുമാണ് റോഡ് വികസനത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്ന പൊതു സ്ഥലമായി കാണാൻ കഴിയുന്നത്. അവ ഉപയോഗപ്പെടുത്തി കൊണ്ടാണ് പദ്ധതി യാഥാർത്ഥ്യ മാക്കുന്നതെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>അഭിപ്രായം/ശുപാർശ</u>

ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂമി പദ്ധതി ആവശ്യത്തിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ അളവിലാണെന്നും, പദ്ധതി ലക്ഷ്യം സാക്ഷാ ത്കരിക്കുന്നതിനാവശ്യമായ ഭൂമി ഡെവലപ്പറുടെ കൈവശത്തിൽ ഇല്ലാ യെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതി പ്രദേശവാസികൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതായിട്ടാണ് പഠന സംഘത്തിന് വിലയിരുത്താൻ കഴി ഞ്ഞിട്ടുള്ളത്. പദ്ധതിയ്ക്ക് വേണ്ടി ശുപാർശ ചെയ്തിട്ടുള്ള ഭൂമിയേറ്റെടു ക്കൽ താരതമ്യേന കുറഞ്ഞ തരത്തിലുള്ള ആഘാതങ്ങളാണ് പ്രദേശത്ത് സൃഷ്ടിക്കാൻ സാധ്യതയുള്ളത്. ചമയങ്ങളുടെ നഷ്ടപ്പെടലുകൾക്ക് ന്യായ മായതും, ഉടമകൾക്ക് സ്വീകാര്യവുമായ നഷ്ടപരിഹാരം നൽകി കൊണ്ടും, പുനരധിവാസ പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള ആശ്വാസ നടപടികൾ പ്രദാനം ചെയ്ത് കൊണ്ടും നിർദ്ദിഷ്ട ഭൂമിയേറ്റടുക്കലുമായി മുന്നോട്ട് പോകാമെന്ന് പ്രാഥമികമായി ശുപാർശ ചെയ്യുന്നു.

ബാധിത വ്യക്തികളേയും, അർത്ഥനാധികാരിയേയും പങ്കെടുപ്പിച്ച് കൊണ്ട് നടത്തുന്ന പൊതു ചർച്ചയിൽ/പൊതു വാദം കേൾക്കലിൽ ഉടലെടു ക്കുന്ന ആക്ഷേപങ്ങൾ / അഭിപ്രായങ്ങൾ, അവയ്ക്കുള്ള മറുപടികൾ തുട ങ്ങിയവ അവലോകനം ചെയ്ത് കൊണ്ട് പഠന സംഘത്തിന്റെ ശുപാർശ അന്തിമമാക്കുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

അനുബന്ധം-1

4(1) വിജ്ഞാപനം

© കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 13 Vol. XIII | തിരുവനന്തപുരം, ശനി Thiruvananthapuram, Saturday | 2024 നവംബർ 02 02nd November 2024 | 1200 തുലാം 17 17th Thulam 1200 | 1946 കാർത്തികം 11 11th Karthika 1946 | നമ്പർ No. 3504

ഫോറം നമ്പർ 4
(ചട്ടം 11(3) കാണുക)
വിജ്ഞാപനം

DCTSR/7606/2023-E5 *26 ഒക്ടോബർ 2024*

കേരളസർക്കാർ 04/09/2020 ലെ 1995-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 04/09/2020 ലെ സു.ഉ.(പി.) നമ്പർ 60/2020/ആർ.ഡി. വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 ലെ കേന്ദ്ര ആക്ട്, 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ തൃശ്ശൂർ (എൽ.എ.) കിഫ്ബി സ്പെഷൽതഹസിൽദാരെ നിയമിച്ചതിനാലും,

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് തൃശ്ശൂർ ജില്ല, ചാലക്കുടി താലൂക്ക്(മുൻപ് മുകുന്ദപുരം താലൂക്ക്), വരന്തരപ്പിള്ളി വില്ലേജിലെ പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ് വികസനത്തിനു വേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാകളക്ടർക്ക് ബോധ്യമാകുന്നതിനാലും,

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 കേന്ദ്ര ആക്ട് 30) 4-ാം വകുപ്പ് (1) ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാകളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ,

ഇപ്പോൾ തൻമൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ ഡയറക്ടർ, സെന്റർ ഫോർ ലാൻഡ് & സോഷ്യൽ സ്റ്റഡീസ്, പനങ്ങോട് എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യ പ്രത്യാഘാത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ 45 ദിവസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും 6 മാസത്തിനകം കൂടുവാൻ പാടുള്ളതല്ല.

പട്ടിക

ജില്ല: തൃശ്ശൂർ

താലൂക്ക്: ചാലക്കുടി

വില്ലേജ്: വരന്തരപ്പിള്ളി

(ഏകദേശ വിസ്തീർണ്ണമാണ് നല്കിയിരിക്കുന്നത്)

ക്രമ നമ്പർ	വില്ലേജ്	റീസർവ്വേ നം. / സബ് ഡിവിഷൻ നം.	വിവരണം (റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ തരം)	വിസ്തീർണ്ണം (ഹെക്ടറിൽ)
1	വരന്തരപ്പിള്ളി	30	പറമ്പ്	0.4000
2		31	പറമ്പ്	
3		33	പറമ്പ്	
4		36	പറമ്പ്	
5		38	നിലം	
6		40	പറമ്പ്	
7		46	നിലം	
8		48	നിലം	
9		49	നിലം	
10		50	പറമ്പ്	
11		75	പറമ്പ്	
12		77	പറമ്പ്	
13		78	പറമ്പ്	
14		80	നിലം	
15		90	പറമ്പ്	
16		91	നിലം	
17		94	പറമ്പ്	
18		95	നിലം	
19		96	പറമ്പ്	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്രമ നമ്പർ	വില്ലേജ്	റീസർവ്വേ നം. / സബ് ഡിവിഷൻ നം.	വിവരണം (റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ തരം)	വിസ്തീർണ്ണം (ഹെക്ടറിൽ)
20		97	പറമ്പ്	
21		98	പറമ്പ്	
22		141	പുറമ്പോക്ക്	
23		143	പറമ്പ് ,	
24	വരന്തരപ്പിള്ളി	148	പറമ്പ്	
25		149	പറമ്പ്	
26		162	പറമ്പ്	
27		173	നിലം	
28		178	പുറമ്പോക്ക്	
29		180	നിലം	
30		181	പുറമ്പോക്ക്	
31		182	നിലം	
32		183	നിലം	
33		189	പറമ്പ്	
34		190	പുറമ്പോക്ക്	
35		275	പറമ്പ്	
36		276	പറമ്പ്	
37		278	പറമ്പ്	
38		283	പറമ്പ്	
39		284	പറമ്പ്	
40		286	പറമ്പ്	
41		287	നിലം	
42		289	നിലം	
43		326	നിലം	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്രമ നമ്പർ	വില്ലേജ്	റീസർവ്വേ നം. / സബ് ഡിവിഷൻ നം.	വിവരണം (റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ തരം)	വിസ്തീർണ്ണം (ഹെക്ടറിൽ)
44		327	നിലം	
45		329	പറമ്പ്	
46		330	നിലം	
47	വരന്തരപ്പിള്ളി	331	നിലം	
48		413	പറമ്പ്	
49		414	പറമ്പ്	
50		416	നിലം	
51		418	പറമ്പ്	
52		419	പറമ്പ്	
53		432	പറമ്പ്	
54		435	പറമ്പ്	
55		436	നിലം	
56		437	നിലം	
57		438	നിലം	
58		441	നിലം	
59		442	നിലം	
60		445	നിലം	
61		446	നിലം	
62		447	പറമ്പ്	
63		469	പറമ്പ്	
64		472	പറമ്പ്	
65		473	നിലം	
66		633	നിലം	
67		636	പുരയിടം	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്രമ നമ്പർ	വില്ലേജ്	റീസർവ്വേ നം. / സബ് ഡിവിഷൻ നം.	വിവരണം (റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ തരം)	വിസ്തീർണ്ണം (ഹെക്ടറിൽ)
68		639	പുരയിടം	
69		764	പുരയിടം	
70	വരന്തരപ്പിള്ളി	765	പുരയിടം	
71		777	നിലം	
72		781	പുറമ്പോക്ക്	
73		787	പുരയിടം	
74		806	പുരയിടം	
75		817	പുറമ്പോക്ക്	
76		818	പുറമ്പോക്ക്	
77		819	പുറമ്പോക്ക്	
78		820	പുറമ്പോക്ക്	
79		821	പുറമ്പോക്ക്	
80		822	പുരയിടം	
81		825	പുരയിടം	
82		847	പുരയിടം	
83		905	തരിശ്	
84		907	തരിശ്	
85		908	തരിശ്	
86		909	തരിശ്	
87		945	തരിശ്	
88		946	പുറമ്പോക്ക്	
89		959	പുറമ്പോക്ക്	
90		962	തരിശ്	
91		1045	പുറമ്പോക്ക്	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്രമ നമ്പർ	വില്ലേജ്	റീസർവ്വേ നം. / സബ് ഡിവിഷൻ നം.	വിവരണം (റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ തരം)	വിസ്തീർണ്ണം (ഹെക്ടറിൽ)
92		1046	പുറമ്പോക്ക്	
93	വരന്തരപ്പിള്ളി	1065	തരിശ്	
94		1066	തരിശ്	
95		1067	തരിശ്	
ആകെ				0.40000

(ഒപ്പ്)
ജില്ലാകളക്ടർ, തൃശ്ശൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.11.02 07:41:39 +05:30

അനുബന്ധം-2

ബാധിത വ്യക്തികളുടേയും നഷ്ടപ്പെടുന്ന ആസ്തികളുടെയും വിവരം

ക്രമ നം.	പേര് മേൽവിലാസം	സർവെ നമ്പർ.	സബ് ഡിവി ഷൻ	തണ്ട പ്പേർ നമ്പർ	ബാധിക്കപ്പെടുന്ന ചമയങ്ങളുടെ വിവരം
1	മാത്യു സേവ്യർ പല്ലാട്ട്, വേലുപാടം	959	1/4	5072	ചുറ്റുമതിൽ (ഭാഗികം)
2	തങ്കച്ചൻ,മാതേ തോട്ടിൽ വേലുപാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
3	മേരി ഡേവിസ് വാടയിൽ, വേലുപാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
4	നെൽസൻ വാടയിൽ ഹൗസ്, വേലുപാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
5	ഖദീജ, മാനാംകുഴിയിൽ വേലുപാടം	--	--	കരം അട വില്ല	ചുറ്റുമതിൽ (ഭാഗികം)
6	കുരിയപ്പൻ നീരോളിപ്പാണൻ വേലുപാടം	--	--	--	ഇല്ല
7	അബ്ദുൾ ഖാദർ, അസീന,കണ്ണംതൊടി യിൽ ഹൗസ് വേലുപാടം	947	6/9	11023	കട (ഭാഗികം)
8	ഷംസുദീൻ അടുവണ്ണിഹൗസ് വേലുപാടം	947	6/1	15777	കട (ഭാഗികം)
9	സീനത്ത് ചാത്തൻചിറ, വേലുപാടം.	--	--	---	ഷീറ്റിട്ട വീട് (ഭാഗികം)
10	ഷംസുദീൻ,അനീസ മേച്ചേരിയിൽ വേലുപാടം.	947	4/6	15751	കട (ഭാഗികം)
11	ഖദീജ തൊട്ടിയിൽ,കാവു പാടം, വേലുപാടം.	--	--	--	ചുറ്റുമതിൽ, കട (ഭാഗികം)
12	അരവികുട്ടിഅസൻ കൊണ്ട് വായിൽ വേലുപാടം.	947	4/1	15750	ചുറ്റുമതിൽ (ഭാഗികം)
13	ശാന്തി, സെക്രട്ടറി വനിതാ കോ ഒപ്പറേ റ്റീവ് സൊസൈറ്റി	--	--	--	ചുറ്റുമതിൽ (ഭാഗികം)

14	സുന്ദരം കാഞ്ഞിര പറമ്പിൽ വേലുപാടം.	945	8	--	ചുറ്റുമതിൽ (ഭാഗികം)
15	മൈൻമുന കണ്ണംതൊടി വേലുപാടം.	36	1/56	8306	കട (ഭാഗികം)
16	ആഷിഫ് കൂട്ടിംഗൽ പറമ്പിൽ വേലുപാടം.	--	--	--	ഇല്ല
17	ത്രേസ്യ,നെല്ലിശ്ശേരി വേലുപാടം.	36	1/62	19032	ബേസ്മെന്റ് (ഭാഗികം)
18	ബാബു, നെല്ലിശ്ശേരി വേലുപാടം.	36	1/61	17682	,,
19	ജോർജ്, നെല്ലിശ്ശേരി വേലുപാടം.	36	1/37	7630	ഇല്ല
20	ഷിഹാബ്, കിളിയം മണ്ണിൽ വേലുപാടം.	945	20-2 21/2	18887	ചുറ്റുമതിൽ (ഭാഗികം)
21	ആലി കിളിയം മണ്ണിൽ വേലുപാടം.	945	20,21	18328	ചുറ്റുമതിൽ (ഭാഗികം)
22	വിജയൻ, കാരിയാടൻ വേലുപാടം.	945	26,27	1706 എ	ചുറ്റുമതിൽ (ഭാഗികം)
23	മുഹമ്മദ് ഇക്ബാൽ ധനൂജ വേലുപാടം.	--	--	--	ചുറ്റുമതിൽ (ഭാഗികം)
24	അഷറഫ് അരിപ്പുറം വേലുപാടം.	945	34	10279	കട (ഭാഗികം)
25	ശശീന്ദ്രൻ ചെറുമടത്തിൽ വേലുപാടം.	36	1/14	16578	കാർ ഷെഡ് (ഭാഗികം)
26	കാർത്ത്യായിനി പൂതംക്കുടി വേലുപാടം.	36	1	19	ചുറ്റുമതിൽ (ഭാഗികം)
27	മത്തായി ഉളിയാനി പുഴ വേലുപാടം.	--	--	--	ചുറ്റുമതിൽ (ഭാഗികം)
28	അഷറഫ്,ചാത്തൻചിറ വേലുപാടം.	--	--	--	ഇല്ല
29	ഗോപി കാരിയോടൻ വേലുപാടം.	--	--	--	കട (ഭാഗികം)
30	അരവിന്ദാക്ഷൻ അംബിക,തുളളി പറ മ്പിൽ, വേലുപാടം.	945	1/10, 54	10282	കട,ചുറ്റുമതിൽ (ഭാഗികം)
31	അബു,ഹാജിറ വൈദ്യൻ ഹൗസ് വേലുപാടം.	805	--	924	മൂന്ന് മുറി കടകൾ (ഭാഗികം)

32	സെന്റ് പീയൂസ് കോൺവെന്റ്, വേലുപാടം.	--	--	--	ചുറ്റുമതിൽ (ഭാഗികം)
33	സെന്റ് പീയൂസ് സ്കൂൾ, വേലുപാടം.	--	--	--	ചുറ്റുമതിൽ (ഭാഗികം)
34	പീയൂസ് തൊക്ക് പുറത്ത് പരീത് വേലുപാടം.	--	--	--	ഇല്ല
35	ഷെരീഫ് കൗരത്ത്,പാനിക്കോടൻ, വേലുപാടം.	805 46	-- 2	2979	ഇല്ല
36	മുഹമ്മദ് ബഷീർ തുപ്പിനക്കാട് വേലുപാടം.	34	2/2	2046	ചുറ്റുമതിൽ (ഭാഗികം)
37	രാജു, മടത്തോട്ടത്തിൽ വേലുപാടം.	--	–	--	കട (ഭാഗികം)
38	ചന്ദ്രൻ ഭൂതക്കുറ്റി വേലുപാടം.	34	2/4	6159	കട,വീട് (ഭാഗികം)
39	ഹംസ,കൊലക്കോടൻ ഹൗസ്,വേലുപാടം.	39	1	1297	ചുറ്റുമതിൽ (ഭാഗികം)
40	പീയുസ് തെക്കെടത്ത് ചുറ്റുമതിൽ	34	2/3	3308	ചുറ്റുമതിൽ (ഭാഗികം)
41	പൂക്കോടൻ അശോകൻ,പൂക്കോട് ഹൗസ് വേലുപാടം.	--	--	--	സൺഷെയ്ഡ്, ചുറ്റുമതിൽ (ഭാഗികം)
42	മഞ്ജു, മമ്മാസ് പ്രായലത്ത്, വേലുപാടം.	--	--	--	കട (ഭാഗികം)
43	വർഗ്ഗീസ് പൂഴിക്കുളം വേലുപാടം.	705	1	1474	ചുറ്റുമതിൽ കാർ ഷെഡ് (ഭാഗികം)
44	സജീവൻ വളപ്പിൽ വേലുപാടം.	--	--	--	കട,ചുറ്റുമതിൽ (ഭാഗികം)
45	അബ്ദുൾ റസാക്ക് കുണ്ടുവയൽ വേലുപാടം.	33	2	--	ചുറ്റുമതിൽ (ഭാഗികം)
46	ലത്തീഫ്, കളത്തിങ്കൽപ്പടി, വേലുപാടം.	--	--	--	ചുറ്റുമതിൽ (ഭാഗികം)
47	ഷീജ കുഞ്ഞിവീട്ടിൽ വേലുപാടം.	40	1/5	7988	ചുറ്റുമതിൽ (ഭാഗികം)
48	1സക്കീർ ഹുസൈൻ പാട്ടുകര വേലുപാടം.	31	1/3 1/2	16795	കട (ഭാഗികം)
49	ഗരീഷ്,പാറക്കൽ വേലുപാടം.	908 909	1 1	1206 ബി	ഇല്ല

50	അലി മേലേ പുരയിടത്ത് വേലുപാടം.	--	--	--	കട (ഭാഗികം)
51	പോൾ,വാഴക്കാല, വേലുപാടം.	--	--	--	കട (ഭാഗികം)
52	മേരി, വാടയിൽ വേലുപാടം.	--	--	---	ചുറ്റുമതിൽ
53	ജോർജ്,റോസ്ലി വയ്യാംക്കുളം, വേലുപാടം.	26 30 31	6 9,1/5	6447	ചുറ്റുമതിൽ (ഭാഗികം)
54	ദേവസ്യ,ത്രേസ്യ എരിഞ്ഞാംപ്പള്ളി വേലുപാടം.	--	--	കരം ഒടു ക്കില്ല	ചുറ്റുമതിൽ (ഭാഗികം)
55	ഷാജു,പുതുശ്ശേരി വേലുപാടം.	--	--	--	ചുറ്റുമതിൽ (ഭാഗികം)
56	അബ്ദുൾ സലാം ഒന്തുകിൽ വേലുപാടം.	--	--		ഇല്ല
57	ഇസ്മായിൽ മത്തികുത്ത് വേലുപാടം.	908	1/8	10077	ചുറ്റുമതിൽ (ഭാഗികം)
58	അബ്ദുൾ ലത്തിഫ് ചെട്ടിയാംതൊടി വേലുപാടം.	29	1,2	1131	ചുറ്റുമതിൽ (ഭാഗികം)
59	നബീസാ മുതൽപേർ ചങ്ങനാശേരി ഹൗസ് വേലുപാടം.	907	1/10	15044	ചുറ്റുമതിൽ (ഭാഗികം)
60	കുഞ്ഞ് മുഹമ്മദ് തോരൻപപ്പ വേലുപാടം.	--	--	--	ചുറ്റുമതിൽ (ഭാഗികം)
61	സെയ്ദ് മുഹമ്മദ് കാക്കശ്ശേരി വേലുപാടം.	907	3/2	15714	ചുറ്റുമതിൽ (ഭാഗികം)
62	ആൻസി ഡേവിസ് മാണിയക്കൽ വേലുപാടം.	--	--	--	ചുറ്റുമതിൽ (ഭാഗികം)
63	ജോസ്, വാഴക്കൽ വേലുപാടം.	--	--	--	ചുറ്റുമതിൽ (ഭാഗികം)
64	മേരി,ഷാജി കുണ്ട്കുളം വേലുപാടം.	215	5/1	1263	ചുറ്റുമതിൽ, (ഭാഗി കം),കിണർ
65	അൻവർ, കുമ്പള പറമ്പിൽ പൗണ്ട്, വേലുപാടം.	--	--	---	ടൈൽസ് തറ (ഭാഗികം)
66	ഹംസ,പുലേരി ഹൗസ് പൗണ്ട്, വേലുപാടം	1066	1/2	10057	കട (ഭാഗികം)
67	ജോയി,പാലുശ്ശേരി പള്ളിക്കുന്ന്	--	---	--	ചുറ്റുമതിൽ (ഭാഗികം)

68	വിൻസെന്റ്, തൈവളപ്പിൽ, പള്ളിക്കുന്ന്	469	2/5	2081	ചുറ്റുമതിൽ (ഭാഗികം)
69	പൊറിഞ്ചു, സിനിയോറ പള്ളിക്കുന്ന്	--	--	---	മൂന്ന് മുറി കട (ഭാഗികം)
70	ഉഷ മാത്യുണ്ണി ആറ്റിൻപുറം ഹൗസ് പള്ളിക്കുന്ന്	507 420	58,5	9815	നാല് മുറി കട (ഭാഗികം) ചുറ്റുമതിൽ
71	ജമീല,ചോമയിൽ വേലുപാടം	77	2/1	4083	ചുറ്റുമതിൽ (ഭാഗികം)
72	മോഹനൻ, കല്ല്പുള്ളി ഹൗസ് വേലുപാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
73	മനോജ്,കൂത്തോട്ടു ങ്കൽ ഹൗസ് വേലുപാടം	--	---	--	കട (ഭാഗികം)
74	ജീൻസൺ മുരിങ്ങത്ത് പറമ്പിൽ പള്ളുക്കുന്ന്	419	3,4,5	--	കട (ഭാഗികം)
75	ബാബു, വേലുത്തടത്തിൽ, വേലുപാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
76	ആന്റോ,എൽസി ഞെരിഞാംപ്പള്ളി വേലുപാടം	77	2/2	6104	ചുറ്റുമതിൽ (ഭാഗികം)
77	ജയകൃഷ്ണൻ കുറവത്ത് ഹൗസ് വേലുപാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
78	ഷാജു മാത്യു ഇടാട്ടുകാരൻ വേലുപാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
79	ഷിഹാബുദീൻ വേലുപാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
80	ആലിക്കുട്ടി ചെമ്പൻ വേലുപാടം	30	5,4	3976	തൂൺക്കട്ടി (ഭാഗികം)
81	തങ്കമ്മ,ഷീജ,ഷിജി, ഷിബു കുരുശ്ശേരി വേലുപാടം	30	2	1171	ചുറ്റുമതിൽ (ഭാഗികം)
82	ബീന, ജോസ് കോനിക്കര വേലുപാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
83	ഷിബു തൈവിളപ്പിൽ, മാടം വേലുപാടം	805	26	7412	ചുറ്റുമതിൽ (ഭാഗികം)
84	ആന്റോ,കുരിശ്ശേരി ഹൗസ് വേലുപാടം	--	--	---	ചുറ്റുമതിൽ (ഭാഗികം)
85	ജോർജ്, എടാട്ട്കര വേലുപാടം	29 30,31	12,7,1/6,4	6450	ചുറ്റുമതിൽ (ഭാഗികം)

86	ഹംസ, ഏളംപടിക്കൽ വേലുപാടം	908	1/1	10029	ചുറ്റുമതിൽ (ഭാഗികം)
87	പോൾ,കാപ്പിനി വീട് പള്ളിക്കുന്ന്	--	--	--	ചുറ്റുമതിൽ (ഭാഗികം)
88	പോൾ മഞ്ജലി പള്ളിക്കുന്ന്	--	--	--	ചുറ്റുമതിൽ (ഭാഗികം)
89	മേഴ്സി, മഞ്ജലി പള്ളിക്കുന്ന്	325 326	--	2015	ചുറ്റുമതിൽ (ഭാഗികം)
90	പോൾ,മുരിങ്ങത്ത് പറമ്പിൽ, പള്ളിക്കുന്ന്	435 436	3/1 1/1	2084	ചുറ്റുമതിൽ (ഭാഗികം)
91	റപ്പായി, മുരിങ്ങത്ത് പറമ്പിൽ, പള്ളിക്കുന്ന്	--	--	--	ചുറ്റുമതിൽ (ഭാഗികം)
92	ദേവസ്യക്കുട്ടി,തട്ടിൽ ഹൗസ്, പള്ളിക്കുന്ന്	436	1/2	3636	ചുറ്റുമതിൽ (ഭാഗികം)
93	സണ്ണി,ഇടാട്ട്കരൻ പള്ളിക്കുന്ന്	--	--	--	ചുറ്റുമതിൽ (ഭാഗികം)
94	ജോസ്, മഞ്ജലി പള്ളിക്കുന്ന്	294	4	8164	ചുറ്റുമതിൽ (ഭാഗികം)
95	സാജൻ,ആറ്റുപുറം പള്ളിക്കുന്ന്	--	--	--	ചുറ്റുമതിൽ (ഭാഗികം)
96	ഗോപി,തെക്കേയിൽ പിഷാരത്ത്, പള്ളിക്കുന്ന്	--	---	--	ചുറ്റുമതിൽ (ഭാഗികം)
97	രാധാമണി പള്ളിക്കുന്ന്	--	--	--	ചുറ്റുമതിൽ (ഭാഗികം)
98	പ്രസിഡന്റ്, ശി ഗോപാലകൃഷ്ണ,സ്വാമി ക്ഷേത്രം,വരന്തരപ്പിള്ളി	--	--	--	ആർച്ച്, പില്ലർ (ഭാഗികം)
99	ഡോ.ശ്യാമളൻ വരന്തരപ്പിള്ളി	--	--	--	ചുറ്റുമതിൽ (ഭാഗികം)
100	മുരളി,കോപ്പറമ്പിൽ വരന്തരപ്പിള്ളി	--	--	--	കെട്ടിടം (ഭാഗികം)
101	അനീഷ്, ചേറോടൻ വരന്തരപ്പിള്ളി	--	--	--	ചുറ്റുമതിൽ (ഭാഗികം)
102	ബാബു, കുളക്കാവ് വരന്തരപ്പിള്ളി	--	--	--	കെട്ടിടം (ഭാഗികം)
103	സെക്രട്ടറി സി, പി,എം ലോക്കൽ കമ്മറ്റി ഓഫീസ്	--	--	--	ചുറ്റുമതിൽ (ഭാഗികം)
104	സുകുമാരൻ ചേലുക്കാരൻ വരന്തരപ്പിള്ളി	--	--	---	ചുറ്റുമതിൽ (ഭാഗികം)
105	ആന്റോ വടക്കൻ പൗണ്ട് വേലുപ്പാടം	--	--	--	കട (ഭാഗികം)
106	ആന്റോ, വച്ചുപുരം വീട്, പൗണ്ട് വേലുപ്പാടം	--	--	--	കട (ഭാഗികം)
107	ബാബു കണ്ടംപ്പള്ളി പൗണ്ട് വേലുപ്പാടം	--	--	--	”

108	കരീം,തോട്ടുങ്കൽ വീട് പൗണ്ട് വേലുപ്പാടം	80	20,21,19	8461	മൂന്ന് മുറി കട (ഭാഗികം)
109	മോഹനൻ,കല്ലുപ്പിള്ളി പൗണ്ട് വേലുപ്പാടം	--	--	--	ചുറ്റുമതിൽ
110	മേരി, കുന്നംക്കുളം പൗണ്ട് വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
111	നൗഷാദ്,മേച്ചേരി പൗണ്ട് വേലുപ്പാടം	--	--	--	,,
112	ലിസിജോയി മഞ്ലി പള്ളിക്കുന്ന്	435	3-3	7703	ചുറ്റുമതിൽ (ഭാഗികം)
113	ഷിജു,വാച്ചക്കുളം പൗണ്ട് വേലുപ്പാടം	--	--	--	,,
114	ലോന, പുത്തൻ ചിറക്കാരൻ, പൗണ്ട് വേലുപ്പാടം	71	4-3	20545	,,
115	സലിം,ചോലയിൽ പൗണ്ട് വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
116	ജയശ്രി,കുറവത്ത് പൗണ്ട് വേലുപ്പാടം	--	--	--	,,
117	ആന്റു, നിരിഞ്ഞപ്പള്ളി യിൽ, പൗണ്ട് വേലുപ്പാടം	--	--	--	,,
118	ബാബു,തട്ടാരശ്ശേരി യിൽ, പൗണ്ട് വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
119	ജോസ്,കോന്നിക്കര പൗണ്ട് വേലുപ്പാടം	--	--	--	,,
120	മൊയ്തീൻ,വലിയക ത്ത്, പൗണ്ട് വേലുപ്പാടം	--	--	--	കട (ഭാഗികം)
121	രഞ്ജിത്ത് വളപ്പിൽ പൗണ്ട് വേലുപ്പാടം	--	--	--	ഇല്ല
122	ജിജി,മൂഴിക്കുളം പൗണ്ട് വേലുപ്പാടം	--	--	-	ചുറ്റുമതിൽ (ഭാഗികം)
123	കുമാർ,കുരിശ്ശേരി പൗണ്ട് വേലുപ്പാടം	--	--	--	,,
124	ജോർജ്,പാച്ചൻകുളം പൗണ്ട് വേലുപ്പാടം	--	--	--	,,
125	ഡേവിസ്, കുരിശ്ശേരി പൗണ്ട് വേലുപ്പാടം	--	--	--	,,
126	മുഹമ്മദ്,പാലോളി പൗണ്ട് വേലുപ്പാടം	--	--	--	ഇല്ല
127	ഉമ്മർ,മേലേപറമ്പിൽ പൗണ്ട് വേലുപ്പാടം	--	--	9---	കട (ഭാഗികം)
128	ജേക്കബ് കുരിശ്ശേരി പൗണ്ട് വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
129	സംജാത്, ചെങ്ങനക്കുന്ന് പൗണ്ട് വേലുപ്പാടം	--	--	--	ഇല്ല

130	ഔസേഫ്കുട്ടി, കുരിശ്ശേരി, പൗണ്ട് വേലുപ്പാടം	--	--	--	ഇല്ല
131	എഡുവിൻ, കുന്നംക്കുളം കുരിശ്ശേരി പൗണ്ട് വേലുപ്പാടം	--	--	--	കട (ഭാഗികം)
132	ബാബു,തുപ്പിനക്കാട് പൗണ്ട് വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
133	സെക്രട്ടറി,വേലുപ്പാടം ശ്രി ഭഗവതി ക്ഷേത്രം വേലുപ്പാടം	--	--	--	,,
134	ഗോപി,കുരിയാടൻ വേലുപ്പാടം	--	--	--	,,
135	അഷറഫ്,പുലിയാനി പ്പുഴ, വേലുപ്പാടം	--	--	--	,,
136	അബ്ദു, കാലംപ്പാനി ക്കൽ, വേലുപ്പാടം	--	--	--	ഇല്ല
137	ഷാജി,വച്ചാട്ട് വീട് വേലുപ്പാടം	--	-	--	,,
138	ഉമ്മർ,അരുമ്പത്തൊടി വേലുപ്പാടം	--	--	--	ഇല്ല
139	ഏലുക്കുട്ടി, വച്ചാട്ട് വീട് വേലുപ്പാടം	--	--	--	ഇല്ല
140	ഷുക്കൂർ,തെക്കെപ്പാടി വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
141	അഷറഫ്, മക്കരതൊടി വേലുപ്പാടം	--	--	--	ഇല്ല
142	അബ്ദുൾഖാദർ കണ്ണംത്തൊടി വേലുപ്പാടം	--	-	--	കട (ഭാഗികം)
143	സിറാജുദൂൻ മന്നംകുടിയിൽ വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
144	ജോൺസൻ,തോട്ടൻ പള്ളിക്കുന്ന്	--	--	--	,,
145	ബാബു, വേണാട്ട് പറ മ്പിൽ,പള്ളിക്കുന്ന്	--	--	--	കട (ഭാഗികം)
146	ചാപ്പോ,തെക്കോടൻ പള്ളിക്കുന്ന്	--	--	--	,,
147	ദേവസ്യ ആറ്റുപുറം പള്ളിക്കുന്ന്	--	--	--	കട (ഭാഗികം)
148	ജോയി, പള്ളി പ്പുറത്ത് കാരൻ പള്ളിക്കുന്ന്	--	--	--	,,
149	ഇട്ടപ്പൂ,മഞ്ജലി, പള്ളിക്കുന്ന്	--	--	--	,,
150	പൗലോസ്,തളിയപ്പറ മ്പൻ,പള്ളിക്കുന്ന്	--	--	--	ചുറ്റുമതിൽ (ഭാഗികം)

151	അന്നം,കുറുമ്പലായി പള്ളിക്കുന്ന്	--	--	--	,,
152	വിദ്യാസാഗർ കാഞ്ഞൂർ ഹൗസ് പള്ളിക്കുന്ന്	--	--	--	കട (ഭാഗികം)
153	ജോർജ്,ആറ്റുപുറം പള്ളിക്കുന്ന്	--	--	--	ഇല്ല
154	ബാലൻ,കല്ലുപ്പിള്ളി പള്ളിക്കുന്ന്	289	1/17	6764	ചുറ്റുമതിൽ (ഭാഗികം)
155	കണ്ണൻ,ആരങ്കൽ പള്ളിക്കുന്ന്	--	--	--	കട (ഭാഗികം)
156	സജുനിമ്മി, പാക്കാനിക്കൽ, പള്ളിക്കുന്ന്	--	--	--	ചുറ്റുമതിൽ (ഭാഗികം)
157	പോൾ ആലപ്പാട്ട് പള്ളിക്കുന്ന്	--	--	--	,,
158	പിലൻ,കുത്തൻചിറക്കാരൻ,പള്ളിക്കുന്ന്	--	--	--	,,
159	ജോണി,പായപ്പിള്ളിൽ പള്ളിക്കുന്ന്	--	--	--	,,
160	ആന്റണി, ചക്കിലക്കൽ, പള്ളിക്കുന്ന്	--	--	--	ഇല്ല
161	രാജൻ,വയ്യക്കാപറമ്പിൽ, പൗണ്ട് വേലുപ്പാടം	--	--	--	പടിക്കെട്ട്
162	മുഹമ്മദ്,ഇടപ്പള്ളി പൗണ്ട് വേലുപ്പാടം	--	--	--	കട (ഭാഗികം)
163	തോമസ്,കരളത്ത്കാരൻ, പൗണ്ട്	--	--	--	ചുറ്റുമതിൽ
164	പ്രെപ്രൈറ്റർ,മേച്ചേരി ആഡിറ്റോറിയം പൗണ്ട്, വേലുപ്പാടം	--	-	--	ടൈൽസ് തറ (ഭാഗികം)
165	ഐജോ,ആലപ്പാട്ട് പൗണ്ട്,വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
166	റോസ്ലി,പുത്തൻചിറക്കാരൻ, പൗണ്ട് വേലുപ്പാടം	--	--	--	,,
167	ജോസ് തട്ടിൽ പൗണ്ട്,വേലുപ്പാടം	--	--	--	,,
168	ഔസേഫ്,താഴത്തെ വീട്ടിൽ, പൗണ്ട് വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
169	ജോസഫ്, വാഴക്കൽ പൗണ്ട് ,വേലുപ്പാടം	--	--	--	,,
170	ഡേവിസ്,മാളിയേക്കൽ പൗണ്ട,വേലുപ്പാടം	--	---	--	,,
171	ജോസ്,പച്ചൻക്കുളം പൗണ്ട,വേലുപ്പാടം	--	--	--	,,
172	ഡേവിസ് കൊക്കോടൻ, പൗണ്ട് , വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)

173	ജാഫർ,ചങ്ങനാശ്ശേരി പൗണ്ട് ,വേലുപ്പാടം	--	--	4--	,,
174	കുഞ്ഞ് മുഹമ്മദ്, തൊറപ്പ് വീട് പൗണ്ട് ,വേലുപ്പാടം	--	--	--	,,
175	കുഞ്ഞോത്ത്, കുനത്തിൽ, പൗണ്ട് വേലുപ്പാടം	--	--	--	കട (ഭാഗികം)
176	സൈനു പൗണ്ട് ,വേലുപ്പാടം	--	--	--	ഇല്ല
177	ഇസ്മായിൽ മന്തിരിക്കുന്ന് പൗണ്ട് ,വേലുപ്പാടം	--	--	--	ചുറ്റു മതിൽ (ഭാഗികം)
178	ബൈജു,കറമ്പൻ പൗണ്ട് ,വേലുപ്പാടം	--	--	--	,,
179	ഹനീഫ,പാലോളി പൗണ്ട് ,വേലുപ്പാടം	--	--	--	,,
180	ഹാരീസ് ബാബു കേലംപ്പടിക്കൽ പൗണ്ട്, വേലുപ്പാടം	--	--	--	,,
181	ജോൺമേരി, വട്ടപറമ്പിൽ, പൗണ്ട്, വേലുപ്പാടം	--	--	--	,,
182	അലി, മേലേ പുരിയടത്ത്, പൗണ്ട്, വേലുപ്പാടം	--	--	--	ടൈൽസ് തറ (ഭാഗികം)
183	പീയൂസ്,തെക്കേടത്ത് പൗണ്ട്, വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
184	നബീസ, കളത്തിങ്കൽതൊടി പൗണ്ട്, വേലുപ്പാടം	--	--	--	,,
185	ഷീജാ സുരേന്ദ്രൻ, കുഞ്ഞ് വീട്ടിൽ പൗണ്ട്, വേലുപ്പാടം	--	--	--	,,
186	ഷിബു,തൈവളപ്പിൽ പൗണ്ട്, വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
187	വർഗ്ഗീസ്,മൂഴിക്കുളം പൗണ്ട്, വേലുപ്പാടം	--	--	--	,,
188	ഹംസ,കല്ലക്കോടൻ പൗണ്ട്, വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
189	ആന്റോ,തെക്കുംപുറം പൗണ്ട്, വേലുപ്പാടം	--	--	--	,,
190	ജോൺസൻ,മുളവളപ്പിൽ, പൗണ്ട്, വേലുപ്പാടം	--	--	--	കട (ഭാഗികം)
191	സെന്റ് പീയൂസ് ടെൻത് കോൺവെന്റ് വേലുപ്പാടം	--	--	--	ഇല്ല
192	ജോയി വർഗ്ഗീസ് മുട്ടത്ത്, പൗണ്ട്.	--	--	--	കട (ഭാഗികം)

193	ആലീസ്,നെല്ലിശ്ശേരി പൗണ്ട്, വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
194	നൗറൽ,തറയിൽ വീട് പൗണ്ട്, വേലുപ്പാടം	--	--	--	ഇല്ല
195	ശശിധരൻ,ചെറുമടത്തിൽ, പൗണ്ട്, വേലുപ്പാടം	--	--	--	കട (ഭാഗികം)
196	ബഷീറ,കുളിക്കൽ വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
197	ടെൻസൻ ഡേവിസ് വാടയിൽ, വേലുപ്പാടം	--	---	--	,,
198	മുഹമ്മദ് കണ്ടംത്തൊടി, വേലുപ്പാടം	--	--	--	,,
199	ജോൺസൻ നെല്ലിശ്ശേരി, വേലുപ്പാടം	--	--	--	ഇല്ല
200	അബ്ദു,കേളം പടിക്കൽ, പൗണ്ട്, വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
201	അന്ന,അറക്കൽ വേലുപ്പാടം	--	--	--	ഇല്ല
202	പാത്തുമ്മ,അമ്പല പൊയ്കയിൽ വേലുപ്പാടം	--	--	--	,,
203	ബേബി കല്ലേരി, വേലുപ്പാടം	--	--	--	,,
204	ഡേവിസ് വടക്കേതിൽ വേലുപ്പാടം	--	--	--	,,
205	ബാബു വേലിത്തടത്തിൽ, പൗണ്ട്, വേലുപ്പാടം	--	--	--	ചുറ്റുമതിൽ (ഭാഗികം)
206	ചാക്കോ അരഞ്ഞോലിക്കൽ വേലുപ്പാടം	--	--	--	ഇല്ല
207	ജോൺസൻ,ഉല്ലൂർക്കാരൻ, പൗണ്ട് വേലുപ്പാടം	817	2	1059	ഇരുനില കടമുറികൾ (ഭാഗികം)
208	മുഹമ്മദ് അൻസാർ, മതിലകത്ത്, പൗണ്ട് വേലുപ്പാടം	1066	3/1,1/5	10136	കടമുറി (ഭാഗികം)
209	ജോസ് അക്കര, പൗണ്ട്, വേലുപ്പാടം	--	--	--	,,
210	ജോയി മുതൽ പേർ ചിറ്റടി ഹൗസ് പൗണ്ട് ,വേലുപ്പാടം	കരം	അടവില്ല		,,
211	റസീയ,ചെമ്പോത്ത് പറമ്പിൽ, പൗണ്ട് വേലുപ്പാടം	79, 78	1/7, 1/8	4820	,,

അനുബന്ധം-3

പദ്ധതി സംബന്ധിച്ച വിവരങ്ങൾക്കായി ഡെവലപ്പർക്ക് നൽകിയിരുന്ന കത്ത്

CENTRE FOR LAND AND SOCIAL STUDIES

Reg.No.5059/2019

T.C-39/457, Pangode, Thirumala.P.O, Thiruvananthapuram-06

No.CLASS/LA/TSR/004/2020(6) Dated 05/12/2024

To

The Ex. Engineer,
Kerala Road Fund Board, PMU Division,
Ernakulam/Thrissur

Sir,

Sub: Land Acquisition-Development of Pallikkunnu-Chimmini Dam road - Chalakkudy taluk-SIA Study- details of the project called for- reg

Ref: 1.Procedings No.DCTSR/7606/2023-E5 dated 26/10/2024
2.Notification u/s 4(1) published in Extra Ordinary Gazette No 3504 dated 02/11/2024
3.This firm's letter of even No. dated 28/11/2024

This firm has been entrusted with the study of Social Impact Assessment pertaining to the acquisition of land for development of Pallikkunnu-Chimmini Dam Road. The study team has visited the proposed site with your representative on 03/12/2024 to ascertain the alignment of land under proposal of acquisition and to collect preliminary information. As a part of the study, a series of qualitative and quantitative information on various aspects will need be collected from different areas like scheduled site, its vicinity, families which are likely to be affected or benefitted, Requiring body, Land Acquisition Officer, Local body etc.

In the circumstance on the strength of the provisions in sub rules (2) and (8) of Rule 12 of the RFCTLARR Rules 2015, it is requested to your good self, being requiring body to make available information of the scheduled project in response to the following questionnaire on the basis of Detailed Project Report and allied records, which are required to incorporate and consider in the study report.

1. Aim or objective of the proposed project.
2. Total land requirement for the project including that proposed for acquisition.

Contact : *9497786008, 9495627964*
9447241691,9446029769

www.classtvpm.in
e-mail:classtvpm@gmail.com

3. Whether the extent of land proposed for acquisition is the absolute bare - minimum extent needed for the the project
4. Whether the land proposed for acquisition in the scheduled area is a demonstrable last resort.
5. Whether land at an alternate place has been considered and found not feasible for the project.
6. Whether any land is already purchased, leased or acquired by the requisitioning (Developer) body and the intended use for each plot required for the project.
7. Details of project size, location, outputs, cost and risk.
8. Details of phases involved in the implementation of proposed project.
9 Details of core design features, size and type of facilities pertaining to the said road development.
10. Need for ancillary infrastructure facilities for the road.
11. State applicable laws and policies in the proposed project
12. State background of the project including Developer's / Requiring Body's background and governance structure.
13. Whether any measures has stated in the detailed project report to be introduced in connection with Social Impact Management Plan.
14. Whether any measures to be undertaken in connection with the Social Impact Management Plan that committed by requiring body in the project report.
15 Annual budget plan of action and funding source with break up and requirement and availability of fund related to the project.
16 Whether any environment impact assessment study has been conducted and details of any technical feasibility reports.

The information are expected to be available either through hard copy or email at the earliest as specified in the said rule. (If any, queries, please feel free to dial 9446029769 -Project Director).

With regards,

Project Director.

Copy to 1.The District Collector Thrissur, for kind information and action under rule 12(2)
2. The Special Tahsildar, LA KIIFB Thrissur

SOCIAL IMPACT ASSESSMENT STUDY

Development of Pallikkunnu-Chimmini Dam Road

Chalakkudy Taluk

DRAFT REPORT

By

Centre For Land And Social Studies,
Pangode,Thirumala PO, Thiruvananthapuram.06